വേഷൻ വെൽഫയർ ആൻറ് അദർ ഫണ്ട് സിനെസംബന്ധിച്ച് ഫെഡറേഷൻ, കോ-ഓപ്പറേറീവ് സൊസൈറ്റി, മറ്റ് സ്ഥാപനങ്ങൾ എന്നിവയെ കൂടി ഉൾപ്പെടുത്തുന്നതിനാണ്, ക്ലാസ് 7, 15-ാം വകുപ്പിന്റെ ഭേദഗതിയായിട്ടാണ് ഉൾക്കൊള്ളിക്കുന്നത്; ഈ നിയമമനുസരിച്ചു വല്ല നടപടിയും എടുത്തിട്ടുണ്ടെങ്കിൽ അതിന് സംരക്ഷണം നൽകുന്ന ഭേദഗതിയാണ്. ഇപ്രകാരമുള്ള ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയും ആതുപ്രകാരം ഒൻപത് ഫാക്ടറികൾ എടുത്ത് കാപ്പെക്സ് എന്ന പേരിൽ ഒരു സ്ഥാപനം ഉണ്ടാക്കുകയും ചെയ്തു. സഹകരണമേഖലയിൽ കൂടുതൽ ഫാക്ടറികൾ എടുത്ത് തൊഴിലാളികളെ സഹായിക്കാനും അവർക്കുകൂടി പങ്കാളിത്തമുള്ള കശുവണ്ടി സഹകരണഫാക്ടറികൾ ആരംഭിക്കാനും ഉദ്ദേശിച്ചാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. 1974-ൽ പാസ്സാക്കിയ മൂലനിയമം പുതിയ ഓർഡിനൻസു വന്നതിനുശേഷം മാത്രമാണ് നടപ്പാക്കിക്കൊണ്ട് ഒൻപത് ഫാക്ടറികൾ ഗവൺമെൻറ് ഏറെടുത്തിട്ടുള്ളത്. ഇതുസംബന്ധിച്ച് വല്ല വിശദീകരണവും ആവശ്യമുണ്ടെങ്കിൽ ഞാൻ മറുപടി പ്രസംഗത്തിൽ പറയാം. ഇന്നലെ ഇതേപ്പറ്റി ചർച്ച ചെയ്തതാണ്. ആവർത്തനം ഒഴിവാക്കി കഴിയുന്ത്ര വേഗത്തിൽ എല്ലാവരും ചർച്ചചെയ്ത് സബ്ജക്ട് കമ്മിറ്റിയ്ക്ക് റഫർ ചെയ്യാൻ സഹായിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (ക) ഉപ ഖണ്ഡമനുസരിച്ചുള്ള പ്രമേയം

മി. സ്പീക്കർ: ശ്രീ. ആർ. എസ്. ഉണ്ണി നോട്ടീസ് നൽകിയിട്ടുള്ള, ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (ക) ഉപ ഖണ്ഡമനുസരിച്ചുള്ള, '1985-ലെ 69-ാം ഓർഡിനൻസ്—കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ഓർഡിനൻസ് നിരാകരിക്കണം' എന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്. ഇത്തരത്തിലുള്ള പ്രമേയം ചർച്ചചെയ്യാൻ സഭയ്ക്ക് കിട്ടുന്ന ആദ്യത്തെ അവസരമാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഇത് നല്ലൊരു കീഴ്വഴക്കമാണ്.

മി. സ്പീക്കർ: ചെയറിന് ഒരു 'സബ്മിഷൻ' ഉണ്ട്. ഇന്നലെ ഇതിനു സമാനമായ കശുവണ്ടിയെസംബന്ധിച്ച് ബിൽ ചർച്ചയ്ക്കെടുത്തു. 51 ആളുകളോളം സംസാരിക്കാനുണ്ടായിരുന്നിട്ട് കേവലം വളരെക്കുറച്ച്, പത്തോ പതിനൊന്നോ, ആളുകൾക്കാണ് സംസാരിക്കാൻ അവസരം കിട്ടിയത്. ഇന്നലെ സംസാരിക്കാൻ അവസരംകിട്ടിയ ബഹുമാനപ്പെട്ട മെമ്പർമാർ കഴിയുന്നതും അവരുടെ സംസാരം ചുരുക്കുകയോ സംസാരം ഒഴിവാക്കുകയോ ചെയ്യുന്നത് നല്ലതാണ്. അങ്ങനെ വരുന്നപക്ഷം കൂടുതൽ ആളുകൾക്ക് അവസരംകിട്ടും. ഈ പ്രശ്നം ബഹുമാനപ്പെട്ട അംഗങ്ങളുടെ മഹാമനസ്കതയ്ക്കു വിട്ടുതരികയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

"This House resolves to disapprove the Kerala Cashew Factories (Acquisition) Amendment Ordinance, 1985 (Ordinance No. 69 of 1985)."

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയൊരു പ്രമേയം അവതരിപ്പിക്കുന്നത് വളരെ ഖേദത്തോടുകൂടിയാണ്. മൂലനിയമം 1974-ലാണ് സഭ പാസ്സാക്കിയത്. ആ നിയമത്തിനു രൂപം നൽകാൻ അന്ന് സഭയേയും ഗവൺമെന്റിനേയും പ്രേരിപ്പിച്ച ചില സാഹചര്യങ്ങളുണ്ടായിരുന്നു. സർ, അങ്ങു പറഞ്ഞതുപോലെ ഞാൻ വളരെ ചുരുക്കി സംസാരിക്കുകയാണ്. പീഠികയിൽത്തന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിൽ പറയുന്നത്. "Whereas it is expedient, in the public interest to acquire certain cashew factories to prevent large-scale unemployment among the workers in the cashew industry and to provide employment to the workers who have been rendered unemployed and to secure to them just conditions of service;" എന്നാണ്, ധാരാളം ഫാക്ടറികൾ അന്ന് അടഞ്ഞുകിടന്നു. അതുമൂലം വ്യാപകമായ തൊഴിലില്ലായ്മ ഉണ്ടായി, ആ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് ആ ഫാക്ടറികൾ ഏറെടുത്തു നടത്താനുള്ള സംവിധാനം വേണം; അത് ഏറെടുത്ത് നടത്തണം: ന്യായമായ നിലയിൽ സേവനവ്യവസ്ഥകളുണ്ടാകണം; നിയമപ്രകാരവും ന്യായപ്രകാരവുമുള്ള സംവിധാനമുണ്ടാകണം; അതിനുവേണ്ടിയാണ് നിയമം കൊണ്ടുവന്നത്. ഏറെടുക്കുന്നതുസംബന്ധിച്ചുള്ള വ്യവസ്ഥയിൽ കാരണങ്ങൾ പറയുന്നുണ്ട്: ഒരു ഫാക്ടറി അടച്ചിട്ടു; തൊഴിലാളികൾ തൊഴിലില്ലാതെ തെരുവാധാരമായി നടക്കുന്നു—അങ്ങനെയുള്ള ഫാക്ടറികൾ ഏറെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതിന്റെ വിശദീകരണത്തിലേക്ക് ഞാൻ കടക്കുന്നില്ല. ആർഡർ ഓഫ് അക്വിസിഷന്റെ വ്യവസ്ഥ ഇങ്ങനെ പറയുന്നുണ്ട്:

"(1) The Government may, if they are satisfied

(a) that the occupier of a cashew factory does not conform to the provisions of law relating to safety conditions of service or fixation and payment of wages to the workers of the factory; or

(b) that raw cashewnuts allotted to a cashew factory by the Cashew Corporation of India are not being processed in the factory to which allotment has been made or that such nuts are being transferred to any other cashew factory; or

(c) that there has been large-scale unemployment, other than by way of lay off or retrenchment, of the workers of a cashew factory,"

അങ്ങനെയുള്ള സാഹചര്യത്തിൽ ഗസറ്റിൽ ആർഡർ പ്രസിദ്ധപ്പെടുത്തി ഫാക്ടറി അക്വയർ ചെയ്യാവുന്നതാണ്.

അതിനു പ്രേരകമായ സാഹചര്യങ്ങളൊക്കെ അന്ന് നിലവിലിരുന്നു. സാഹചര്യമെന്നുപറഞ്ഞാൽ, ഇന്നലെ റെക്വിസിഷനിംഗ് നിയമത്തെസംബന്ധിച്ച് പറഞ്ഞപ്പോഴേതന്നെ ഞാൻ സൂചിപ്പിച്ചു ഇത് സഹകാര്യമേഖലയെ നിയന്ത്രിച്ച് നടത്തേണ്ട ഒരു വ്യവസായമാണ്; ആ നിയന്ത്രണങ്ങളും ഗവൺമെന്റ് ഏർപ്പെടുത്തിയിരുന്നു. ഇംപോർട്ട് ചെയ്യുന്ന അസംസ്കൃത പദാർത്ഥം, കശുവണ്ടി, ഉപയോഗിച്ചു വ്യവസായം നടത്തുന്നതിനുള്ള ഫാക്ടറികൾ ഏതൊക്കെയെന്ന് ഗവൺമെന്റ് തിട്ടപ്പെടുത്തിയിരുന്നു. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഒരു ടീം ഓഫ് ആഫീസേഴ്സ് ഇവിടെ വന്നിരുന്നു. നമ്മുടെ ഗവൺമെന്റിന്റെ ഒരു ടീം ഓഫ് ആഫീസേഴ്സുമായി ചേർന്ന് അവർ ഈ വ്യവസായത്തിലുള്ള ആകെ ഫാക്ടറികൾ പരിശോധിച്ച് നിലനിറുത്തേണ്ട ഫാക്ടറി

LIBRARY ARCHIVES Kerala Legislative Assembly

കും ഏതൊക്കെ എന്ന് തീരുമാനിച്ചു 192 ഫാക്ടറികളാണ് നിലനിറുത്താവുന്ന ഫാക്ടറികളെന്നും, നടത്തേണ്ട ഫാക്ടറികളെന്നും അന്നു തീരുമാനിച്ചു. നടത്താൻ സാദ്ധ്യതയുള്ളതും നടത്തേണ്ടതുമായ ഫാക്ടറികളെ അത്രയാണ്. ആ ഫാക്ടറികൾക്ക്, അതിനൊപ്രവർത്തനത്തിന്, ചില ക്രമീകരണങ്ങളും നിയന്ത്രണങ്ങളും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും ആലോചിച്ചു തീരുമാനിച്ചു:—വ്യവസായത്തിന് ആവശ്യമായതേ തോട്ടങ്ങൾ ഇറക്കുമതിചെയ്യാം, കാനലൈസേഷൻ ഏർപ്പെടുത്താം; അങ്ങനെ ഇറക്കുമതി ചെയ്യുന്ന തോട്ടങ്ങൾക്ക് അവിടവിടെ ഫാക്ടറികളും നടത്തുന്നതിനുവേണ്ടി, തൊഴിലാളികളുടെ എണ്ണം കണക്കാക്കി, പ്രോസസിംഗ് കപ്പാസിറ്റി കണക്കാക്കി, കോട്ടാ നിശ്ചയിക്കും. അങ്ങനെ കോട്ട അനുസരിച്ച് കൊടുക്കുന്ന തോട്ടങ്ങൾ ഉപയോഗിച്ച് അവിടെയുള്ള തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കണം. അത് മാറ്റാറ്റാൻ പാടില്ല. അങ്ങനെ ജോലിചെയ്യിക്കുമ്പോൾ തൊഴിലാളികൾക്ക് ഈ വ്യവസായത്തിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മിനിമം വേജസ് കൊടുക്കണം, മറ്റ് നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും കൊടുക്കണം; വ്യവസായത്തിൽ കാലാകാലങ്ങളിലെടുക്കുന്ന പൊതുവായ തീരുമാനങ്ങളും നടപ്പിലാക്കണം. അങ്ങനെ നടപ്പിലാക്കുന്നില്ലെന്നുണ്ടെങ്കിൽ ആ ഫാക്ടറികളും ഏറ്റെടുക്കണം. ഇതാണ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണവും ക്രമീകരണവും. അതനുസരിച്ചുള്ള ഇംപോർട്ട് കാനലൈസേഷൻവന്നു; കോട്ടാസമ്പ്രദായം വന്നു; ഫാക്ടറികളും പ്രവർത്തിച്ചുതുടങ്ങി. ഇതിനെ ലംഘിച്ച്, ഈ നിയന്ത്രണങ്ങളൊക്കെ മറികടന്ന്, പല ഫാക്ടറികളും നടത്താൻ വ്യവസായികളും തയ്യാറായി. അപ്പോഴൊക്കെ അതു പാടില്ലെന്നും ക്രമീകരണവും നിയന്ത്രണവുമനുസരിച്ച് നടത്തണമെന്നുമുള്ള അടിസ്ഥാനത്തിൽ തൊഴിലാളി സംഘടനകളുടെ ഭാഗത്തുനിന്നും പൊതുവായും സമ്മർദ്ദം വന്നതിനുശേഷവും വ്യവസായികളും അനുസരിക്കാത്തതുകൊണ്ട് ആ ഫാക്ടറികളും ഏറ്റെടുത്തുനടത്താൻ ഒരു നിയമം ആവശ്യമായിവന്നു. അതിനുശേഷമാണ് കശുവണ്ടിവികസന കോർപ്പറേഷൻ ഉണ്ടായത്. അതനുസരിച്ച്, നിയമം ലംഘിക്കുന്ന മുതലാളിമാരുടെ ഫാക്ടറികളും ഏറ്റെടുത്തു നടത്തുന്നതിനുവേണ്ടി കോർപ്പറേഷനെ ഏൽപ്പിക്കാം.

പിന്നീട് പലതും സംഭവിച്ചു. 1976-നുശേഷം തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന്റെ അളവ് കുറേശ്ശെ കുറേശ്ശെ കുറഞ്ഞുവന്നു. അതിന് പല കാരണങ്ങളുണ്ട്. അതിനെപ്പറ്റിച്ച് സമയമില്ല-ത്തതുകൊണ്ട് ഇപ്പോൾ പറയുന്നില്ല. ഇവിടെ തൊഴിൽ ദിവസങ്ങളും കുറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളുണ്ടായി അതിനുശേഷമാണ് കേരളത്തിൽ ഉൽപാദിപ്പിക്കുന്ന തോട്ടണ്ടി കൃത്രിമസംഭരണ സമ്പ്രദായംവഴി സംഭരിക്കാനും, നേരത്തേ ഗവൺമെന്റ് ഓഫ് ഇന്ത്യയുമായി ആലോചിച്ച് നിശ്ചയിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാനുമുള്ള സംവിധാനമുണ്ടായത്. കോട്ടാ സമ്പ്രദായം നിലവിൽവന്നു. അങ്ങനെ നടത്തുമ്പോഴും ഈ നിയമത്തിലെ, അഡ്മിനിസ്ട്രേഷൻ ആക്ടിലെ പ്രൊവിഷൻ അനുസരിച്ച്, നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും കൊടുക്കണം; വ്യവസായത്തിൽ കാലാകാലങ്ങളിലെടുക്കുന്ന തീരുമാനങ്ങളും നടപ്പിലാക്കണം; നിയമാനുസൃതമായി വ്യവസായം നടത്തണം. അതല്ലാത്ത ഫാക്ടറികളും ഏറ്റെടുക്കാനും നടത്താനും നിയമത്തിലെ വകുപ്പുകളും ഉപയോഗിക്കാവുന്നതാണ്. ഇതിനിടയ്ക്കു മറ്റൊരു ദൗർഭാഗ്യകരമായ സംഭവം നടന്നു. 1980-ലെ അഖിലേന്ത്യാ തിരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം 1980-ൽ അധികാരത്തിൽവന്ന കേന്ദ്രഗവൺമെന്റ് നിർഭാഗ്യവശാൽ ഇംപോർട്ട് കാനലൈസേഷൻ റദ്ദാക്കി. ഓപ്പൺ ലൈസൻസിംഗ് സമ്പ്

LIBRARY ARCHIVES Kerala Legislative Assembly

ദായം ഏർപ്പെടുത്തി. അങ്ങനെ ചെയ്തപ്പോഴും ഒരു വ്യവസ്ഥ വച്ചിരുന്നു; ഏതെങ്കിലും സ്വകാര്യ വ്യവസായികനും തോട്ടണ്ടി ഇറക്കിയാൽ അവർ ഇറക്കുമതിചെയ്യുന്ന തോട്ടണ്ടിയുടെ 50 ശതമാനം കോട്ടാ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് നിക്കി വയ്ക്കണം; അതിന്റെ കണക്ക് അധികൃതരെ ഏൽപ്പിക്കണം. അത് പിന്നീട് നടന്നിട്ടില്ല. ഇപ്പോഴും വ്യവസായികനും ഇഷ്ടംപോലെ ഇറക്കുമതി ചെയ്യുന്നു. അതിനെ ക്കെ നിരവധി കാര്യങ്ങളും പേറെയുണ്ട്. എന്തായാലും ഇവിടെ കോട്ടാസമ്പ ദായമുണ്ടായിരുന്നു. 1982-ൽ തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഇവിടെ അധികാരത്തിൽ വന്ന ശ്രീ. കരുണാകരന്റെ മന്ത്രിസഭ ഈ നിയന്ത്രണവും കോട്ടാസമ്പദായവും സംരേണ വ്യവസ്ഥയും 1982-ലും 1983-ലും തുടർന്നു. 1984-ൽ അത് എടുത്തുകളഞ്ഞു. ഇപ്പോൾ സ്വകാര്യ വ്യവസായികനും ഇഷ്ടം പോലെ തോട്ടണ്ടി വാങ്ങാം, ഇഷ്ടമുള്ള വില കൊടുക്കാം, മൽസരിക്കാം. വാങ്ങിക്കുന്ന തോട്ടണ്ടി യാതൊരു നിയന്ത്രണവുമില്ലാതെ, ആരെയും ഭയക്കാതെ അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോകാം, കുടിവറുപ്പ് നടത്താം, കമ്മീഷൻ ഏജൻസി അടിസ്ഥാനത്തിലും ഫാക്ടറികനും നടത്തണം. ഞാൻ നേരത്തേ പറഞ്ഞതുപോലെ, ഈ വ്യവസായത്തിൽ നടത്താവുന്ന ഫാക്ടറികനും എത്ര, നടത്തേണ്ട ഫാക്ടറികനും എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. വ്യവസായശാലകളുടെ എണ്ണം കൂട്ടുന്നതിൽ അർത്ഥമില്ല. ഈ വ്യവസായം ആണ്ടുമുഴുവൻ നടക്കണമെങ്കിൽ നാലരലക്ഷം ടൺ തോട്ടണ്ടി വേണം. ഇന്നുള്ള, ലൈസൻസും രജിസ്ട്രേഷനുമുള്ള ഫാക്ടറികനും നടക്കണമെങ്കിൽ അത്രയും തോട്ടണ്ടി വേണം. അത് ഇന്ന് ലഭ്യമല്ല. അതുകൊണ്ട് തോട്ടണ്ടിയുടെ ലഭ്യത വർദ്ധിക്കുന്നതുവരെ ഫാക്ടറികളുടെ എണ്ണം വർദ്ധിപ്പിക്കാതിരിക്കുക. ഇതൊരു അംഗീകൃത നയമാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകനും ഒരുമിച്ച് അംഗീകരിച്ച നയമാണ്. ഈ രംഗത്ത് അനാശാസ്യമായി വരുന്ന-കൂണുകനുപോലെ കുരുത്തു വരുന്ന-കുടിവറുപ്പുശാലകനും, കമ്മീഷൻ ഏജൻസി സമ്പ്രദായം ഇങ്ങനെയൊക്കെ നിരോധിച്ചിരുന്നു. അതിനൊരു നിയമംതന്നെയുണ്ട്; 1967-ലെ ഇ. എം. എസ്. മന്ത്രിസഭയുടെ കാലത്തു പാസ്സാക്കിയ കുടിവറുപ്പ് നിരോധന നിയമം. എന്നാൽ 1982-ൽ ഫാക്ടറികനും ഈ ഗവൺമെന്റ് ലൈസൻസ് കൊടുത്തു എന്നുള്ളതാണ് വസ്തുത. ഫാക്ടറികളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ട് ഈ വ്യവസായത്തിന് ഗുണം കിട്ടുകയില്ല, മറിച്ച് ദോഷമാണ്. തൊഴിൽ ദിവസങ്ങനം വർദ്ധിപ്പിക്കാൻ നിവൃത്തിയില്ല. തോട്ടണ്ടിയുടെ ലഭ്യത വർദ്ധിക്കുന്നില്ല. അതുകൊണ്ട് തോട്ടണ്ടിയുടെ ലഭ്യത വർദ്ധിക്കുകയും ഈ വ്യവസായത്തിൽ നിലവിലുള്ള ഫാക്ടറികളിലുള്ള തൊഴിലാളികളുടെ തൊഴിൽ ദിവസങ്ങനം വർദ്ധിക്കുകയും ചെയ്യാനുള്ള സൗകര്യമുണ്ടാക്കുന്നതുവരെ ഫാക്ടറികളുടെ എണ്ണം വർദ്ധിപ്പിക്കരുത് എന്നുള്ളതാണ് അംഗീകരിച്ചിരിക്കുന്ന നയം. അത് ഈ ഗവൺമെന്റ് കാറ്റിൽ പറത്തി. അതിന്റെ പുറകിലുള്ള കഥകളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ലൈസൻസ് കൊടുത്തതിന്റെ പുറകിലുള്ള കഥ കൊല്ലത്തെ ഗ്രാമപ്രദേശങ്ങളിൽവന്ന് അന്വേഷിച്ചാൽ മനസ്സിലാകും. ഞാൻ ഭരണകക്ഷിയിലെ അംഗങ്ങളോടു ചോദിക്കുന്നു, നിങ്ങനം അത് അന്വേഷിക്കാൻ തയ്യാറുണ്ടോ? ഇതിനെക്കുറിച്ച് കൂടുതലായി ഞാനൊന്നും പറയുന്നില്ല. ഈ അകമ്പടി സിഷൻ ആക്ട് പാസ്സാക്കാൻ ഗവൺമെന്റിനേയും ഈ സഭയേയും പ്രേരിപ്പിച്ച സാഹചര്യമല്ല ഇന്നുള്ളത്. ഈ ഗവൺമെന്റ് അതിനെല്ലാം മാറ്റങ്ങനം വരുത്തിയിരിക്കുന്നു. സ്വകാര്യ വ്യവസായികനും ഇപ്പോഴും ലൈസൻസ് ഉണ്ട്. ഇഷ്ടംപോലെ തോട്ടണ്ടി ഇറക്കുന്നതിനും വ്യവസായം നടത്തുന്നതിനും ഇവർക്ക് സൗകര്യങ്ങളും സാദ്ധ്യതകളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വ്യവസായത്തിന്റെ ചരിത്രത്തിൽ മിനിമം വേജസ് ഉണ്ടായത് 1954-ലാണ്. അതിനുശേഷം കാലാകാലങ്ങളിൽ അത് റിവൈസ് ചെയ്തു. ഏറ്റവും ഒടുവിലായി മിനിമം വേജസ് നിശ്ചയിച്ചത് 1975-ലാണ്. അതായത്, ഇപ്പോൾ നിലവിലുള്ള റേറ്റ് നിശ്ചയിച്ചത് 1975-ലാണ്. ഓരോ അഞ്ചുവർഷം കഴിയുമ്പോഴും സാധാരണഗതിയിൽ ഇത് റിവൈസ് ചെയ്യണമെന്നുള്ളതാണ് നിയമത്തിലെ വ്യവസ്ഥ. വേജസ് റിവൈസ് ചെയ്തിട്ട് പത്തുവർഷം കഴിഞ്ഞു. ഞാൻ ഇന്നലെ പറഞ്ഞതുപോലെ ഈ വ്യവസായത്തിൽ, അതായത് സഹകാര്യമേഖലയിൽ, ഒരു വ്യവസായി ഒഴിച്ച് മറെറാരു വ്യവസായിയും മിനിമം വേജസ് കൊടുക്കുന്നില്ല. മിനിമം വേജസ് ആക്ട് പരസ്യമായി ലംഘിക്കുന്നു. ഈ സഭയിൽത്തന്നെ എത്രയോ പ്രാവശ്യം പരാതിപ്പെട്ടതാണ്. ഇതിനെക്കുറിച്ച് ആക്ഷേപങ്ങളും സഭയിൽ ഉന്നയിച്ചപ്പോൾ തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞു, പരിശോധിക്കുന്നതാണ് അന്വേഷിക്കുന്നതാണ് എന്ന്. ഈ അന്വേഷണവും പരിശോധനയുമെല്ലാം മുതലാളിമാർക്കുവേണ്ടിയാണ്. നിയമം ലംഘിച്ച് അക്രമങ്ങളും നടത്തുന്ന, കടുത്ത ചൂഷണം നടത്തുന്ന ഈ മുതലാളിമാർക്ക് നിയമത്തിന്റെ പഴുതുകളും അടച്ച് കള്ള റിക്കാർഡുകളും ഉണ്ടാക്കാൻ ലേബർ ഉദ്യോഗസ്ഥൻമാർ പരസ്യമായി കൂട്ടുനിൽക്കുന്നു എന്ന ആരോപണം ഞാൻ.....

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): അങ്ങ് പറഞ്ഞത് ശരിയാണെങ്കിൽ സമരവും പണിമുടക്കും നടത്തി ഇതിനെ എതിർക്കേണ്ടതു ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന്റെ കടമയല്ലേ? ബാദ്ധ്യതയല്ലേ?

ശ്രീ. ആർ.എസ്.ഉണ്ണി: 1982-ൽ ഇതിനെതിരായി പൊതുപണിമുടക്ക് നടത്തി. കൂട്ട അറസ്റ്റും കള്ളക്കേസുകളും ഉണ്ടാക്കി ആ പണിമുടക്കിനെ പൊളിക്കാൻ ഈ ഗവൺമെൻറ് തയ്യാറായി. മിനിമംവേജസ് ചോദിച്ച് സമരം നടത്തിയതിന്റെ ഫലമായി ഇന്നും നിരവധി ഫാക്ടറികളും അടഞ്ഞുകിടപ്പുണ്ട്, 60-ൽപ്പരം ഫാക്ടറികളും ഇന്നും അടഞ്ഞുകിടക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: കുറഞ്ഞവേതനം കൊടുക്കുന്നതിനുവേണ്ടി അവിടത്തെ തൊഴിലാളിസംഘടനകളെല്ലാംകൂടി ഒരു ധാരണയിലെത്തി, ആ ധാരണയുടെ അടിസ്ഥാനത്തിലാണ് മിനിമം വേജസ് കൊടുക്കാതിരിക്കുന്നതെന്നുള്ളതു ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. എസ്. ഉണ്ണി: ശുദ്ധ അസംബന്ധവും അവാസ്തവവുമാണ് ഈ പ്രസ്താവന. ശ്രീ. തച്ചടിയുടെ വല്ല യൂണിയൻകാരും അങ്ങനെ വല്ല ഉറപ്പും കൊടുത്തിട്ടുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ.

വാസ്തവത്തിൽ ഇന്ന് നിയമം ലംഘിക്കുന്നുണ്ട്. മിനിമം വേജസ് ആക്ടിന്റെ പ്രസക്തിയെക്കുറിച്ച് ഈ ഗവൺമെൻറിനെ ഞാൻ ഓർമ്മിപ്പിക്കണമോ? ഏതു വ്യവസായത്തിലെ തൊഴിലാളികൾക്കാണ് അവരുടെ പരിമിതമായ ജീവിതാവശ്യങ്ങളെങ്കിലും നടത്തിക്കൊണ്ടുപോകാനുള്ള വരുമാനം ഇല്ലാത്തത്, അതുമൂലം സാമൂഹ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത്? പരിമിതമായി ജീവിക്കാനുള്ള കൂലിക്ക് നിയമത്തിന്റെ സംരക്ഷണം വേണമെന്നുള്ളതുകൊണ്ടാണ് ഈ നിയമം ഉണ്ടാക്കിയത്. കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്ക് പരിമിതമായി ജീവിക്കാനുള്ള വരുമാനം ഇല്ല. നിയമത്തിന്റെ സംരക്ഷണം വേണമെന്നുള്ളതുകൊണ്ടാണ് 1954 മുതൽ ഈ വ്യവസായം മിനിമം വേജസിന്റെ പട്ടികയിൽ ഉൾപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിട്ടുള്ളത്. അതിന് പരിരക്ഷ നൽകാനുള്ള ബാദ്ധ്യത, ഉത്തരവാദിത്വം, സംസ്ഥാനഗവൺമെൻറിനാണ്. മിനിമം വേജസിനെസംബന്ധിച്ച് ഏറ്റവും പ്രാധാന്യമുള്ള ഗൗരവാവഹമായ ഒരു വിധിന്യായം, ഈയിടെ സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രോപ്രിയേറ്റ് ഗവൺമെൻറുകൾ അതായത് സംസ്ഥാനഗവൺമെൻറുകൾ മിനിമംവേജസ് തൊഴിലാളികൾക്ക് കിട്ടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താനുള്ള, അത് വാങ്ങി കൊടുക്കാനുള്ള, ബാദ്ധ്യതയിൽനിന്ന് പുറകോട്ടുപോകരുത്, ആ ഉത്തരവാദിത്വം അവർക്കുള്ളതാണ്, ആ കാര്യം കർശനമായ നടപടികളിലൂടെ അവർ പാലിക്കണം എന്നാണ് സുപ്രീംകോടതി പറഞ്ഞത്. എന്നാൽ ഇന്ന് ഇവിടെ മിനിമംവേജസ് കിട്ടുന്നില്ലെന്നു പരാതിപ്പെട്ടാൽ മുതലാളിമാരെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. ഇന്ന് ഈ വ്യവസായത്തിൽ സഹകാര്യമേഖലയിലെ രണ്ടു ഫാക്ടറികളൊഴിച്ചു ബാക്കി എല്ലാ ഫാക്ടറികളും മിനിമംവേജസ് കൊടുക്കാതെ പരസ്യമായി ഈ നിയമത്തെ ധിക്കരിച്ച് ഈ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നു. ഈ ഗവൺമെൻറ് അതിനു കൂട്ടുനിൽക്കുന്നു. ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനുമുമ്പ് ലൈസൻസും രജിസ്ട്രേഷനുമുള്ള എല്ലാ ഫാക്ടറികളിലെ തൊഴിലാളികൾക്കും മിനിമംവേജസ് കിട്ടിയിരുന്നുവെന്നുള്ളതാണ് വസ്തുത. ഇതിന് എങ്ങനെ മാറ്റമുണ്ടായി? ഇതൊക്കെ ഏതാണ്ട് ഇല്ലാത്ത കഥകൾ പറഞ്ഞൊപ്പിക്കാൻ പറ്റുന്നതാണോ? നാട്ടിൻപുറത്ത് അന്വേഷിച്ചാൽ മനസ്സിലാകും.

ശ്രീ. കെ. ശിവദാസൻ: അങ്ങ് മന്ത്രിയായിരുന്നപ്പോൾ അങ്ങയുടെ നിയോജകമണ്ഡലത്തിൽ യൂനുസ്കുഞ്ഞ് നടത്തുന്ന ഫാക്ടറിയിൽ മിനിമംവേജസ് കൊടുക്കാതെ കുടിവറുപ്പ് നടത്തിയപ്പോൾ അങ്ങ് പോയി സമരം നടത്തുകയും ഹൈക്കോടതിയിൽപോയി കേസ് കൊടുക്കുകയും നിരവധി ദിവസം പിക്കറിംഗ് നടത്തുകയും ഹൈക്കോടതിയിൽനിന്ന് ഓർഡർ കൊണ്ടുവരികയും ചെയ്തിട്ടില്ലേ? ഞാൻ പറഞ്ഞത്—അങ്ങയുടെ കാലത്തും ഇത് ചെയ്തിട്ടുണ്ട്. അന്നും മിനിമംവേജസ് കൊടുക്കുന്നില്ലെന്നുള്ളതായിരുന്നില്ലേ കംപ്ലെയിൻറ്?

ശ്രീ. ആർ. എസ്. ഉണ്ണി: സഹകാര്യമേഖലയിലെ ലൈസൻസും രജിസ്ട്രേഷനുമുള്ള എല്ലാ റഗുലർ ഫാക്ടറികളിലും ശ്രീമാൻ കരുണാകരൻറെ മന്ത്രിസഭ 1983-ൽ അധികാരത്തിൽ വരുന്നതിനുമുമ്പ് മിനിമംവേജസ് കൊടുത്തിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. യൂനുസ്കുഞ്ഞിൻറെ കുടിലിൽ കൊടുത്തില്ലേയെന്ന് എനിക്കറിയില്ല. അവിടെ സമരങ്ങൾ നടന്നിട്ടുണ്ട്, കേസ്സുകളുണ്ടായിട്ടുണ്ട്, അറസ്റ്റ് നടന്നിട്ടുണ്ട് ഇതൊക്കെ ഉണ്ടായിട്ടുണ്ട്. ഇല്ല എന്നല്ല ഞാൻ പറഞ്ഞത്. ഇന്നും അതൊക്കെ നടക്കുന്നു. കുടിലുകൾക്ക് ലൈസൻസ് കൊടുത്ത് മിനിമംവേജസ് കൊടുക്കാതെ നടത്തിക്കുന്ന—വേജ് റജിസ്റ്ററും വേണ്ട അറൻഡൻസ് റജിസ്റ്ററും വേണ്ട എന്നുള്ള ഒരു കാലം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ ഈ വ്യവസായത്തിൽ?

ശ്രീ. കെ. ശിവദാസൻ: മിനിമംവേജസ് കിട്ടുന്നുവെന്ന് പറഞ്ഞ് തൊഴിലാളികൾ ഒപ്പിട്ടു കൊടുക്കുന്നു. 55 കേസെടുത്തിട്ടുണ്ട്. ഈ 55 കേസിലും പ്രശ്നം അതാണ്. തങ്ങൾക്ക് മിനിമംവേജസ് കിട്ടുന്നുവെന്ന് തൊഴിലാളികൾ ഒപ്പിട്ടു കൊടുത്തിരിക്കുന്നു. മിനിമംവേജസ് കിട്ടുന്നില്ലെന്ന് അങ്ങ് പറയുന്നു. അത് ഞാൻ അവിശ്വസിക്കുന്നില്ല. ഇതാണ് പൊസിഷൻ. അന്ന് അങ്ങ് യൂനുസ്കുഞ്ഞിൻറെ ഫാക്ടറിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയെങ്കിൽ ഇന്ന് അങ്ങനെയൊരു സമരം ഈ രാജ്യത്തില്ല. എന്നിട്ട് ഗവൺമെൻറിനെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യം ഉണ്ടോ?

ശ്രീ. ആർ. എസ്. ഉണ്ണി: കള്ളം എന്നുള്ള വാക്ക് പാർലമെൻറിയല്ലാത്തതുകൊണ്ട് ഞാൻ ഉപയോഗിക്കുന്നില്ല. ശ്രീ. ശിവദാസനെ എനിക്കറിയാം. അവാസ്തവപ്രസ്താവന നടത്താൻ ശ്രീ. ശിവദാസനെപ്പോലെ വൈദഗ്ദ്ധ്യമുള്ള ആളുകളുണ്ടോ! ഒരു പക്ഷേ അക്കാര്യത്തിൽ അദ്ദേഹത്തിന് നോബൽപ്രൈസ് കിട്ടും.

ശ്രീ. കെ. ശിവദാസൻ: അങ്ങയുടെ പ്രസ്താവനയൊന്നും ഞാൻ നിഷേധിക്കുന്നില്ല. അങ്ങ് മന്ത്രിയായിരുന്നകാലത്തുപോലും മിനിമം വേജസ് കൊടുക്കാത്തതിൻെറ പേരിൽ അങ്ങയുടെ നേതൃത്വത്തിൽ സമരങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോഴും അതുപോലുള്ള സമരങ്ങളുണ്ടോ? മിനിമം വേജസ് കൊടുക്കുന്നില്ലെന്നുള്ള സമരം ഉണ്ടോ? ഇല്ല എന്നുള്ളതല്ലേ സത്യം? മിനിമം വേജസ് കിട്ടുന്നുണ്ടെന്നു തൊഴിലാളികളും ഒപ്പിട്ടുകൊടുത്തു എന്നുള്ള വസ്തുത എവിടെ തെളിയിക്കാനും ഞാൻ തയ്യാറാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ആർ. എസ്. ഉണ്ണി: നായനാർ മന്ത്രിസഭയുടെ കാലത്തെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. നായനാർ മന്ത്രിസഭയുടെ കാലത്ത് ഈ അകമ്പടിസിഷൻ ആക്ട് ഉണ്ട്, ഇന്നും ഉണ്ട്. അന്ന് കോട്ടാസമ്പ്രദായം നിലവിലുണ്ട്. ഞാൻ ആവർത്തിച്ചു പറയുന്നു. സ്വകാര്യമേഖലയിലെ റഗുലർ ഫാക്ടറികളും മിനിമം വേജസ് കൊടുത്തിരുന്നു; കൊടുക്കാത്ത സ്ഥലങ്ങളിൽ നടപടി നടന്നിട്ടുണ്ട്. കുടിൽ ഫാക്ടറികളോ കമ്മിഷൻ ഏജൻസികളോ വല്ലതും ചട്ടപ്രകാരം വേജസ് കൊടുക്കാത്തതുണ്ടെങ്കിൽ സമരവും നടന്നിട്ടുണ്ട്. ആ സമരത്തെ ഗവൺമെൻറ് സഹായിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇന്ന് കരുണാകരൻ മന്ത്രിസഭാകാലത്ത് വന്ന വ്യത്യാസം, കോട്ടാസമ്പ്രദായം എടുത്തുകളഞ്ഞു, നിയന്ത്രണങ്ങളും പോയി, സ്വകാര്യവ്യവസായികൾക്ക് തോന്നിയതുപോലെ നടത്താം, മിനിമം വേജസ് കൊടുക്കുന്നില്ലെങ്കിൽ ആരും ചോദിക്കുന്നില്ല. കുടിലുകൾക്ക് ലൈസൻസ് കൊടുക്കുന്നു. ഞാൻ ചോദിക്കുന്നു, ഈ ഗവൺമെൻറ് എന്തടിസ്ഥാനത്തിലാണ് മുൻ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ അംഗീകരിച്ച വ്യവസ്ഥ ലംഘിച്ചത്? തോട്ടണ്ടിയുടെ ലഭ്യത വർദ്ധിക്കുന്നതുവരെ ഫാക്ടറികളുടെ എണ്ണം വർദ്ധിപ്പിക്കരുതെന്നുള്ള കേന്ദ്ര—സംസ്ഥാന ഗവൺമെൻറുകളുടെ വ്യവസ്ഥ എന്തിനാണ് ഈ സർക്കാർ ലംഘിച്ചത്? കുടിവറുപ്പിന് 82 ഫാക്ടറികൾക്ക് എന്തിന് ലൈസൻസ് കൊടുത്തു? തോട്ടണ്ടി കിട്ടിയിട്ടാണോ? ഇതിൽ ഒരൊറ്റ സ്ഥലത്തെങ്കിലും ഈ അവകാശം കൊടുക്കുന്നുണ്ടോ?

ഈ നിയമത്തിൻെറ പ്രസക്തി അതായത് ഫാക്ടറി അകമ്പടി ചെയ്യേണ്ട സാഹചര്യം യഥാർത്ഥത്തിൽ ഇന്നില്ല. സ്വകാര്യമുതലാളിമാരെ ഇഷ്ടംപോലെ വ്യവസായം നടത്താൻ അനുവദിച്ചിരിക്കുന്നു. നേരേമറിച്ച് ഈ നിയമം പ്രാവർത്തികമാക്കണമെന്നുണ്ടെങ്കിൽ അതിനോടൊപ്പം പഴയ നിയന്ത്രണവ്യവസ്ഥകളും, ക്രമീകരണങ്ങളും ഏർപ്പെടുത്തിയിരുന്ന സംവിധാനം പുനഃസ്ഥാപിക്കണം. എങ്കിൽമാത്രമേ ഈ നിയമത്തിന് പ്രസക്തിയുള്ളൂ. അങ്ങനെയാണെങ്കിൽ.....

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ഇവിടെ പുതിയതായി 82 ഫാക്ടറികൾ കൊടുത്തുവെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്?

ശ്രീ. ആർ. എസ്. ഉണ്ണി: വളരെക്കാലമായി പൂട്ടിക്കിടന്ന ഒട്ടേറെ ഫാക്ടറികൾ ഉൾപ്പെടെ 245 ഫാക്ടറികളുണ്ട് ഈ വ്യവസായത്തിൽ. ഇതിനെക്കുറിച്ച് 1970-74 ൽ പരിശോധിച്ചു ഈ 245 ഫാക്ടറികളും നടത്താവുന്ന ഫാക്ടറികളല്ല, നടത്താവുന്നതും, നടത്തേണ്ടതുമായ ഫാക്ടറികൾ 192 എന്നാണ് പരിശോധനയിൽ കണ്ടുപിടിച്ചത്. അവയ്ക്ക് കോട്ടായിൽ എലിജിബിലിറ്റി വന്നു. അതിന് കോട്ടാ ഫാക്ടറികൾ എന്നായിരുന്നു പേരിട്ടിരുന്നത്. ഇങ്ങനെ നടത്തിയിരുന്നതാണ് 192 ഫാക്ടറികൾ. ബാക്കിയുള്ളവ കുടിവറുപ്പുകളായി മാറി. കുറെ ഫാക്ടറികൾ അടഞ്ഞുകിടന്നു. ആ ഫാക്ടറികളുടെ ലൈസൻസ് പോയി. അങ്ങനെയുള്ള കുറെ ഫാക്ടറികൾക്ക് പുത്തനായി ലൈസൻസ് കൊടുത്തിട്ടുണ്ട്. ഈ ഗവൺമെൻറ് ചെയ്തത് അതാണ്. നിലവിലിരുന്ന ക്രമീകരണങ്ങളും നിയന്ത്രണങ്ങളും പുനഃസ്ഥാപിക്കാതെ ഈ നിയമംകൊണ്ട് പ്രയോജനമില്ല. ഇവിടെ ഇപ്പോൾ ചെയ്തിരിക്കുന്നത് കാപ്പെക്സ് എന്ന സഹകരണ സ്ഥാപനം ഉണ്ടാക്കി അടഞ്ഞുകിടന്ന ഫാക്ടറികൾ ഏറെറടുത്ത് നടത്തുകയെന്നുള്ളതാണ്. ഈ നിയമത്തിൽ ഭേഗതിവരുത്തി ചെയ്യുന്നത് അതാണ്. നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ സംബന്ധിച്ച കാര്യങ്ങൾ ഈ ഭേഗതി നിയമത്തിൽ ഒന്നും പറയുന്നില്ല. അത് നിലവിലില്ലതാനും. മൂലനിയമം പാസ്സാക്കിയ കാലത്ത് നിലവിലുള്ള സാഹചര്യം ഇന്ന് നിലവിലില്ല. നിയമം ലംഘിക്കുന്ന മുതലാളിമാർക്കെതിരെ യാതൊരു നടപടിയും എടുക്കുന്നില്ല. അവർക്ക് നിയമലംഘനം നടത്താനുള്ള അനുവാദവും സാഹചര്യവും ഇവിടെ ഉണ്ട്. അതവർ നടത്തുന്നു. ഇത് ഇന്നത്തെ ഒരു നീതിയാണ്. മിനിമം വേജസ് ആക്ട് ലംഘിച്ച്, നിയമം ലംഘിച്ച് മിനിമം വേജസ് കൊടുക്കാതെ ചട്ടപ്രകാരമുള്ള കൂലി കൊടുക്കാതെ വ്യവസായം നടത്താൻ വ്യവസായികൾക്ക് അനുവാദം ഉണ്ടെന്നുള്ളതാണ് കരുണാകരൻ മന്ത്രിസഭയുടെ വ്യവസായ നീതി അല്ലെങ്കിൽ വ്യവസായ നയം. എന്തു വേണമെങ്കിലും പറയാം. അതാണ ഇന്ന് നടക്കുന്നത്. പിന്നെ എന്തിനാണു സർ, ഈ ഫാക്ടറികൾ എടുക്കുന്നത്? നിയമം ലംഘിച്ചു നടത്തുന്ന കൂലികൊടുക്കാതെ സാമൂഹ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന, തൊഴിലില്ലായ്മയുണ്ടാക്കുന്ന, പട്ടിണിയുണ്ടാക്കുന്ന വ്യാവസായികളുടെ ഫാക്ടറികളെ ഏറെറടുത്തു നടത്തുന്നതിനാണ് കാപ്പെക്സ് ഉണ്ടാക്കിയത്. കാപ്പെക്സിനെ അങ്ങനെ ഏൽപ്പിക്കുന്നതിനുള്ള സംവിധാനമാണ് ഇതിൽവച്ചിരിക്കുന്നത്. 'കാപ്പെക്സ്' സഹകരണാടിസ്ഥാനത്തിൽ ഉണ്ടാക്കിയതാണ്. സഹകരണാടിസ്ഥാനത്തിൽ നടക്കുന്ന ഒരു പ്രസ്ഥാനം വ്യവസായം നടത്തുമ്പോൾ അതിന് ജനാധിപത്യസ്വഭാവമുണ്ടാകണം. അതിനെസംബന്ധിച്ച് ഞാൻ മനസ്സിലാക്കിയത് അതൊരു ജനാധിപത്യ പ്രസ്ഥാനമല്ലെന്നാണ്. അതിന് ജനാധിപത്യ സ്വഭാവം ഉണ്ടാകണം. സ്വാഭാവികമായി ഉണ്ടായിരിക്കേണ്ട പ്രവർത്തന സ്വാതന്ത്ര്യം തീർച്ചയായും ആ സ്ഥാപനത്തിന് ആവശ്യമാണ്. എന്നാൽ ഈ കാപ്പെക്സിന് അതില്ല.

സർ, പ്രൈമറി സംഘങ്ങൾ ഉണ്ടാക്കുന്നതിന് വ്യവസ്ഥയുണ്ട്. ഒരു ഫാക്ടറി ഏറെറടുത്താൽ, അകായർ ചെയ്താൽ ആ ഫാക്ടറിയിലെ തൊഴിലാളികൾ മുഴുവൻ ആ പ്രൈമറി സംഘത്തിൽ അംഗങ്ങളായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എന്നാലേ അവർക്ക് തൊഴിൽ കിട്ടുകയുള്ളൂ. അത് ഞാൻ സമ്മതിക്കുന്നു. എന്നാൽ ആ പ്രൈമറി സംഘങ്ങളെ നിയന്ത്രിക്കുന്ന അപ്പെക്സ് സൊസൈറ്റിയുണ്ട്. ആ അപ്പെക്സ് സൊസൈറ്റിയെ ആര് എങ്ങനെ തിരഞ്ഞെടുക്കും എന്നുള്ളതിന് എന്താണ് വ്യവസ്ഥ എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഇതുവരെ അംഗീകരിച്ചിട്ടുള്ളതും ഇപ്പോൾ ആലോചനയിലിരിക്കുന്നതുമായ ഒരു കാര്യം പ്രൈമറി സംഘങ്ങൾ കമ്മിഷൻ വ്യവസ്ഥയിൽ ഏജൻറുമാരായി പ്രവർത്തിക്കണമെന്ന ഗവൺമെൻറിൻെറ നിർദ്ദേശമാണ്. ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം എല്ലാ കാലത്തും എതിർത്തിട്ടുള്ള കമ്മിഷൻ ഏജൻസി സമ്പ്രദായം പുനഃസ്ഥാപിക്കാൻ പ്രൈമറി സംഘങ്ങളും അതിനു മേൽനോട്ടം വഹിക്കാൻ കാപ്പെക്സുമാണ് ഗവൺമെൻറുദ്ദേശിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സർ, ഗവൺമെൻറിൻെറ ഒരു നിർദ്ദേശം കാപ്പെക്സിനു നൽകിയിട്ടുണ്ട്. ആ നിർദ്ദേശം ഇതാണ്; കാപ്പെക്സ് എന്നുള്ളത് കാഷ്യൂ വികസന കോർപ്പറേഷനല്ല. അതുകൊണ്ട് കാഷ്യൂ വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളോ അവകാശങ്ങളോ മറ്റു കാര്യങ്ങളോ അനുവദിക്കേണ്ടതില്ല. കാപ്പെക്സിനെ സംബന്ധിച്ചിടത്തോളം അവർക്ക് സൗകര്യപ്രദമായ രീതിയിൽ, സ്വീകാര്യമായ രീതിയിൽ വ്യവസായം നടത്താമെന്നാണ്. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് കാപ്പെക്സ് തൊഴിലാളികളുടെ സംഘമാണെന്നാണ്. അതുകൊണ്ട് അതിന് ലാഭമുണ്ടായാലും നഷ്ടമുണ്ടായാലും അതിൻെറ നടത്തിപ്പിനെ സംബന്ധിച്ച കാര്യങ്ങൾ അവർ തന്നെ തീരുമാനിച്ചുകൊള്ളട്ടെ എന്നാണ്. വ്യവസായാടിസ്ഥാനത്തിൽ ഉണ്ടാകുന്ന തീരുമാനങ്ങളും പൊതുവിൽ നിയമപ്രകാരം ഉണ്ടാകുന്ന ബാദ്ധ്യതകളും. ഒന്നും ഈ സ്ഥാപനത്തിനു ബാധകമല്ലെന്നാണ് അതിൻെറ അർത്ഥം. ഇതു വ്യവസായത്തെ സംബന്ധിച്ചിടത്തോളം ദ്രോഹകരമാണ്. സ്വകാര്യ മുതലാളിമാരും അതുതന്നെയാണ് പറയുന്നത്. വ്യവസായത്തിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന കൂലിയും മറ്റാനുകൂല്യങ്ങളും കൊടുത്തു നടപ്പാക്കാൻ സാദ്ധ്യമല്ലെന്നാണ് വാദം. ആ വാദം ഫലത്തിൽ അംഗീകരിച്ച് കൂലികുറയ്ക്കാനും അവകാശങ്ങൾ കുറയ്ക്കാനും വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാകുന്ന ബോണസ് കുറയ്ക്കാനും ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കമ്മിഷൻ ഏജൻസി സമ്പ്രദായം സ്ഥാപിക്കാനാണ് ശ്രമം. ഒരു ചാക്ക് തോട്ടണ്ടി ഒരു പ്രൈമറി സംഘത്തിൽ വരുന്നത് സംസ്ക്കരിക്കുന്നതിന് ഇത്ര രൂപ എന്ന് അപ്പെക്സ് സംഘം പറയുക അതനുസരിച്ച് ജോലി ചെയ്യാൻ തയ്യാറുണ്ടെങ്കിൽ ജോലി നടത്തുക, ഇതാണ് ഗവൺമെൻറിൻെറ നിർദ്ദേശം. ഇങ്ങനെ നടത്താനാണ് നടപടികൾ നീക്കുന്നത്. ഈ രംഗത്ത് യഥാർത്ഥത്തിൽ സ്വകാര്യ മേഖലയെ നിയന്ത്രിക്കുകയും തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുത്ത് മാതൃകാപരമായി പൊതുമേഖലാസ്ഥാപനം നടക്കുകയും ചെയ്യുന്ന സന്ദർഭത്തിലാണ് കമ്മീഷൻ ഏജൻസി സമ്പ്രദായമായി സഹകരണ മേഖലയെ കൊണ്ടുവരുന്നത്. സ്വകാര്യമുതലാളിമാർ ഇന്നുവരെ ഉന്നയിച്ച വാദം ശരിയാണെന്നു വരുത്താനും അത് ഗവൺമെൻറിൻെറ ആഭിമുഖ്യത്തിൽത്തന്നെ പ്രാവർത്തികമാക്കാനും ശ്രമിക്കുന്നു. സഹകരണസ്ഥാപനങ്ങൾ ജനാധിപത്യപരമായി പ്രവർത്തിക്കണം. ഗവൺമെൻറിൻെറ നിയന്ത്രണം വേണ്ട എന്നു ഞാൻ പറയുന്നില്ല. പക്ഷെ ഗവൺമെൻറിൻെറ നിയന്ത്രണം റീസണബിളായിരിക്കണം. ഗവൺമെൻറ് കൊടുക്കുന്ന സകല ഇണ്ടാസും, ഗവൺമെൻറ് കൊടുക്കുന്ന സകല നിർദ്ദേശങ്ങളും അപ്പടി വള്ളിപുള്ളി തെറ്റാതെ നടത്താനുള്ള ഒരു സഹകരണ സ്ഥാപനം എന്തിനാണ്? അതിന് പ്രവർത്തന സ്വാതന്ത്ര്യം വേണ്ടേ? അതിൻെറ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനത്തിന് അയവുള്ള, സ്വാതന്ത്ര്യമുള്ള സംവിധാനം വേണ്ടേ? അതിന്റെ ഭാഗധേയം സ്വയം തീരുമാനിക്കുന്നതിന് അതിന്റെ പ്രവർത്തകർമാർക്ക്, പ്രതിനിധികൾക്ക്, സൗകര്യം വേണ്ടേ? ഈ സർക്കാർ പ്ലാവിലവച്ച് കഞ്ഞികോരിക്കൊടുക്കുന്നതുപോലെ നിയന്ത്രിക്കാൻ ശ്രമിക്കുന്നു. നിർദ്ദേശങ്ങൾ ലംഘിച്ചാൽ ഉടൻ ചെവിക്കു പിടിക്കുന്ന, ഉടൻ മൂക്കു നുള്ളുന്ന സംവിധാനമാണ്. അങ്ങനെ ഒരു ഫ്ലർപ്പാട് വേണമോ? ഇതിന്റെ നടത്തിപ്പുതന്നെ വ്യവസായങ്ങളിൽ അംഗീകരിച്ചിട്ടുള്ള കീഴ്വഴക്കങ്ങളും നിയന്ത്രണങ്ങളും ഒക്കെ നിലനിറുത്തി അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടായിരിക്കണം. നേടിയ അവകാശങ്ങൾ എന്നു പറഞ്ഞാൽ ശ്രീ. ശിവദാസനു് അറിയില്ല. അദ്ദേഹം അന്നു് പള്ളിക്കൂടത്തിലായിരുന്നു. സർ, ഐതിഹാസികമായ സമരം നടത്തി, തൊഴിലാളികളും രക്തസാക്ഷികളായി നേടിയെടുത്ത അവകാശങ്ങളാണ് ഇന്നു് ഈ മേഖലയിലുള്ളത്. അത് ഏതാനും ആളുകൾക്ക് അവരുടെ തന്നിഷ്ടംപോലെ എടുത്തുകളയാനോ അവിടെ പുതിയ പുതിയ കീഴ്വഴക്കങ്ങളുണ്ടാക്കി നാശനഷ്ടങ്ങൾ ഉണ്ടാക്കാനോ ഉള്ളതല്ല. ഇന്നു് കാപ്പെക്സിന്റെ നടത്തിപ്പ് എങ്ങനെയാണ്? ഇതുവരെയുള്ള നടത്തിപ്പിനെക്കുറിച്ച് ഞാൻ പറയാം. വ്യവസായത്തിൽ അംഗീകരിച്ച ബോണസ് തീരുമാനം, വ്യവസായികമായിട്ടുള്ള തീരുമാനം ഇവിടെ നടപ്പിലാക്കേണ്ടായെന്നു് ഗവൺമെന്റ് നിർദ്ദേശിച്ചു. ഇത് ശ്രീ. ശിവദാസനും ശ്രീ. ഇ. അഹമ്മദും കൂടി യോജിച്ചുള്ള തീരുമാനമാണോ? കശുവണ്ടി വ്യവസായത്തിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള തീരുമാനം കാപ്പെക്സിൽ നടപ്പാക്കേണ്ട എന്നതിനോട് ശ്രീ. ശിവദാസൻ യോജിക്കുന്നുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. ഗവൺമെന്റിന്റെ പൊതുനയം സ്വീകരിച്ച് ഈ കാര്യത്തിൽ ഈ രാജ്യത്തുള്ള ചില കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും സ്വീകരിച്ച് കാലാകാലങ്ങളിൽ നിലവിൽവരുത്തിയ ചില ആനുകൂല്യങ്ങളുണ്ട്. സുസ്ഥാപിതമായ ചില അവകാശങ്ങളുണ്ട്. ആ അവകാശങ്ങൾ നേടുന്നതുതന്നെ വമ്പിച്ച ചില പ്രക്ഷോപണങ്ങളുടെ അടിസ്ഥാനത്തിലാണ്. അതൊക്കെ എടുത്തുകളയാനും തൊഴിലാളികളെ ദ്രോഹിക്കാനും ഉള്ള നയം ഇങ്ങനെ ആവിഷ്കരിക്കുവാൻ സാധിക്കുമോ? നടപ്പാക്കാൻ സാധിക്കുമോ? ഇന്നു് കാപ്പെക്സിനെ ഉപയോഗിക്കുന്നതു് അതിനുവേണ്ടിയാണ്. കശുവണ്ടി വ്യവസായത്തിലെ സകല മുതലാളിമാരും വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാക്കുന്ന തീരുമാനം നടപ്പാക്കണമെന്നു് ധാരണയുള്ളവരാണ്. ആ ധാരണയിൽനിന്നും മാറാൻ അടുത്ത വർഷം മുതൽ ഓരോ കുടിൽവ്യവസായിയും അവരുടെ ബാലൻസ് ഷീറ്റുമായി വരും; എനിക്ക് നഷ്ടമാണ് എന്നു പറഞ്ഞുകൊണ്ട്. ബാലൻസ് ഷീറ്റ് ശരിയാക്കുന്നതിനു് കുടിൽവ്യവസായത്തെ സംബന്ധിച്ചിടത്തോളം വല്ല വ്യവസ്ഥയും വേണ്ടേ? കള്ളപ്പണം ഇതുപോലെ ഉണ്ടാക്കുന്ന ഒരു മേഖല ഏതുണ്ട്? ആറേഴു കോടി രൂപ പ്രതിവർഷം തൊഴിലാളികൾക്ക് കൂലിയിനത്തിൽ കൊടുക്കേണ്ടതു കൊടുക്കാതെ സ്വകാര്യ മുതലാളിമാർ കള്ളപ്പണം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു എന്നുള്ളതു് സത്യമാണ്. അങ്ങനെ കള്ളപ്പണം ഉണ്ടാക്കുന്ന വ്യവസായികൾക്ക് ഒരു ബാലൻസ് ഷീറ്റ് ഉണ്ടാക്കുന്നതിനു സാധിക്കുകയില്ലെന്നു വിശ്വസിക്കാൻ സാധിക്കുമോ? സർക്കാർ ഇത്രയാണ് കൊടുത്തത്. സർക്കാരിന്റെ നിർദ്ദേശം ഇതാണ്: ഞങ്ങളും എട്ടും മൂന്നിലൊന്നേ അടുത്തവർഷം കൊടുക്കുകയുള്ളൂ എന്നു പറഞ്ഞാൽ എന്തു പറയാൻ സാധിക്കും എന്നു ഞാൻ ചോദിക്കുകയാണ്. ഇതു മോശപ്പെട്ട ഒരു പ്രവണതയാണ്. കൂലികുറച്ച് വ്യവസായം നടത്താൻ, സേവനവ്യവസ്ഥയിൽ ഇഷ്ടംപോലെ മാറ്റം വരുത്താൻ ഇതിനകത്ത് വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മൂലനിയമത്തിൽ ഇല്ലാത്ത ചില വ്യവസ്ഥകളും ഇതിനകത്തുണ്ട്. സേവനവ്യവസ്ഥകളെ സംബന്ധിച്ച് വ്യവസായസൊസൈറ്റികൾക്ക് ഇഷ്ടംപോലെ മാറ്റം വരുത്താനുള്ള പുതിയ വ്യവസ്ഥകളും ഇതിൽ ഉണ്ടാക്കിയിട്ടുണ്ട്. അതൊക്കെ തൊഴിലാളികൾക്ക് ദ്രോഹകരമാണ്. അതുകൊണ്ട് ഒരു സഹകരണമേഖല ഈ വ്യവസായത്തിൽ ആവശ്യമാണോ എന്ന് ഇനിയും പരിശോധിക്കേണ്ടതുണ്ട്. കശുവണ്ടി വികസനകോർപ്പറേഷന് ഇനിയും കൂടുതൽ ഫാക്ടറികളും ഏറ്റെടുക്കുന്നുള്ള കെൽപില്ല എന്നു വ്യവസായ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. അതു ശരിയല്ല. അതിന്റെ സംവിധാനം അങ്ങനെയാണ്. എത്ര ഫാക്ടറികളും ഏറ്റെടുത്താലും നടത്താം. ഈ വ്യവസായം ദേശീകരിച്ച് ഇതിലെ വ്യവസായ സ്ഥാപനങ്ങളെല്ലാം ഏറ്റെടുത്തു നടത്താനുള്ള കെൽപും ശേഷിയും പരിചയവും കോർപ്പറേഷനുണ്ട്. അതിൽ ചില പുനഃസംവിധാനങ്ങളും ഏർപ്പെടുത്തണമെന്നേയുള്ളു. അതുവേണമോ എന്ന് ആലോചിക്കാവുന്നതാണ്. എന്നാൽ സഹകരണമേഖല വേണം എന്ന നിർബന്ധമാണെന്നുണ്ടെങ്കിൽ ഞാൻ എതിർക്കുന്നില്ല. അതിന്റെ ആഭിമുഖ്യം കോർപ്പറേഷനോട്, പൊതുമേഖലയോട് ആകണം. പൊതുമേഖലയുമായി പരസ്പരാശ്രണയിൽ പോകുന്ന മാതൃകാപരമായി നടത്തുന്ന, ഒരു സ്ഥാപനമാകണം. അല്ലാതെ 56 കുഞ്ഞുകുഞ്ഞിനോട് ആഭിമുഖ്യമുള്ളതാകരുത്. സർ, 56 കുഞ്ഞുകുഞ്ഞ് എന്ന ഒരു കശുവണ്ടിഫാക്ടറി ഉടമയുണ്ട്. ഞാൻ അദ്ദേഹത്തെ ആക്ഷേപിക്കാൻവേണ്ടി പറയുന്നതല്ല. അദ്ദേഹത്തിന്റെ പേര് അതാണ്. അദ്ദേഹം ഒരു അണ്ടിവ്യവസായ തൊഴിലാളിയായിരുന്നു. അന്ന് അദ്ദേഹത്തിന്റെ കാർഡ് നമ്പർ 56 ആയിരുന്നു. ഇന്നു നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ കുടിൽവ്യവസായി എന്നു പറയുന്നവരിൽ ഒരാളാണ് അദ്ദേഹം. ഡി. എ. കൊടുക്കുകയില്ല. നിയമപ്രകാരമുള്ള മിനിമം വേജസ്പോലും കൊടുക്കുകയില്ല. എന്റെ അഭിപ്രായം ശ്രീ. അഹമ്മദ് സാഹിബ് 56 കുഞ്ഞുകുഞ്ഞിനെ മാതൃകയാക്കിക്കൊണ്ട് കാപ്പെക്സിന്റെ നയം രൂപീകരിക്കരുതെന്നാണ്. ശ്രീ. അഹമ്മദ്സാഹിബിന്റെ കീഴിലുള്ള കശുവണ്ടിവികസന കോർപ്പറേഷനിൽ ഇന്നലെവരെ തുടർന്നുവന്ന നയം, അവകാശങ്ങളും കൊടുത്തുവന്ന നയം കാപ്പെക്സിന്റെയും നയമായി സ്വീകരിക്കണം. കശുവണ്ടി വ്യവസായം ലാഭകേരമാണെന്നും സഹകാര്യവ്യവസായികളും തെളിയിച്ചിട്ടുള്ളതാണ്. അതിന്റെ ചരിത്രം അതാണ്. ഈ രംഗത്ത് ചില നിയന്ത്രണങ്ങളും ക്രമീകരണങ്ങളുമൊക്കെ ഏർപ്പെടുത്തി അതു ഫലപ്രദമായി നടത്തിക്കൊണ്ടുപോകണം. അതുകൊണ്ട് സഹകരണമേഖല നിലനിർത്തണം. അത് മാതൃകാപരമായ സ്ഥാപനമാക്കി നടത്താനും സാധിക്കുന്നതേയുള്ളു. ഇത് ഒരു ജനാധിപത്യ സ്ഥാപനം എന്ന നിലയിൽ നിലനിറുത്താനും സാധിക്കണം. അതിനകത്ത് അക്രമങ്ങളും പ്രോൽസാഹിപ്പിക്കണമെന്നല്ല ഞാൻ പറയുന്നത്. അങ്ങനെ നടത്താവുന്ന ഒരു സ്ഥാപനമാക്കി അതിനെ നിലനിർത്തണം, അതിന് അനുസരണമായി ഈ നിയമത്തിൽതന്നെ ഭേദഗതി വരുത്തേണ്ടതുണ്ട്. ഈ നിയമം കൊണ്ടുവന്നത് മൂലനിയമം കൊണ്ടുവന്ന സാഹചര്യം നിലവിലില്ലാത്തപ്പോഴാണ്. ആ സാഹചര്യങ്ങളും പുനഃസ്ഥാപിക്കണം. കോട്ടാ സമ്പ്രദായം പുനഃസ്ഥാപിക്കണം. അത് കേന്ദ്രത്തിൽ ചെന്ന് പുതിയ പ്രധാനമന്ത്രിയോട് പറയണം. അദ്ദേഹം കശുവണ്ടി വ്യവസായം വന്നു കണ്ടതാണ്. കൊട്ടിയത്തുള്ള കോർപ്പറേഷൻ ഫാക്ടറി അദ്ദേഹം കണ്ടു. മൊത്തത്തിൽ നമ്മുടെ '56 കുഞ്ഞുകുഞ്ഞിന്റെ' ഫാക്ടറിയിലും ശ്രീ. ശിവദാസൻ ലൈസൻസ് കൊടുത്ത ഫാക്ടറികളിലും ഒക്കെ പ്രധാനമന്ത്രി കൊട്ടിയത്തുകണ്ട സ്ഥിതി വരണം. തൊഴിയു

LIBRARY ARCHIVES Kerala Legislative Assembly

മൊക്കെവെച്ച് നല്ല സാരിയുമുടുത്ത് കോളേജ്കുമാരികളെപ്പോലെ നമ്മുടെ പെണ്ണുങ്ങൾ ഇരിക്കുന്നു. അത് ഈ വ്യവസായത്തിൽ എല്ല യിടത്തും ഒന്നു വന്നുകണ്ടിട്ട് മരിച്ചാൽ കൊള്ള മെന്ന ആഗ്രഹം എനിക്കുണ്ട്. ഐഡിയൽ കോർപ്പറേഷൻ—നമ്പർ വൺ ഫാക്ടറിയാണ് അദ്ദേഹത്തെ കാണിച്ചത്. കുട്ടികളൊക്കെ എങ്ങനെയിരുന്നു എന്നറിയാമോ അവിടെ? നമ്മുടെ പ്രധാനമന്ത്രി തെറ്റിദ്ധരിച്ചുകാണും. ഇതാണോ കശുവണ്ടി വ്യവസായം. ഞാൻ നിങ്ങളോട് ചോദിക്കുന്നു, നമ്മുടെ പ്രധാനമന്ത്രി കശുവണ്ടിവ്യവസായം എന്താണെന്ന് ഒന്നറിയേണ്ടതല്ലേ? കൊട്ടിയം ഫാക്ടറി കാണിക്കാം, തൊപ്പിയൊക്കെ വയ്ക്കാം. പ്രധാനമന്ത്രി പോയി, തൊപ്പിയും പോയി. അവിടെ ഗ്രേഡിംഗ് സെക്ഷനിൽ ഫാൻ ഇട്ടു. കഷ്ടകാലത്തിന് പ്രധാനമന്ത്രി ആ സെക്ഷനിൽ പോയതുമില്ല. അവിടെ സ്ത്രീ തൊഴിലാളികളൊക്കെ വഴക്കിലാണ്. പ്രധാനമന്ത്രിയെ എന്തുകൊണ്ട് അങ്ങോട്ട് കൊണ്ടുവന്നില്ല എന്നവർ ചോദിക്കുന്നു. ഗ്രേഡിംഗ് ഒക്കെ ഉപേക്ഷിച്ച് വറുപ്പും മൊരിപ്പും പീലിംഗും കണ്ടിട്ട് അദ്ദേഹം പോയി. ഒരു സ്വകാര്യ മേഖലയിലെ ഒരു ഫാക്ടറി; ഒരു കുടിൽശാല, നമ്മുടെ കാപ്പെക്സിന്റെ ഒരെണ്ണമെങ്കിലും കൂടി അദ്ദേഹത്തെ കാണിച്ചുകൊടുക്കാമായിരുന്നില്ലേ? ഇത് സ്വകാര്യ മേഖലയിൽ, ഇത് സഹകരണമേഖലയിൽ ഇത് ഞങ്ങളുടെ കോർപ്പറേഷനേറത് എന്നു പറഞ്ഞ്. ഇതിൽ ഓരോന്നുവീതം കാണിച്ചിരുന്നുവെങ്കിൽ, എന്താണ് ഈ വ്യവസായം എന്നുള്ളതിനെപ്പറ്റി ഒരു ധാരണ നമ്മുടെ പ്രധാനമന്ത്രിക്ക് ഉണ്ടാകുമായിരുന്നു. അങ്ങനെയായിരുന്നുവെങ്കിൽ നമുക്ക് ഗുണം കിട്ടുമായിരുന്നു എന്നാണ് എന്റെ അഭിപ്രായം. എന്തുകൊണ്ടെന്നാൽ ഈ വ്യവസായത്തിലെ തൊഴിലാളികളുടെ ജീവിതപ്രയാസങ്ങൾ അദ്ദേഹത്തിന് മനസ്സിലാക്കാൻ കഴിയുമായിരുന്നു. പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ ഭാര്യയും കശുവണ്ടിത്തൊഴിലാളികളുടെ കയ്യിലെ കറ കണ്ടിട്ട് ഇത് എങ്ങനെ വൃത്തിയാക്കും, നിങ്ങൾക്ക് ഗ്ലൗസ് ഉപയോഗിച്ചുകൂടെ എന്നു ചോദിക്കുന്നു. ഗ്ലൗസ് ഇട്ടാൽ ജോലി താമസിക്കും, ഞങ്ങൾക്ക് പീസ് റേറാണ്. ജോലി താമസിച്ചാൽ വരുമാനം കുറയുമെന്ന് തൊഴിലാളി മറുപടി പറയുന്നു. ഇതൊക്കെ മനസ്സിലാക്കാൻ സൗമനസ്യവും സംസ്കാരവുമൊക്കെ ഉള്ളവരാണ് അവർ. സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ പരമദയനീയമായ വേല സാഹചര്യങ്ങൾകൂടി മനസ്സിലാക്കാൻ അവർക്ക് അവസരം നൽകിയിരുന്നുവെങ്കിൽ തൊഴിലാളികളുടെ ദുസ്ഥിതിയുടെ യഥാർത്ഥ ചിത്രം പ്രധാനമന്ത്രിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ, കേന്ദ്ര ഗവൺമെന്റിന്റെ ഗണ്യമായ സഹായം ഈ വ്യവസായത്തിനുവേണ്ടി ചോദിക്കാനും അത് കിട്ടനും കഴിയുമായിരുന്നു എന്നാണ് എന്റെ വിശ്വാസം. കാഷ്യൂ കോർപ്പറേഷൻ പുനഃസ്ഥാപിച്ചതിനെ. കഴുത്തറപ്പൻ മൽസരത്തിലൂടെ കള്ളപ്പണമുണ്ടാക്കുന്ന വ്യവസായികളുടെ ഒരു ലോബിയുണ്ട്. അവരുടെ ലോബി ശക്തവുമാണ്. ഈ ഗവൺമെന്റിനെ നയിക്കുന്നത് അവരാണെന്ന് ഞാൻ പറയുന്നു. ഇങ്ങനെ കള്ളപ്പണമുണ്ടാക്കാൻ തൊഴിലാളികളെ ചൂഷണം ചെയ്യാൻ, ഈ രാജ്യത്ത് സാമൂഹ്യപ്രശ്നമുണ്ടാക്കാൻ അനുവദിക്കാതെ ചൂഷണവിധേയരായ ഒരു വിഭാഗം തൊഴിലാളികളെയും നാടിനെയും രക്ഷിക്കാൻ കഴിയുമായിരുന്നു എന്നാണ് എന്റെ വിശ്വാസം. കാപ്പെക്സ് നിലനിറുത്തേണ്ടതാണ്. അതിനുവേണ്ടി സഹായിക്കാനും സഹകരിക്കാനും ഞങ്ങൾ തയ്യാറാണ്. അത് മാതൃകാപരമായ ഒരു സ്ഥാപനമാകണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ '56 കുഞ്ഞുകുഞ്ഞാകരുത്' അതുകൊണ്ട് ഈ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകളവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri Varkala Radhakrishnan: Sir, I move that the Kerala Cashew Factor es Acqu sition Amendment Bill, 1984 be circulated for eliciting public opinion till 30-9-1985. ബഹുമാനപ്പെട്ട ആർ. എ സ്. ഉണ്ണി ഇവിടെ പറഞ്ഞ വസ്തുതകളോട് ഞാൻ യോജിക്കുകയാണ്. ഇന്നലെ അവതരിപ്പിച്ച ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ ചില അഭിപ്രായങ്ങളും പറഞ്ഞു. അത് ഈ ബില്ലിലും ബാധകമാണ്. എനിക്ക് ഈ അവസരത്തിൽ മുഖ്യമായി പറയാനുള്ളത്, ഇതൊരു നിയമസഭയാണ്. ഈ നിയമസഭ അതിന്റെ പ്രധാനപ്പെട്ട ചുമതലകളും നിർവ്വഹിക്കുകയാണ് ബില്ലുകളും ചർച്ചചെയ്യുകയും പാസ്സാക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ. ഈ കേരള നിയമസഭ 1974-ൽ പാസ്സാക്കിയ മൂലനിയമം 1984 വരെ കോൾഡ് സ്റ്റോറേജിൽ വച്ചിരുന്നുവെന്ന് നമ്മുടെ മന്ത്രി തന്നെ ഇവിടെ പറഞ്ഞു. അതുവരെ ഈ നിയമം നടപ്പിലാക്കിയില്ല ഈ ഗവൺമെന്റ്. ഈ രാജ്യത്തെ കശുവണ്ടി മേഖലയിൽ അടഞ്ഞുകിടന്ന കശുവണ്ടി ഫാക്ടറികളും ഏറ്റെടുത്ത്, വിലയ്ക്കെടുത്ത് തൊഴിലാളിക്ക് ഗുണം ചെയ്യുന്നതിനുവേണ്ടി പാസ്സാക്കിയെടുത്ത ഒരു നിയമമാണ്. അതിന്റെ പോരായ്മകളും കുറവുകളുമിരിക്കട്ടെ. അങ്ങനെ പാസ്സാക്കിയെടുത്ത ഒരു നിയമം ഇവിടെ നടപ്പിലാക്കാൻ പത്തുകൊല്ലം കഴിഞ്ഞിട്ടും ഇവിടുത്തെ എക്സിക്യൂട്ടീവിന് സമയമുണ്ടായില്ല എന്നുള്ളത് ആലോചിക്കുമ്പോൾ അതിന്റെ ഗുരുതരാവസ്ഥ അങ്ങേയ്ക്കും സഭയ്ക്കും മനസ്സിലാകുന്നതാണ്. പത്തുകൊല്ലമായിട്ടും എന്തുകൊണ്ട് നടപ്പിലായില്ല? അപ്പോൾ ഈ നിയമം പാസ്സാക്കിയതുകൊണ്ട് വല്ല അർത്ഥവുമുണ്ടോ? നമ്മുടെ ഭരണഘടനയനുസരിച്ച് മൂന്ന് ഘടകങ്ങളാണുള്ളത്. ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും ജുഡീഷ്യറിയും. മൂന്നും ഭരണഘടനയുടെ സൃഷ്ടികളാണ്. ഈ മൂന്നും അതാതിന്റെ മേഖലകളിൽ സ്വതന്ത്രവും നീതിപൂർവ്വകവുമായി പ്രവർത്തിക്കണമെന്നാണ് ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളത്. ഒന്ന് മറ്റൊന്നിന്റെ അധികാരത്തിൻമേൽ കൈകടത്താൻ പാടില്ല; അതുപോലെ നമ്മുടെ നിയമസഭ പാസ്സാക്കുന്ന നിയമങ്ങളും നടപ്പിലാക്കാൻ ഈ ഗവൺമെന്റ് അല്ലെങ്കിൽ എക്സിക്യൂട്ടീവ് ബാദ്ധ്യസ്ഥവുമാണ്. നിർഭാഗ്യവശാൽ അത് നടന്നില്ല. എന്റെ പോയിന്റ് ഈ നിയമ നിർമ്മാണവും അതുപോലെതന്നെ ഈ നിയമനിർമ്മാണം നടപ്പിലാക്കേണ്ടുന്നതും ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. പാസ്സാക്കുന്ന നിയമങ്ങളിൽ അപാകതയുണ്ടോ എന്നു പരിശോധിക്കേണ്ടത് ജുഡീഷ്യറിയുടെ ചുമതലയുമാണ്. ഞാൻ എന്റെ വാദഗതി ഒരുദാഹരണംകൊണ്ട് വ്യക്തമാക്കാം. ഈ അടുത്ത കാലത്തുണ്ടായ ഒരു പ്രശ്നമാണല്ലോ ബാലകൃഷ്ണപിള്ള പ്രശ്നം. അത് ജുഡീഷ്യറിയും എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും തമ്മിലുള്ള ബന്ധത്തിന്റെ പരിധിയിലെത്തിയിരിക്കുകയാണ്. ബാലകൃഷ്ണപിള്ള പ്രശ്നത്തിൽ കമ്മറ്റ്മെന്റ് എന്താണെന്ന് ചോദിച്ചാൽ അങ്ങേയ്ക്കറിയാം. ബാലകൃഷ്ണപിള്ള സത്യപ്രതിജ്ഞാ ലംഘനം നടത്തിയിട്ടുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്. സത്യപ്രതിജ്ഞാ ലംഘനം നടത്തിയിട്ടുണ്ടോ എന്നു പരിശോധിക്കാനുള്ള ചുമതല മുഖ്യമന്ത്രി കരുണാകരനാണെന്ന് ഡിവിഷൻ ബഞ്ച് വിധിച്ചു. അതു കഴിഞ്ഞശേഷം ഇവിടെ രാഷ്ട്രീയ നിലവാരത്തിൽ വളരെ ആലോചനകളെല്ലാം നടന്നു. ഗവൺമെന്റിന്റെ രൂപമനുസരിച്ച് ഈ വക കാര്യങ്ങളിലെല്ലാം തീരുമാനമെടുക്കാനുള്ള അധികാരം മുഖ്യമന്ത്രിക്കുണ്ട്. ബാലകൃഷ്ണപിള്ളയെ എടുക്കേണ്ട എന്നശക്തമായ അഭിപ്രായം എനിക്കുണ്ട്, അതു വേറെ കാര്യം. പക്ഷേ എടുക്കണമോ വേണ്ടയോ എന്ന് അന്തിമമായി തീരുമാനിക്കാനുള്ള ഉത്തരവാദിത്വം ഭരണഘടനപ്രകാരം ക്യാബിനറ്റിന്റെ കളക്ടീവ്

LIBRARY ARCHIVES Kerala Legislative Assembly

റെസ്പോൺസിബിലിറ്റി അനുസരിച്ച് മുഖ്യമന്ത്രിക്കാണ്. അങ്ങനെയൊരു തീരുമാനത്തിനുവിട്ടുകൊടുത്തുകൊണ്ട് ഇന്നലെ നമ്മുടെ ജുഡീഷ്യറിയിൽ വേറൊരു ഡവലപ്മെൻറുണ്ടായി. ഇന്നലെ ഈ പ്രശ്നം വീണ്ടും നമ്മുടെ ഹൈക്കോടതിയുടെ മുമ്പാകെ വന്നു; ജസ്റ്റിസ് കെ. പി. രാധാകൃഷ്ണ മേനോൻറെ മുമ്പാകെ. ഇന്നത്തെ ഇന്ത്യൻ എക്സ്പ്രസിൽ ഒരു ഭാഗത്ത് പറയുന്നുണ്ട് .....

ഡെ. സ്പീക്കർ: ബില്ലിൻറെ ചർച്ചയിൽ ഇതൊക്കെ വേണോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബില്ലിൻറെ ചർച്ചയിലാണ് ഇതൊക്കെ പറയുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: അങ്ങ് ഈ നിയമസഭയിലെ പരിണിത പ്രജ്ഞനായ ഒരു നിയമജ്ഞനാണ്. അതിനുപുറമെ ആം ഇന്ത്യാ ലായേഴ്സ് ഫോറത്തിൻറെ സംസ്ഥാന ജനറൽ സെക്രട്ടറിയും അഖിലേന്ത്യ വൈസ് പ്രസിഡൻറും കൂടിയാണ്. ഇന്നലെ കേരള ഹൈക്കോടതിയിൽ നടന്ന ആ നാണംകെട്ട നാടകം കോടതിക്കുതന്നെ അപമാനമല്ലേ? ഇത് കേരളത്തിൻറെ നീതിന്യായത്തിൻറെ തന്നെ അടിത്തറ തകർക്കുന്ന ഒന്നല്ലേ? ഈ നിലയിൽ പെരുമാറുന്ന ജഡ്ജിമാർ ഇരിക്കുന്നത് നല്ലതാണോ? ഇത്തരം ജഡ്ജിമാർ സ്വയം രാജിവെച്ചു പോകേണ്ടതല്ലേ? അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്ത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: ശ്രീ. താമരാക്ഷൻ ഇപ്പോഴം ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു വസ്തുത പറഞ്ഞു. എന്താണ് കോടതിയിലുണ്ടായതെന്നെന്ന് അറിയാൻ അംഗങ്ങൾക്ക് താല്പര്യമുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: എൻറെ സുഹൃത്ത് താമരാക്ഷൻ പറഞ്ഞ കാര്യങ്ങളിലുള്ള അഭിപ്രായ പ്രകടനം ഞാൻ ഇപ്പോഴം നടത്തുന്നില്ല. ഇന്നലെ കോടതിയിൽ നടന്ന ഒരു സംഗതിയെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്.

Indian Express, September 10.

"However, about half an hour later when the order was presented to the judge by the stenographer for signature, the judge presumably on second thoughts asked senior councel Mr. S. Narayanan Potti and former Advocate General K. Sudhakaran, who were then present in the court, for their views. Mr. Potti expressed the view that notice should not be ordered upon the petition since the issues involved were outside the jurisdiction of the court and also pointed out that by admitting the petition, the entire issue would become sub-judice and that the Chief Minister will be unable to take a decision on the matter."

Following these submissions, the judge postponed a decision on the petition to Tuesday."

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): ഹൈക്കോടതിയിൽ വന്ന ഒരു റിട്ടും ഈ ബില്ലും തമ്മിൽ എന്താണ് ബന്ധം? കശുവണ്ടിയെ സംബന്ധിച്ചാണെങ്കിൽ മനസ്സിലാക്കാം. ഏതോ ഒരു പൗരൻ കോടതിയിൽ ഒരു റിലീഫിനു പോയത് ഇവിടെ പറഞ്ഞ് സമയം എന്തിന് ദുരുപയോഗപ്പെടുത്തുന്നു?

11 A.M]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: നിയമസഭ എല്ലാ വശങ്ങളും പരിശോധിച്ച് പാസ്സാക്കുന്ന ബില്ലിന്റെ, അതിന്റെ നിയമസാധുതതന്നെ കോടതിയിൽ ചോദ്യം ചെയ്യപ്പെടും. ആ കോടതി തന്നെ ഒരു ഉത്തരവ് പറയുകയും ഒരു ദിവസത്തിനുള്ളിൽ വിത്ത് ഡ്രാ ചെയ്യുകയും രാഷ്ട്രീയമായി സ്വാധീനിക്കുകയും.....

ശ്രീ. എം. എം. ഹസ്സൻ: നിയമനിർമ്മാണ ചർച്ചകൾക്കിടയിൽ, ബില്ലിനെക്കുറിച്ച് ചർച്ച നടക്കുന്ന സമയത്ത്, ജുഡീഷ്യറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച്, ജുഡീഷ്യറിയുടെ സ്വതന്ത്രമായ പ്രവർത്തനത്തെക്കുറിച്ച്, വിമർശനങ്ങൾ നടത്തുന്നതും നിയമനിർമ്മാണസഭ എന്നുള്ള നിലയിൽ ഈ ബില്ലുമായി യാതൊരു തരത്തിലും ബന്ധമില്ലാത്ത ഏതൊരു പൗരനും ഏത് കാര്യത്തിനും പ്രത്യേകമായിട്ടുള്ള പരിഹാരം കാണാൻ കോടതിയെ സമീപിക്കാമെന്നിരിക്കെ—ഇത്തരം കാര്യങ്ങൾ ഇവിടെ വിവാദപരമായി പരാമർശിക്കുന്നത് ഓർഡറിലാണോ?

ശ്രീ. എം. വി. രാഘവൻ: സർ, റൂളിംഗ് നൽകുന്നതിനുമുമ്പ് ഒരു കാര്യം. ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് കോടതിയെ അപമാനിക്കത്തക്ക രീതിയിൽ അല്ല. ഇവിടെ ഒരു നിയമം നിർമ്മിക്കുകയാണ്. ആ നിയമം നിർമ്മിക്കുമ്പോൾ, ആ നിയമം കോടതിയിൽ എത്തിയാൽ എന്താകും; നമ്മുടെ കോടതികളുടെ പ്രവർത്തനത്തിന്റെ ഫലമായിട്ട് അത് ഏത് രീതിയിൽ വരും—അതിനെപ്പറ്റിയെല്ലാം മെമ്പർമാർക്ക് പറയേണ്ടിവരും.

ശ്രീ. എ. വി. താമരാക്ഷൻ: സർ, റൂളിംഗ് നൽകുന്നതിനു മുമ്പായി ഒരു കാര്യം: ഇവിടെ കോടതിയെ ആരും വിമർശിച്ചില്ല. കോടതിയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കണമെന്നുതന്നെയാണ് ഞങ്ങളുടെയും ആഗ്രഹം. ഇവിടെ കേരള ഹൈക്കോടതിയിൽ, ശ്രീ. ബാലകൃഷ്ണപിള്ള സത്യപ്രതിജ്ഞ ലംഘിച്ചിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ച് ഒരു കേസ് ഉണ്ടായി. അത് തീരുമാനിക്കേണ്ടത് മുഖ്യമന്ത്രിയും ഗവർണ്ണറുമാണ് എന്ന് വിധി പ്രഖ്യാപിച്ചു. അത് മുഖ്യമന്ത്രിയുടെ പരിഗണനയിലിരിക്കുമ്പോൾ അതിനെ സംബന്ധിച്ചുതന്നെ, ഇവിടെ ഒരു റിട്ട് ജസ്റ്റീസ് ശ്രീ രാധാകൃഷ്ണ മേനോൻ ഫയലിൽ അംഗീകരിക്കുകയും മുഖ്യമന്ത്രിക്ക് നോട്ടീസ് കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തതിനുശേഷം ഓപ്പൺ കോർട്ടിൽ സീനിയർ അഡ്വക്കേറ്റുമാരായ ശ്രീ. നാരായണൻപോറ്റിയും ശ്രീ. സുധാകരനുമായി കൺസൾട്ട് ചെയ്തപ്പോൾ ഇത് അൺഫെയർ ആണ് എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആ ഓർഡർ പിൻവലിച്ച് നാളത്തേക്ക് മാറ്റിയത് അപമാനമല്ലേ? കോടതിക്കെതിരായ നടപടിയല്ല കോടതിയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇന്നിപ്പോൾ ഉണ്ടായ ചില നടപടികൾ കോടതിയുടെ അന്തസ്സിനുപോലും വിഘാതമായി വന്നിരിക്കുന്നു. അതാണ് ചൂണ്ടിക്കാണിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഹസ്സൻ ചോദിച്ചത് ഇതുമായി യാതൊരു ബന്ധവുമുള്ളതല്ല. ഒരു പത്രത്തിൽ വന്ന വാർത്ത വായിച്ചു എന്നല്ലാതെ വേറെ യാതൊന്നും ഇതിൽ നടന്നിട്ടില്ല. ഒരു കാര്യംകൂടി, ബഹുമാനപ്പെട്ട വർക്കല ഓർക്കേണ്ടത്: ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കുക കഴിഞ്ഞ ഒന്നുരണ്ട് മാസമായി പിള്ളയുടെ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നതാണ്. ഇനി മേലിലെങ്കിലും അത് ഒഴിവാക്കി ബില്ലിലേക്ക് ഒതുങ്ങി സംസാരിക്കാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. രാധാകൃഷ്ണൻ: ഞാൻ കോടതിയുടെ നടപടിയെ സംബന്ധിച്ച് ഒരഭിപ്രായവും പറഞ്ഞില്ല, പറയുകയുമില്ല. അത് പിന്നീട് പറയും. അത് പറയാൻ എനിക്ക് സമയം ഉണ്ടാകുമ്പോൾ ഞാൻ പറയും. പക്ഷേ ഇപ്പോൾ കോടതിയിൽ നടന്ന ഒരു നടപടിക്രമം ഞാൻ ഇവിടെ വായിച്ചത് ഒരുദ്ദേശത്തോടുകൂടിയാണ്. ആ ഉദ്ദേശമാണ് പറയാൻ പോകുന്നത്. നമ്മൾ ഇപ്പോൾ ഈ രാജ്യത്ത് കശുവണ്ടി വ്യവസായസ്ഥാപനങ്ങൾ ഏറ്റെടുക്കണം, ഗവൺമെന്റ് വിലയ്ക്കെടുക്കണം, എന്ന നിയമം പാസ്സാക്കി എന്നിരിക്കട്ടെ. നമ്മുടെ രാജ്യത്ത് വ്യവസായവൽക്കരണം ഒരു നയമാണെങ്കിൽ പ്രധാനപ്പെട്ട വ്യവസായങ്ങൾ ഗവൺമെന്റ് ഏറ്റെടുക്കണം. അത് നമ്മുടെ ഒരു നയമാണ്. നമ്മുടെ ഭരണഘടനയിലെ നാലാമത്തെ ചാപ്റ്ററിൽ ഉള്ളതാണ്. It is one of the Principles of the State Policy. അത് പൊതുതത്വമല്ലേ? അതെ. പക്ഷേ ഇതിനകത്ത് ഒരു അപകടം പതിയിരിക്കുന്നത് എന്താണെന്നു ചോദിച്ചാൽ നഷ്ടപരിഹാരത്തിന്റെ പ്രശ്നമാണ്. നഷ്ടപരിഹാരം മുതലാളിക്ക്; തൊഴിലാളിക്ക് നഷ്ടപരിഹാരമില്ല. തികച്ചും പക്ഷപാതപരമായ ഒരു സമീപനമാണ് 1974-ൽ പാസാക്കിയ നിയമത്തിലുള്ളത്. ശ്രീ. അഹമ്മദ് ഇവിടെ നിയമം കൊണ്ടുവരുമ്പോൾ ആ പക്ഷപാതപരമായ സമീപനത്തിൽ മൗലികമായ ഒരു മാറ്റം വരുമെന്നാണ് ഞാൻ ധരിച്ചത്. അത് ഉണ്ടായില്ല. നിയമം നടപ്പിലായില്ല. ഇത് പറയുമ്പോൾ ഇത് കോടതിയുടെ പരിശോധനയ്ക്കുപോകും. കോടതിയുടെ പരിശോധനയ്ക്ക് ഇതിനുമുമ്പ് പോയിട്ടില്ലേ? പോയിട്ടുണ്ട്. പരിശോധനയ്ക്കു പോകുമ്പോൾ ഞാൻ ഈ പറഞ്ഞതുപോലെ 'ബാലകൃഷ്ണപിള്ള പ്രശ്നങ്ങൾ' അവിടെ വരാൻ ഇടയില്ലേ? ആ സമീപനം വരാനിടയില്ലേ? ഞാൻ ചോദിക്കുന്നു, നമ്മുടെ സഖാവേതന്നല്ലേ മുഖ്യമന്ത്രി? ആ മുഖ്യമന്ത്രി ആരോ ആയിക്കോട്ടെ, നമ്മുടെ രാജ്യത്ത് ആർക്കും മുഖ്യമന്ത്രി ആകാമല്ലോ; ശ്രീ. ആന്റണിയെ മുഖ്യമന്ത്രി ആയിരുന്നിട്ടില്ലേ? ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിട്ടില്ലേ? ഇത് നമ്മൾ സഹിച്ചല്ലേ ഒക്കൂ? അത് വേറെ പ്രശ്നം. പക്ഷേ മുഖ്യമന്ത്രിക്ക് ഒരു കടമയുണ്ട്; ഒരു ചുമതലയുണ്ട്. അത് ശരിയായി വിനിയോഗിക്കുന്നുവോ തെറ്റായി വിനിയോഗിക്കുന്നുവോ എന്നുള്ളതാണ് വേറെ കാര്യം. പക്ഷേ ആ കടമയിൽ ആര് കൈവച്ചാലും അത് തെറ്റല്ലേ? ഒരു തീരുമാനമുണ്ടായി, മുഖ്യമന്ത്രിയാണ് ശ്രീ. ബാലകൃഷ്ണപിള്ളയുടെ പേരിൽ അവസാന തീരുമാനമെടുക്കേണ്ടത്. അദ്ദേഹം അത് ഉടനെ സുപ്രീം കോടതിയിലെ ജഡ്ജിയോടാവശ്യപ്പെട്ടു. റിട്ടയേർഡ് ജഡ്ജി ശ്രീ. കെ. കെ. മാത്യുവിനെ ഈ കാര്യത്തിൽ ഇഷ്ടംപോലെ പറയാം. ശ്രീ. കെ. കെ. മാത്യുവിന് നിയമോപദേശം കൊടുക്കാൻ ഭരണഘടനയിൽ യാതൊരു അവകാശവുമില്ല. ശ്രീ. കെ. കെ. മാത്യുവിനോട് ഉപദേശം ചോദിക്കാൻ മുഖ്യമന്ത്രി പോയതുതന്നെ തികച്ചും വിവരക്കേട്; ഭരണഘടനാലംഘനം. ശ്രീ. കെ. കെ. മാത്യു ഉപദേശം കൊടുത്തതുതന്നെ അതിലും വലിയ വിവരക്കേടും ഭരണഘടനാലംഘനവുമാണ്. സുപ്രീം കോടതി ജഡ്ജി ഉന്നതമായ ഒരു പദവി അലങ്കരിക്കേണ്ട ഒരു വ്യക്തിയാണ്. അദ്ദേഹത്തിന് അഡ്വക്കേറ്റ്സ് ആക്ട് അനുസരിച്ചും ഭരണഘടനയുടെ 124 (7)-ം ഉപവകുപ്പനുസരിച്ചും.....

ശ്രീ. എ. വി. താമരാക്ഷൻ: പ്രഗല്ഭനായ ഒരു നിയമജ്ഞനായതുകൊണ്ട് സഭയിൽ നിയമം അറിയാത്ത ആളുകളും ഉള്ള നിലയിൽ അറിയാൻ വേണ്ടി ചോദിക്കുകയാണ്—ഭരണഘടനാലംഘനം നടത്തിയിട്ടുണ്ടോ എന്ന് വിധി പ്രഖ്യാപിക്കേണ്ടത് മുഖ്യമന്ത്രിയാണെന്ന് കേരള

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പ്രഖ്യാപിച്ചശേഷം ആ വിധി നിൽക്കുമ്പോൾ ഇന്നലെ ശ്രീ. മൂപ്പനാർ വന്ന് ആ കാര്യം പ്രധാനമന്ത്രിയുടെ പരിഗണനയ്ക്ക് വിട്ടത് കോർട്ടലക്ഷ്യമല്ലേ, ഭരണഘടനാലംഘനമല്ലേ; അതോ നിയമവിധേയമാണോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ യാതൊരു കേസുമില്ലാത്ത വക്കീലാണ് എന്ന് ശ്രീ. താമരാക്ഷനു് അറിയാമോ? അദ്ദേഹത്തിന്റെ അടുത്ത് കക്ഷികളാരും പോകാറില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അതിനു് ഞാൻ മറുപടി പറയാം. അദ്ദേഹത്തിന്റെ പാർട്ടിക്കാർക്ക് കേസ് ഉണ്ടായാൽ ആദ്യം എന്റെ അടുത്താണ് വരുന്നത്. ശ്രീ. രാമചന്ദ്രൻ മാസ്റ്ററുടെ പാർട്ടിയിലെ ഇവിടത്തെ ഡി.സി.സി. പ്രസിഡന്റ് അടക്കം എന്റെ കക്ഷികളാണ്. 30 കൊല്ലമായി ഈ പണി തുടങ്ങിയിട്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ സർ? അദ്ദേഹത്തിന്റെ അടുത്ത് ആരും പോകാറില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ശ്രീ. ബാലകൃഷ്ണപിള്ള എനിക്ക് ഫീസ് തന്ന ഒരു വ്യക്തിയാണ്. അതുകൊണ്ട് വാസ്തവത്തിൽ ഞാൻ ശ്രീ. ബാലകൃഷ്ണപിള്ളയ്ക്കുവേണ്ടി വാദിക്കാം, പക്ഷേ ഈ കാര്യത്തിൽ ഒക്കുകയില്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും പണ്ട് എന്റെ കക്ഷിയായിരുന്നു. ബാലകൃഷ്ണപിള്ളയുടെ കേസ് ഞാൻ വാദിച്ചിട്ടുണ്ട്. പക്ഷേ ബാലകൃഷ്ണപിള്ളയെ ഈ കാര്യത്തിൽ എനിക്ക് സഹായിക്കാൻ സാധിക്കുകയില്ല; ബാലകൃഷ്ണപിള്ളയെ എടുക്കാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. വി. താമരാക്ഷൻ: ഞാൻ ചോദിച്ചത്, ഭരണഘടനാലംഘനം നടത്തിയിട്ടുണ്ടോ എന്ന് മുഖ്യമന്ത്രിയാണ് തീരുമാനിക്കേണ്ടതു് എന്ന് ഹൈക്കോടതി വിധി പ്രഖ്യാപിച്ചത് നിലനിൽക്കുമ്പോഴാണ് ഈ കാര്യം മുഖ്യമന്ത്രി തീരുമാനിക്കാതെ പ്രധാനമന്ത്രിക്ക് അയക്കുന്നത് കോർട്ടലക്ഷ്യമല്ലേ, അത് ഭരണഘടനാലംഘനമല്ലേ? അതിനെ സംബന്ധിച്ച് നിയമജ്ഞൻ എന്നുള്ളനിലയിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: മുഖ്യമന്ത്രിയാണ് തീരുമാനിക്കേണ്ടതു്. കോടതിവിധി അതാണ്. പക്ഷേ ശ്രീമാൻ കരുണാകരൻ എന്തു ചെയ്യുമെന്ന് എനിക്കറിയുകയില്ല. മുഖ്യമന്ത്രിയാണ് തീരുമാനിക്കേണ്ടതു് എന്നാണ് ഇപ്പോഴും നിയമപരമായ നില. പ്രധാനമന്ത്രി തന്നെ ആ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. പ്രധാനമന്ത്രി കേരളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തോടു ചോദിച്ചപ്പോൾ മുഖ്യമന്ത്രിയാണ് ആ കാര്യം തീരുമാനിക്കേണ്ടതു് എന്നാണ് അദ്ദേഹം പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് പ്രധാനമന്ത്രി ഈ കാര്യത്തിൽ തീരുമാനമെടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ശ്രീ. കോടിയേരിബാലകൃഷ്ണൻ: സർ, പഞ്ചാബ് മോഡൽ പ്രസംഗം നടത്തിയതിന്റെ പേരിൽ മന്ത്രിസ്ഥാനം പോയ ബാലകൃഷ്ണപിള്ളയെ പഞ്ചാബിലെ ഇലക്ട്രിസിറ്റി മന്ത്രിയാക്കാം എന്ന് ശ്രീ. കരുണാകരൻ ഓഫർ കൊടുത്ത കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: അറിവില്ല. ഞാൻ ഇത് പറഞ്ഞത് നമ്മുടെ നാട്ടിൽ ഇന്നത്തെ സംവിധാനത്തിൽ ഒരു മൂല്യത്തകർച്ചയുണ്ട് എന്നു പറയാനാണ്. നമ്മുടെ ഓരോ സ്ഥാപനവും അതാതിന്റെ സ്റ്റാന്റേർഡ് പുലർത്തണം. ഈ നിയമത്തിൽ, കശുവണ്ടി ഫാക്ടറി വിലയ്ക്കെടുക്കൽ നിയമത്തിൽ, ഈ ഗവൺമെന്റിന് എന്തെങ്കിലും ആത്മാർത്ഥത ഉണ്ടായിരുന്നുവെന്ന് നമുക്ക് പറയാൻ കഴിയുമോ? ഈ നിയമം പാസാക്കിയിട്ടു പത്ത് കൊല്ലമായില്ലേ? ഇതുവരെ ഒന്നും ചെയ്തില്ലല്ലോ. ഈ നിയമസഭ പാസാക്കിയിട്ടുള്ളതാണ് ഡി സ്ട്രിക്ട് കൗൺസിൽ ആക്ട്. ഇന്നുവരെ അത് നടപ്പിലാക്കിയിട്ടില്ല. രാഷ്ട്രീയമായ പരിഗണനവച്ചാണ് ആ നിയമം നടപ്പിലാക്കാതിരുന്നിട്ടുള്ളത്. കശുവണ്ടി വ്യവസായ സ്ഥാപനങ്ങൾ അന്ന് പൂട്ടിക്കിടന്നിരുന്നു. 65-ലധികം കശുവണ്ടി വ്യവസായ സ്ഥാപനങ്ങൾ വിലയ്ക്കെടുക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമം അന്ന് പാസാക്കിയതെന്നാണ് വ്യവസായ വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചത്. പക്ഷേ പത്തുകൊല്ലക്കാലം ഒന്നും ഉണ്ടായില്ല. 1984-നുശേഷമാണ് ഈ ഓർഡിനൻസ് വരുന്നത്. ഈ നിയമത്തിൽത്തന്നെ വേറൊരു അപകടം പതിയിരിപ്പുണ്ട്. മുതലാളിമാർക്ക് നോട്ടീസ് കൊടുത്ത് അവരുടെ ഒബ്ജക്ഷൻ കേട്ടതിനുശേഷമാണ് തീരുമാനം ഉണ്ടാകേണ്ടത്. ഈ നിയമത്തിനെ പ്രതികൂലമായി ബാധിക്കുന്ന ഒരു സംഗതിയുണ്ട്. അതുകൊണ്ടാണ് ആ നിയമത്തിൽ ഈ ഭേദഗതി വരുത്തണമെന്ന് ഞങ്ങൾ പറഞ്ഞത്. ഇന്നും ആ വാദഗതിയോടു പൂർണ്ണമായി യോജിച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ഈ നിയമത്തിലെ ചില വ്യവസ്ഥകൾ തൊഴിലാളിക്ക് അങ്ങേയറ്റം ദ്രോഹകരമാണ്. കുറ്റങ്ങളും കുറവുകളും ഉണ്ടെങ്കിലും തൊഴിലാളിയെ സംബന്ധിച്ചിടത്തോളം അവന്റെ അവകാശങ്ങൾ അംഗീകരിക്കുന്ന ഒരു നിയമമാണ് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട്. ആ ആക്ടിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ പറയാം. ഉദാഹരണമായിട്ട് 25 ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി. തൊഴിലാളികളുടെ ബാക്കി സർവ്വീസ് അംഗീകരിക്കേണ്ടതും തൊഴിലാളികളുടെ മിനിമം വേജസ് കൊടുക്കേണ്ടതുമല്ലേ? മനഃപൂർവ്വമായി ഇവിടത്തെ സ്വകാര്യ മുതലാളിമാർ പ്രവർത്തനരഹിതമാക്കി, തൊഴിലാളികൾക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ പൂർണ്ണമായി കുടിശ്ശിക ആക്കിയിട്ടുള്ള സ്ഥാപനങ്ങളെ ഏറ്റെടുക്കുകയെന്നുപറഞ്ഞാൽ തൊഴിലാളികൾക്ക് ഗുണം ചെയ്യുന്നതിനേക്കാൾ കൂടുതൽ മുതലാളിമാരെ സഹായിക്കുകയായിരിക്കും ഈ വിലയ്ക്കെടുക്കൽ നിയമംകൊണ്ട് നടപ്പിൽ വരുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് മുതലാളിമാർക്ക് നഷ്ടപരിഹാരം മാത്രമല്ല, തൊഴിലാളികൾക്കു ന്യായമായ ജോലി ചെയ്ത കൂലിയുടെ അരിയർ കൊടുക്കേണ്ടേ? അപ്പോൾ തൊഴിലാളികൾക്ക് കൊടുക്കേണ്ട അവകാശങ്ങൾക്കുള്ള ഉറപ്പ് ഈ നിയമത്തിലില്ല. ഒരു ഉദാഹരണം പറയാം. ഇത് എന്ന് ഏറ്റെടുക്കുന്നുവോ അന്നുമുതലുള്ള അവകാശങ്ങൾ കൊടുക്കാൻ കാപ്പെക്സ് ആയാലും സഹകരണസംഘം ആയാലും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പൂർവ്വകാലപ്രാബല്യത്തോടുകൂടി ഈ നിയമം നടപ്പിൽ വരുന്നില്ല. ഇതിനുമുമ്പുള്ള സ്വകാര്യ മുതലാളിമാർ കൊടുക്കേണ്ട അവകാശങ്ങൾ ഒന്നുംതന്നെ ഇത് ഏറ്റെടുക്കുന്നതുമൂലം കിട്ടുന്നില്ല. അത് പൂർണ്ണമായി ഇല്ലാതാകുകയാണ്. ഒരു ഉദാഹരണം കൊണ്ട് അങ്ങയെ ബോദ്ധ്യപ്പെടുത്താം.

നിങ്ങൾ മോട്ടോർ വ്യവസായത്തിൽ ഒരു ബസ് വിലയ്ക്ക് വാങ്ങിയാൽ ആ ബസ്സിന്റെ ലീനാണ് കണ്ടക്ടറും ഡ്രൈവറും. അവരുടെ അവകാശങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടാണ് ബസ്സിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്ഫർ നടത്തുന്നത്. സ്വകാര്യ മുതലാളിമാരുടെ കൈയിൽനിന്ന് ഈ സ്ഥാപനം ഏറ്റെടുക്കുമ്പോഴാ അതിന്റെ ഫസ്റ്റ് ലീനാണ് തൊഴിലാളികൾ. തൊഴിലാളികൾക്ക് ചില ലീനുണ്ട്. അത് പൂർണ്ണമായി ഈ നിയമം നിഷേധിക്കുന്നു. തൊഴിലാളികൾക്കു യാതൊരു അവകാശവും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല. ഇത് ഏറ്റെടുക്കുന്ന അവസരത്തിൽ തൊഴിലാളികളുടെ അവകാശങ്ങളും ഫസ്റ്റ് ചാർജ് അല്ലെങ്കിൽ ലീനെന്നുള്ള നിലയിൽ ആദ്യമായിട്ട് അംഗീകരിച്ച് അതിന് വ്യവസ്ഥ ചെയ്തുകൊണ്ടല്ലേ നഷ്ടപരിഹാരം തീരുമാനിക്കേണ്ടത്? അങ്ങനെ ഈ നിയമത്തിലില്ല. തൊഴിലാളിക്കുള്ള പരിരക്ഷയാണ്. ജോലിയുണ്ട്, എന്നുള്ളത് വേറെയൊരു കാര്യമാണ്. ജോലിയിൽ ഇന്നയാളുകളൊക്കെ വേണം, ഇന്ന ആളുകളെ പിരിച്ചുവിടണം, എന്നുള്ളത് പിന്നീടുള്ളതാണ്. പക്ഷേ പത്തിരുപത് വർഷങ്ങളായി ഈ കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് പരിരക്ഷ നൽകണം. ഇവരിൽ ബഹുഭൂരിപക്ഷവും പാവപ്പെട്ട പെൺകുട്ടികളാണ്, സ്ത്രീകളാണ്. പ്രസവാവധി കഴിഞ്ഞുവന്നാൽ അവർക്ക് പണം കൊടുക്കുകയില്ല; പ്രൊവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ കൊടുക്കുകയില്ല. അതെല്ലാം കുടിശ്ശികയായി ഇട്ടിരിക്കുകയാണ്. ഒരു ദിവസം രാവിലെ ഗവൺമെന്റ് ഈ ഫാക്ടറി ഏറ്റെടുത്തുകഴിഞ്ഞാൽ ഇതുവരെയുള്ള എല്ലാ അവകാശവും ഇല്ലാതാകും. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിന്റെ പ്രവർത്തനപരിധിയിൽ നിന്ന് ഇതൊഴിവാക്കി. ഇതെല്ലാം ട്രാൻസ്ഫറിന്റെകൂടെത്തന്നെ അറാച്ചഡ് ആണ്. നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ട്. ആരാണ് നഷ്ടപരിഹാരം നിർണ്ണയിക്കേണ്ടത്? ഡിസ്ട്രിക്ട് കളക്ടറോ ഡിസ്ട്രിക്ട് കോടതിയോ? തൊഴിലാളികൾക്ക് കൊടുക്കേണ്ട അവകാശങ്ങളും കൊടുക്കാത്ത മുതലാളിമാർക്ക് എന്തിനാണ് നഷ്ടപരിഹാരം കൊടുക്കുന്നത്? തൊഴിലാളികൾക്ക് കൊടുക്കേണ്ട അരിയർ വേജസ് ന്യായമായി തൊഴിലാളികൾക്കു കിട്ടുന്നതിന്, കോമ്പൻസേഷൻ ലിസ്റ്റ് കൊടുക്കുമ്പോഴാ ഫസ്റ്റ് ചാർജ് എന്ന നിലയിൽ ഉൾപ്പെടുത്തി അത് ഈടാക്കുന്നതിനുള്ള വ്യവസ്ഥ ഈ നിയമത്തിൽ വരുത്തേണ്ടതാണ്. എന്തുകൊണ്ട് അത് ചെയ്യാൻ കഴിയുന്നില്ല? ഡിസ്ട്രിക്ട് കളക്ടർ തീരുമാനിക്കും, അല്ലെങ്കിൽ ഡിസ്ട്രിക്ട് കോടതിയിൽ പോകും. ഒരു സാധനം നമ്മൾ വിൽക്കുമ്പോൾ അതിന്റെ ലയബിലിറ്റീസ് കണക്കിലെടുക്കേണ്ടേ? ഇതിൽ എന്തെങ്കിലും ലയബിലിറ്റീസ് ഏറ്റെടുത്തിട്ടുണ്ടോ? നഷ്ടപരിഹാരം കൊടുക്കാൻ നിങ്ങൾ ഇപ്പോൾ വ്യവസ്ഥവച്ചു. എന്തുകൊണ്ട് മുതലാളിമാർക്കുള്ള ആനുകൂല്യം പോലെ തൊഴിലാളികൾക്കും കൊടുത്തുകൂടാ? ഈ നിയമനിർമ്മാണം ഞാൻ നേരത്തെ പറഞ്ഞതുപോലെ "It should not be a blessing in disguise" മുതലാളിമാർക്ക് ഒരു അനുഗ്രഹമായിട്ട് ഇത് തീർന്നുകൂടാ. അതാണ് എനിക്ക് പ്രധാനമായിട്ട് ചൂണ്ടിക്കാണിക്കുവാനുള്ളത്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിന്റെ പരിധിയിൽനിന്ന് ഈ നിയമത്തെ മാറ്റി നിർത്തിക്കൂടാ. ഒരു ലീനെന്നുള്ള നിലയിൽ തൊഴിലാളികൾക്ക് പരിരക്ഷയുണ്ടാകണം. ആ നിലയിൽ ഈ നിയമം ഭേദഗതിചെയ്തു കൊണ്ടുവന്നാൽ എനിക്ക് മനസ്സിലാകും. അങ്ങനെയൊരു ഭേദഗതി അംഗീകരിക്കണമെന്ന് സബ്ജക്ട് കമ്മിറ്റിയോടും മന്ത്രിയോടും ഞാൻ ശുപാർശ ചെയ്തിരിക്കുകയാണ്. വ്യവസായങ്ങൾ ഏറ്റെടുക്കേണ്ട എന്നു ഞാൻ വാദിക്കുന്നില്ല. വ്യവസായം വിലയ്ക്ക് എടുത്തുകൊള്ളൂ. പക്ഷേ ഏറ്റെടുക്കുമ്പോൾ അതിൽ പണിചെയ്തിരുന്ന തൊഴിലാളിക്ക് പൂർവ്വ

LIBRARY ARCHIVES Kerala Legislative Assembly

കാലത്തിൽ കൊടുക്കേണ്ട എല്ലാ ആനുകൂല്യങ്ങൾക്കും പരിരക്ഷയുണ്ടാകണം. അതിനുവേണ്ട നിയമഭേദഗതി ഉൾക്കൊള്ളിക്കണം. അങ്ങനെ ഈ നിയമം തൊഴിലാളികൾക്കുകൂടി അതിന്റെ ആനുകൂല്യങ്ങൾ കിട്ടത്തക്ക വണ്ണം—മുതലാളിയെ ദ്രോഹിക്കണമെന്ന് ഞാൻ പറയുന്നില്ല—ഭേദഗതി ചെയ്തുകൊണ്ടുവരുവാൻ വ്യവസായമന്ത്രിയും സബ്ജക്ട് കമ്മിറ്റിയും ശ്രമിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി, അങ്ങയുടെ ഉപദേശം സ്വീകരിച്ചുകൊണ്ട് ചുരുക്കുകയാണ്. ആ നിലയിൽ ഇത് സ്വീകരിക്കണം. ആ നിലയിൽ ഇത് ഭേദഗതി ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Shri K. V. Surendranath : Sir, I move that the Kerala Cashew Factories (Acquisition) Amendment Bill, 1984 be referred to a Select Committee. ഈ ബില്ലിനെപ്പറ്റി വളരെ വിശദമായി ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണിയും മറ്റുള്ളവരും ഇവിടെ സംസാരിച്ചുകഴിഞ്ഞു. ഞാൻ ഒന്നുരണ്ടുകാര്യങ്ങൾ മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചുകൊള്ളാം. ഈ ബില്ലിൽ വളരെ ചെറിയ ഒരു ഭേദഗതിയാണുള്ളതെന്നു പറഞ്ഞെങ്കിലും യഥാർത്ഥത്തിൽ ഇതു വലിയ തോതിൽ ഒരു കൺഫ്യൂഷനു (ആശയക്കുഴപ്പത്തിന്) ഇടയാക്കും. ഈ ബില്ലിലെ ഒരു വാചകം തന്നെ ഇതു കൈമാറ്റം ചെയ്യുമ്പോൾ കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷനേയും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളേയും—അതുപോലെ, any other institution approved by the Government. അവരെയൊക്കെ ഏല്പിക്കാം എന്നതാണ്. ഈ വ്യവസായത്തിൽ രണ്ടു തട്ടുകളുണ്ട്. ഒരു തട്ട് കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷനാണ്. മറേ തട്ട് വിശാലമായി കിടക്കുന്ന, കൂണുപോലെ പുതുതായി മുളച്ചുപൊന്തുന്ന സ്വകാര്യമേഖലയാണ്. സംഘടിത മേഖലയ്ക്കു പുറമേ ബൃഹത്തായ ഒരു അസംഘടിതമേഖലയുമുണ്ട്. അതാണ് സംസ്ഥാനത്ത് മുഴുവൻ വ്യാപിക്കാൻ സാദ്ധ്യതയുള്ള കുടിവ്യവസ്. ഇതിനൊക്കെ പുറമേ ഈ സർക്കാരിന്റെ വകയായി ഉണ്ടാക്കിയ വേണ്ടത്ര കൺഫ്യൂഷനും ഉണ്ട്. ഈ കശുവണ്ടി രംഗത്തെ ഒരു കൺഫ്യൂഷനാണ് സഹകരണ മേഖലയിലെ കാപ്പെക്സ്. ഇപ്പോൾ പറയുന്നത് ഇതൊന്നും പോര ഇനി മാർക്കറ്റിംഗ് ഫെഡറേഷനേയും കൂടി ഇതിലോട്ടു കൊണ്ടുവരണമെന്നാണ്. മാർക്കറ്റിംഗ് ഫെഡറേഷനുവേണ്ടി അഞ്ചോ ആറോ സൊസൈറ്റികളെ ഏൽപ്പിച്ചുകൊടുക്കുക. ഇതിനു പുറമേ ഗവൺമെന്റിന് യുക്തമെന്നു തോന്നുന്ന മറേതെങ്കിലും സ്ഥാപനങ്ങളേയോ ഏജൻസികളേയോ ഏൽപിക്കാനുള്ള സൗകര്യവും ഗവൺമെന്റിനുണ്ടാവണം. ഇതിന്റെ ഉദ്ദേശം എന്താണെന്നു വ്യക്തമാണ്. ഇന്നലത്തെ ചർച്ചയിൽ മന്ത്രി അതു വ്യക്തമാക്കിയതാണ്. തൊഴിലാളികളുടെ സേവനവേതനവ്യവസ്ഥകൾ കഴിയുന്നത്ര കുറച്ചുകൊണ്ടുവന്ന്, അതിനു തയ്യാറുള്ള ആളുകൾക്ക് പഴുതുകൾ തുറന്നുകൊടുക്കുക എന്നുള്ളതാണ് ഉദ്ദേശം. വളരെയധികം അരാജകാവസ്ഥയും ഊഹക്കച്ചവടവും നിലനിൽക്കുന്ന ഒരു വ്യവസായത്തിൽ കുറെ ചിട്ടയും ക്രമവും വരുത്തുന്നതിനുവേണ്ടി കഴിഞ്ഞകാലത്ത് ഏർപ്പെടുത്തിയ, തോട്ടണ്ടിയുടെ സംഭരണത്തിലും വിതരണത്തിലും ഉണ്ടായിരുന്ന, ക്രമീകരണങ്ങൾ എടുത്തുകളഞ്ഞു സ്വതന്ത്രമൽസരം ഏർപ്പെടുത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇത് ഏർപ്പെടുത്തിയാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്ന വാദം വെറും പൊള്ളയാണെന്ന് ഇതിനകം തന്നെ തെളിഞ്ഞിട്ടുണ്ട്. ഇതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ലെന്നു മാത്രമല്ല തൊഴിലാളികളുടെ സബ്സിസ്റ്റൻസ് വേതനവും ആനുകൂല്യങ്ങളും പോലും ഇല്ലാതായ ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന് ഇന്നലെ ഇവിടെ പറഞ്ഞ വേദാന്തം, ഈ വ്യവസായത്തിലെ പ്രതിസന്ധിക്കു കാരണം തൊഴിലാളികൾക്കു അധികമായി കൊടുക്കുന്ന വേതനമാണെന്നാണ്. അതുകൊണ്ട് ആ വേതനവർദ്ധന കുറച്ചാൽ കശുവണ്ടിവ്യവസായത്തിലെ പ്രതിസന്ധി കുറയുമെന്നാണ് സർക്കാർ ചിന്താഗതി. ഈ ചിന്താഗതിക്ക് പറ്റുന്ന തരത്തിലാണ് മന്ത്രിപ്പിള്ള ഏജൻസികൾ ഇവിടെ സൃഷ്ടിച്ചിരിക്കുന്നത്. കശുവണ്ടിവികസന രംഗത്ത് കാഷ്യൂഡെവലപ്മെന്റ് കോർപ്പറേഷൻ, കാപ്പെക്സ്, സഹകാര്യമേഖലയിലെ കുടിവറുപ്പ് ഇതിനെല്ലാം പുറമേ ഗവൺമെന്റിന് യുക്തമെന്നു തോന്നുന്ന ഏജൻസികളെ ഏല്പിക്കാൻ നിയമത്തിൽ വ്യവസ്ഥ വച്ചിരിക്കുന്നത്—ഇവിടെയാണ് അട്ടർ കൺഫ്യൂഷനുള്ളത്. ഇവിടെ അരാജകാവസ്ഥ ഉണ്ടെന്നു വരുത്തിത്തീർക്കാനാണ് മുതലാളിമാരെല്ലാം ആഗ്രഹിക്കുന്നത്. അതിന് ഈ ബില്ലിലെ ചില വകുപ്പുകൾ വഴിവച്ചുകൊടുക്കും എന്ന് ഇതിൽ നിന്നു മനസ്സിലാക്കാം.

സാധാരണ ഇതുപോലെയുള്ള നിയമനിർമ്മാണങ്ങളിലൊന്നും ഇല്ലാത്ത പുതിയ ഒരു സമീപനം ഇതിനകത്തുണ്ട്. നാലാമത്തെ ക്ലാസ്സിൽ ആറാമത്തെ സബ്സെക്ഷൻ തുടങ്ങുന്നതു തന്നെ ഇങ്ങനെയാണ്: Notwithstanding anything contained in the Industrial Disputes Act, 1947 (Central Act 14 of 1947), or in any other law for the time being in force, any person whose service become terminated or whose terms and conditions of employment have been altered in pursuance of the provisions of this decision, shall not be entitled to any compensation under this Act. ഇത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം തന്നെ പുതിയ ഒരു നാഴികക്കല്ലാണ്. ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടു സംസാരിച്ചപ്പോൾ മന്ത്രി ഒരു കാര്യം പറഞ്ഞു. തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകളിൽ continuity ഉറപ്പു വരുത്താനുള്ള വകുപ്പ് ഇതിനകത്തുണ്ടെന്നു പറഞ്ഞു. അതിതിലില്ല. എന്തിനുവേണ്ടിയാണ് ഇതുൾപ്പെടുത്തിയിരിക്കുന്നത്? കൈമാറ്റം ചെയ്യുമ്പോൾ തൊഴിലാളികൾക്ക് യാതൊരുതരത്തിലുള്ള നഷ്ടപരിഹാരത്തിനും അവകാശം ഉണ്ടായിരിക്കുന്നതല്ല എന്നാണ് ക്ലാസ് 4 സബ്ക്ലാസ് (6)-ൽ പറയുന്നത്. ഇതു സ്വീകാര്യമാണോ? അപ്പോൾ continuity അല്ല discontinuity ആണ്. തൊഴിലാളിക്ക് കൊടുക്കാൻ കുടിശ്ശിക ഉണ്ടെങ്കിൽ, തൊഴിലാളികൾക്ക് നഷ്ടപ്പാക്കേണ്ട മിനിമംകൂലി നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതൊക്കെ സഹിച്ചുകൊള്ളണം. അതിന്റെ ഉത്തരവാദിത്വം മാനേജ്മെന്റ് ഏറ്റെടുക്കുകയില്ല. ഫ്രഷ് എപ്ലോയ്മെന്റാണ്. Successor management-ന് അതിനുമുമ്പുള്ള മാനേജ്മെന്റിന്റെ തൊഴിലാളികളെ സംബന്ധിച്ചുള്ള ബാദ്ധ്യതകൾ ഉണ്ടായിരിക്കും എന്നുള്ളത് ഇന്ത്യാ രാജ്യത്ത് നിരവധി കൊല്ലങ്ങളായി നിലവിലുണ്ടായിരുന്ന നിയമമാണ്. സ്ഥിരപ്രതിഷ്ഠിതമായ കീഴ്വഴക്കവുമുണ്ട്. ആ നിയമത്തിനു വിരുദ്ധമായിട്ടാണ് ഈ സംസ്ഥാനം പോകുന്നത്. ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു കശുവണ്ടിരംഗത്തെ തൊഴിലാളിക്ക് സക്സസർ മാനേജ്മെന്റുമായി യാതൊരു ബാദ്ധ്യതയുമുണ്ടായിരിക്കുകയില്ല. ഇന്ത്യയിൽ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ആൻറ് റഗുലേഷൻ ആക്റ്റ് 1951 എന്നൊരു നിയമമുണ്ട്. ഈ ആക്ട് പ്രകാരം ഒരു വ്യവസായസ്ഥാപനത്തിന്റെ ഉടമയോ നിയന്ത്രണമോ മാറുന്ന അവസരത്തിൽ തൊഴിലാളികളുടെ അവകാശങ്ങൾ നമ്പർവൺ ചാർജാണ്. അതിനുപകരം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലെ ഭേദഗതി അനുസരിച്ച് യാതൊരു ബാദ്ധ്യതയും മാനേജ്മെന്റിന് ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നതല്ല. ഇതു കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത് ദുഷ്ണമല്ല. ഇതു തൊഴിലാളിദ്രോഹകരമായ ഒരു വ്യവസ്ഥയാണ്. ഈ ബില്ലിൽ തന്നെ ക്ലാസ് 4—ൽ സബ്സെക്ഷൻ (3)-ൽ പറഞ്ഞിരിക്കുന്നത് "Every person who is eligible for employment..... whichever is later, an employee of the society and shall, hold Office or service in the Cashew Factory, on such remuneration, terms and conditions of employment as may be determined by the Society....."

സൊസൈറ്റി തീരുമാനിക്കുന്ന ഏതെങ്കിലും വ്യവസ്ഥയനുസരിച്ച് അയാൾ ജോലി ചെയ്തുകൊള്ളണം. ഇതു പറയുന്നത് 1955-നു മുമ്പു മിനിമം വേജസ് ആക്ട് നടപ്പിലാക്കിയിട്ടുള്ള ഒരു വ്യവസായ സ്ഥാപനത്തിലെ തൊഴിലാളികളെ സംബന്ധിച്ചാണ്. സ്റ്റാറ്റ്യൂട്ടറി ആക്ട് നിശ്ചയിച്ചിട്ടുള്ള മിനിമം വേജസ്, മറ്റു പല സേവന വേതന വ്യവസ്ഥകൾ, ജോലിഭാരത്തിന്റെ ക്രമീകരണം ഇതൊക്കെയുള്ള ഒരു വ്യവസായത്തിൽ 30 കൊല്ലത്തിനുശേഷം നമ്മൾ പാസ്സാക്കാൻ പോകുന്ന ഒരു വ്യവസ്ഥ പ്രകാരം ഇതൊക്കെ എട്ടിൽ മാത്രമാകാൻ പോകുകയാണ്. സൊസൈറ്റി നിശ്ചയിക്കുന്ന വേതനക്രമം അനുസരിച്ചുകൊള്ളണമെന്നാണ് ഇപ്പോൾ നടപ്പാക്കാൻ പോകുന്ന നിയമത്തിൽ പറയുന്നത്. മിനിമം വേജസ് നടപ്പാക്കേണ്ട എന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശമെങ്കിൽ അത് എടുത്തുപറയണം. വേറൊരു തത്വശാസ്ത്രവും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. തൊഴിലാളി സൊസൈറ്റിയുടെ ആളാകുമ്പോൾ തൊഴിലാളി മാത്രമല്ല, ഉടമസ്ഥൻ കൂടിയാണ്. മുതലാളിയും തൊഴിലാളിയും കൂടി ഒരാളായിരിക്കുന്ന ഒരു ചിത്രമാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്. പക്ഷേ അദ്ദേഹത്തിന് അറിയാമോ എന്തോ ഈ സൊസൈറ്റികളായി പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനത്തിലെ തൊഴിലാളികൾക്കും ഇന്ത്യയിൽ നിലവിലിരിക്കുന്ന എല്ലാ തൊഴിലാളിനിയമങ്ങളും ബാധകമാണ് എന്ന വസ്തുത. അതല്ല എന്നു വ്യവസ്ഥകൊണ്ടുവരാൻ ശ്രമിക്കുന്നതു പുതിയ precedent സൃഷ്ടിക്കലാണ്. തൊഴിലാളിബന്ധങ്ങളെ സംബന്ധിച്ചിടത്തോളം ഈ പോക്ക് അപകടകരമാണ്. സഹകരണമേഖല വ്യവസായരംഗത്ത് കൂടുതലായി വ്യാപിച്ചുവരികയാണ്. തൊഴിലാളികളുടെ എണ്ണം നോക്കുകയാണെങ്കിൽ സഹകരണമേഖല സംഘടിതമേഖലയിൽ ഉള്ളതുപോലെ ഭാവിയിൽ വളരും. അങ്ങനെ വളർന്നുവരുന്ന ഒരു മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള തൊഴിൽ വ്യവസ്ഥകൾ ബാധകമല്ലേ? ഉടമസ്ഥനായ തൊഴിലാളി എന്ന നിലയ്ക്കു ഇതൊന്നും ബാധകമാകുകയില്ല എന്ന ഒരു തത്വം അംഗീകരിച്ചുകൊടുക്കുന്നതു ഈ രാജ്യത്തെ തൊഴിലാളികളോടു ചെയ്യുന്ന ദ്രോഹമാണ്. ഇത് അംഗീകരിക്കാൻ പാടില്ല. ഇത് തള്ളിക്കളയേണ്ടതാണ്. ദേശസാൽക്കരണം ഒരു ഒറ്റമൂലിയാണെന്നു വിശ്വസിക്കുന്ന ആളല്ല ഞാൻ. ദേശസാൽക്കരണത്തിന് നല്ലതും ചീത്തയുമായ രണ്ടു വശങ്ങളുണ്ട്. ദേശസാൽക്കരണം എന്നു പറയുന്നത് മറ്റൊരുങ്ങും വേണ്ടാത്ത പല സാധനങ്ങളും വാങ്ങി ശേഖരിക്കുന്ന ഒരു ഡംപ് (dump) ആയി മാറിയിരിക്കുകയാണ്. സ്വകാര്യ മുതലാളിമാർ അവരുടെ പണമെല്ലാം പോക്കറ്റിലിടുന്നതിന്റെ ഫലമായി നഷ്ടം വരുത്തുന്ന സ്ഥാപനങ്ങളെല്ലാം ഏറ്റെടുത്തുകൊണ്ട് സർക്കാർ നഷ്ടം സഹിക്കണമെന്ന അഭിപ്രായക്കാരനല്ല ഞാൻ. ഞാൻ അതിനെതിരാണ്. സർ, ഇവിടെ കാഷ്യൂ ഡെവലപ്മെന്റു കോർപ്പറേഷനിൽക്കൂടിയല്ലാതെ കാഷ്യൂ വ്യവസായത്തിൽ ഒരു തരത്തിലുള്ള നിയന്ത്രണവും ഏർപ്പെടുത്താൻ കഴിയാത്ത

LIBRARY ARCHIVES Kerala Legislative Assembly

തരത്തിലുള്ള ഒരു പ്രത്യേക സാഹചര്യമാണ് ഇപ്പോഴുള്ളത്. വാസ്തവത്തിൽ ആയിരക്കണക്കിന് ജീവൻ രക്ഷിക്കുവാൻ കഴിയുന്നതും ധാരാളം പേരുടെ ജീവിതം യഥാർത്ഥത്തിൽ രക്ഷപ്പെടുത്തിയതുമായ ഒരു നല്ല പുരോഗമനപരമായ സ്ഥാപനമായിരുന്നു കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ. അതിനെ ഇമാസ്കുലേറ്റ് (emasculate) ചെയ്തു ചോരയും നീരും ഇല്ലാത്ത വിധത്തിലാക്കി മാറ്റി, മാസത്തിൽ 5 ദിവസം പോലും ജോലി കൊടുക്കാൻ കഴിയാത്ത ഏഴ് ഫാക്ടറികളാക്കി ചുരുക്കി വച്ചിരിക്കുകയാണ്. കാപ്പെക്സാണെങ്കിൽ എട്ടൊമ്പതു ഫാക്ടറികളിൽ ചുരുക്കിവച്ചിരിക്കുകയാണ്. അതേസമയം ഇവിടെ സ്വകാര്യ ഉടമകളുടെ ചൂതുകളി വളരുകയാണ്. സ്വകാര്യമേഖലയും കുടിവറുപ്പും വളരുകയാണ്. അങ്ങനെ അനിയന്ത്രിതമായി തോട്ടണ്ടി കൺട്രോൾ എടുത്തു കളഞ്ഞതോടുകൂടി, ഇമ്പോർട്ട് കാനലൈസ് ചെയ്യുന്നത് എടുത്തുകളഞ്ഞതോടുകൂടി കുത്തകസംഭരണം മതിയാക്കിയതിൽക്കൂടി, ലെവി സമ്പ്രദായം എന്നപേരിൽ ഇഷ്ടംപോലെ വാങ്ങിക്കാൻ സൗകര്യം കൊടുത്തതിൽക്കൂടി സർവ്വതന്ത്രസ്വതന്ത്ര ഊഹക്കച്ചവടക്കാരായ, ചൂതുകളിക്കാരായ, ഒരു സെറ്റ് മുതലാളിമാർക്കു തുറന്നുകൊടുത്തിരിക്കുകയാണ്. ആ നയം അവസാനിപ്പിച്ചാലല്ലാതെ ഇങ്ങനെയൊരു ഭേദഗതി കൂടി കൊണ്ടുവന്നിട്ട് മാർക്കറ്റിംഗ് ഫെഡറേഷനോ വേറെ ഏതെങ്കിലും ഏജൻസിക്കോകൂടി ഇത് ഏറ്റെടുക്കുന്നതിനുള്ള സൗകര്യം ഗവൺമെന്റു ചെയ്തതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ പോകുന്നില്ല, നേരെമറിച്ച് വഷളാകാനാണ് പോവുന്നത്. ഈ വസ്തുതകളൊക്കെ പരിഗണിച്ച്, ഈ ബില്ലിലുള്ള പോരായ്മകളൊക്കെ പരിഹരിക്കാൻ വേണ്ടി ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണം എന്നുള്ളതാണ് എന്റെ ഉപക്ഷേപം.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. രാഘവൻ പൊഴക്കടവിൽ)

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഈ ബില്ല് പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി അയയ്ക്കണം എന്ന അഭിപ്രായത്തോടുകൂടി ഞാൻ ഏതാനും കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. കേന്ദ്രബഡ്ജറ്റിന്റെ ഒരു തുടർച്ചയാണിതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പഴത്തിനകത്ത് കത്തിവച്ച് കഴുത്തറുക്കുന്നതുപോലെയുള്ള ഒരു നിയമം തൊഴിലാളികളുടെ പേരിൽ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി തയ്യാറായത് ഏതായാലും ഖേദകരമാണ്. സാധാരണ, തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടണം, അവർക്ക് തൊഴിലവസരങ്ങളുണ്ടാകണം. എന്നൊക്കെപ്പറയുമ്പോൾ അതിന്റെ പിന്നിൽ അൽപ്പമെങ്കിലും ആത്മാർത്ഥതയുണ്ടായിരിക്കും. ഈ ബില്ല് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾത്തന്നെ അറിയാം അദ്ദേഹത്തിന്റെ മനസ്സിൽ തൊഴിലാളികൾക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹമേയുണ്ടായിരുന്നില്ല എന്ന്. ഈ സർക്കാരിന്റെ നയംതന്നെ തൊഴിലാളിവിരുദ്ധ നയമാണ്. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലുമൊരു സ്ഥാപനം ലാഭകരമായിട്ടോ തൊഴിലാളികൾക്ക് ഗുണകരമായിട്ടോ നടത്തണമെന്ന് സർക്കാരിന് ആഗ്രഹമേയില്ല. അതുകൊണ്ടാണ് ആദ്യമേ ഞാൻ സൂചിപ്പിച്ചത് കേന്ദ്രബഡ്ജറ്റിന്റെ ഒരു തുടർച്ചയാണ് ഈ ബില്ലെന്ന്. ഈ ബില്ല് നോക്കുമ്പോൾ മുതലാളിമാർക്ക് മന്ത്രി വാഗ്ദാനങ്ങൾ ചിലതൊക്കെ കൊടുത്തിട്ടുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അക്വിസിഷൻ നടത്തണമെന്ന് പറഞ്ഞു. ഈ സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റിന്റെ കാര്യങ്ങളിലൊക്കെ അക്വിസിഷൻ

LIBRARY ARCHIVES Kerala Legislative Assembly

നടത്തണം. അക്വിസിഷനെ സംബന്ധിച്ചുതന്നെ ഈ രാജ്യത്ത് ഒരു നിയമവും നിലവിലില്ല. സർക്കാരിന്റെ മെത്തത്തിലുള്ള നയംതന്നെ സ്വകാര്യവ്യക്തികളെ അല്ലെങ്കിൽ മുതലാളിമാരെ എങ്ങനെ സഹായിക്കാമെന്നുള്ളതാണ്. കോടിക്കണക്കിന് രൂപയുടെ ലാഭം ഉണ്ടാക്കിയതിനുശേഷം തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തി അടച്ചിടുന്ന ഒരു വിഭാഗം മുതലാളിമാർക്ക് വീണ്ടും ലക്ഷക്കണക്കിന് രൂപ കൊടുത്ത് സഹായിക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടിക്രമാണ് ബഹുമന്പെട്ടമന്ത്രി ശ്രമിക്കുന്നത്. മുൻകാലത്ത് കുത്തകസംഭരണം നിലവിലുണ്ടായിരുന്നു. ഇത് സഹകരണമേഖലയിൽ ലഭിച്ചതിനുശേഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെങ്കിൽ കശുവണ്ടി അവർക്ക് കൊടുത്തേതീരൂ. അതിനുവേണ്ടി കുത്തകസംഭരണം ഏർപ്പെടുത്തുമെന്നതിന് എന്താണ് ഉറപ്പുള്ളത്? കുത്തകസംഭരണം ഉറപ്പുവരുത്തി അവർക്കു തൊഴിലവസരം കൊടുക്കുന്നതിന് ഒരു ഗ്യാരണ്ടി ഇതിലുണ്ടോ? ഇതിനെല്ലാമുപരിയായി, നിലവിലിരിക്കുന്ന സഹകരണനിയമം അനുസരിച്ചാണ്, സഹകരണസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തത് അവരെക്കൊണ്ടാണ്, ഇത് ഏറ്റെടുപ്പിക്കാൻ പോകുന്നതെങ്കിൽ ഇതിന്റെ പ്രവർത്തനമൂലധനം സ്വരൂപിക്കേണ്ടത് ആര് എന്തടിസ്ഥാനത്തിലാണെന്ന് നിർദ്ദേശിക്കേണ്ടിയിരിക്കുന്നു. നിലവിലിരിക്കുന്ന സഹകരണനിയമമനുസരിച്ച് അവരുടെ ഓഹരിമൂലധനത്തിന്റെ ആനുപാതികമായ തുക മാത്രമേ പ്രവർത്തനമൂലധനം സർക്കാരിൽനിന്നും കിട്ടുന്നതിന് മാർഗ്ഗമുള്ളൂ. അപ്പോൾ ഇതിൽ തൊഴിൽ ചെയ്യണമെന്നാഗ്രഹിക്കുന്ന തൊഴിലാളി ആയിരക്കണക്കിന് രൂപ സൊസൈറ്റിക്ക് അഡ്വാൻസായി കൊടുക്കണം. അങ്ങനെ കൊടുക്കുവാൻകഴിയുന്ന തൊഴിലാളി ഈ തുച്ഛമായ വരുമാനത്തിനുവേണ്ടി കശുവണ്ടിമേഖലയിൽ പണി ചെയ്യാൻ ഓടിനടക്കുമെന്ന് ഈ നിയമത്തിന് നേതൃത്വം കൊടുക്കുന്നമന്ത്രി വിശ്വസിക്കുന്നുവെങ്കിൽ അത് നിർഭാഗ്യകരമായിപ്പോയി. ഇതാണ് സർക്കാരിന്റെ നയം. ട്രാൻസ്പോർട്ട് കോർപ്പറേഷനെത്തന്നെ അഞ്ചാക്കി. ആദ്യം വയനാടൻ കമ്പനി വരുമെന്നാണു പറഞ്ഞത്. എല്ലാ മേഖലയിലും ശക്തമായ എതിർപ്പുണ്ടായതിനെതുടർന്ന് വയനാടൻ കമ്പനി ഇല്ലാതായി. ഇപ്പോൾ വീണ്ടും നാലുമേഖലകളാക്കി തിരിക്കാൻ ആലോചിക്കുന്നു. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽതന്നെ ധാരാളം വിദഗ്ദ്ധരായ തൊഴിലാളികളുള്ളപ്പോൾ, ബോഡി ബിൽഡിങ്ങും മറ്റുമായ പണികളും അയൽസംസ്ഥാനങ്ങളിൽ കൊടുക്കുന്നു. അതിൽനിന്നും എന്തെങ്കിലും കമ്മീഷൻ കിട്ടുമോ എന്നുള്ളതാണ്. അതുപോലെ ഈ നിയമം നടപ്പിൽ വരുമ്പോൾ ആർക്കാണു ഗുണംകിട്ടാൻ പോകുന്നതെന്ന് അറിയില്ല. ഏതായാലും പ്രവർത്തനരഹിതമായി കിടക്കുന്ന 65 കശുവണ്ടി ഫാക്ടറികളിലെ മുതലാളിമാരിൽനിന്നും ഏതെങ്കിലും ഒരു വിഭാഗം ആളുകൾക്ക് കുറെ കമ്മീഷൻ കിട്ടും എന്നുള്ളതിന് സംശയമില്ല. വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച കശുവണ്ടിഫാക്ടറികൾക്ക് ഇന്ന് കാണുന്ന വില നിശ്ചയിച്ച് അവർക്ക് നഷ്ടപരിഹാരം കൊടുക്കുകയാണ്. അതേ സമയത്ത് ഇവിടെ ശ്രീ. കെ. വി. സുരേന്ദ്രനാഥ് പറഞ്ഞതുപോലെ 4-ാമതു വകുപ്പിൽ 6-ാം മതു സബ്ക്ലാസ് അനുസരിച്ച് തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ച്, നഷ്ടപരിഹാരത്തെക്കുറിച്ച്, ഒരക്ഷരംപോലും പറഞ്ഞിട്ടില്ല. ഞങ്ങൾക്കത് കിട്ടണമെന്ന് ആവശ്യപ്പെടാൻ തൊഴിലാളിക്ക് അർഹതയില്ല. അങ്ങനെ തൊഴിലാളികളുടെ അവകാശങ്ങളെല്ലാം മൂടിക്കെട്ടിക്കൊണ്ട് തൊഴിലാളിയുടെ പേരും പറഞ്ഞ് ഒരു നിയമനിർമ്മാണം നടത്തുകയാണ്. ഈ നിയമനിർമ്മാണം നടത്തിക്കഴിഞ്ഞാൽ തൊഴിലാളികൾക്ക് എങ്ങനെയാണ് ക്ഷേമകരമായി ഇതുപോലുള്ള സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിക്കൊണ്ടുപോകാൻ കഴിയുക? ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ടമന്ത്രി അദ്ദേഹത്തിന്റെ പ്രാരംഭപ്രസംഗത്തിൽ പറയേണ്ടിയിരുന്നു. ഇവിടെ നേരത്തെ സൂചിപ്പിച്ചു; സ്വകാര്യ വ്യക്തികൾക്ക് എൺപതിലേറെ ലൈസൻസ് കെടുത്തിരിക്കുകയാണ്. ഇതിനുമുമ്പ് മൂവ്മെൻറിനുതന്നെ കൺട്രോൾ ഓർഡർ ഉണ്ടായിരുന്നു. സംഭരണത്തെ സംബന്ധിച്ച് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. അത് എടുത്തുകളഞ്ഞു. ജോലി ചെയ്യൻ സ്വന്തത്തികശേഷിയുള്ള ആളുകൾക്കെക്കെ മറ്റു മാർഗ്ഗത്തിൽകൂടി വരുമ നമുണ്ടാക്കുന്നതിനുള്ള സന്ദർഭം ഉണ്ടാക്കിക്കെടുത്തു. തെഴിലാളിക്ക് ന്യായമായി കിട്ടേണ്ട വരുമനമാർഗ്ഗങ്ങളുടെ സകല പഴുതും അടച്ചു. ഇതിനെല്ലാം ശേഷവും ഇനി ഒരു കാരണവശാലും ലാഭകരമായി പ്രവർത്തിക്കുവാൻ സാദ്ധ്യമല്ലെന്ന ബോദ്ധ്യം വന്ന 65 കശുവണ്ടി ഫാക്ടറികളെ ഗവൺമെൻറ് അക്വയർ ചെയ്തത് എടുക്കുവാനുള്ള തീരുമനമാണ് എടുത്തിട്ടുള്ളത്. ആ രംഗത്ത് പ്രവർത്തിക്കുന്ന തെഴിലാളികളെ ഇതിനെക്കാളും ഭേദം വിഷം കൊടുത്ത് കൊന്നുകളയുകയായിരുന്നു. ചിരിച്ചുകൊണ്ട് കഴുത്തറുക്കുന്ന ഈ പരിപാടിയുമായിട്ട് ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവരേണ്ട ആവശ്യമുണ്ടായിരുന്നില്ല.

സർ, തൊഴിലാളികൾക്ക് ഇതുകൊണ്ടെന്തുപ്രയോജനം കിട്ടുമെന്നും എത്രമാത്രം തെഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നും ഈ നിയമം നടപ്പിലാക്കിയതിനുശേഷം എന്തായിരിക്കും അവരുടെ വേതന-സേവനവ്യവസ്ഥകളെന്നും മുൻകൂട്ടിക്കാണുന്ന ഒരു ദീർഘവീക്ഷണം ആവശ്യമുണ്ടായിരുന്നു. അങ്ങനെയൊരു ദീർഘവീക്ഷണം നടത്താൻ ബഹുമനപ്പെട്ടമന്ത്രി തയ്യാറായില്ല. അദ്ദേഹത്തിന്റെ ഭാവനയിലെങ്കിലും ഉണ്ടാകേണ്ടിയിരുന്നു. ഇത്തരമൊരു പ്രത്യേക സാഹചര്യത്തിൽ തെഴിലില്ലത്ത ആളുകൾ ലക്ഷക്കണക്കിന് വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ കേന്ദ്രത്തിന്റെ നയമനുസരിച്ച് സാധാരണക്കാരനു ജീവിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഉണ്ടാകുമ്പോൾ, സാധനവില ദിവസംതോറും കുതിച്ചുയർന്നുകൊണ്ടിരിക്കുമ്പോൾ, ഇതുപോലെ ഒരു നിയമനിർമ്മാണം നടത്തിയാൽ പാവപ്പെട്ട തെഴിലാളികൾക്ക് എന്തു പ്രയോജനമാണ് കിട്ടുന്നതെന്ന് നോക്കിയേതീരൂ. നമ്മൾ പത്രത്തിലൊക്കെ വായിച്ചതാണ്. കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഈ രാജ്യത്തെ കുത്തക മുതലാളിമാരും അവരുടെ പ്രതിനിധികളും ഗ്യാലറിയിൽ കയറിയിരുന്ന് കൈയടിച്ച് സന്തോഷിക്കുകയായിരുന്നു. ഈ രാജ്യത്തെ സാധാരണക്കാരനുവേണ്ടി ഒരു ബഡ്ജറ്റ് അവതരിപ്പിച്ചിരുന്നുവെങ്കിൽ ഈ കുത്തകമുതലാളിമാരോ അവരുടെ പ്രതിനിധികളോ ആരുംതന്നെ ഗ്യാലറിയിൽ കയറിയിരുന്ന് ആഘോഷിക്കുമായിരുന്നില്ല. ഇവിടെ നിയമനിർമ്മാണം നടത്തുമ്പോൾ അതുതന്നെ നിയമനിർമ്മാണംകൊണ്ട് എന്തെല്ലാം പ്രയോജനങ്ങൾ ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിന് കിട്ടുമെന്ന് ബോദ്ധ്യം വരുത്തണം. ഏതെങ്കിലും കാര്യത്തിന് പൊതുജനാഭിപ്രായം ആരായണമെന്ന് പറയുന്നതല്ല. ഈ നിയമത്തെ വിശാലമായി പഠിച്ച് ഇത് തൊഴിലാളികൾക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നതാണോയെന്ന് നോക്കണം. ഇവിടത്തെ ഖജനാവിന്റെ സ്ഥിതിയെക്കുറിച്ച് ഞാൻ പറയാതെതന്നെ ബഹുമാനപ്പെട്ട ചെയറിന് അറിയാവുന്നതാണ്. ഖജനാവിൽ വരുന്ന വരുമനം ഇന്ന് ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കാൻപോലും തികയുന്നില്ല. ഇന്ന് മുഖ്യമന്ത്രിക്ക് വെള്ളപ്പൊക്കത്തിന്റെയും ദുരിതാശ്വാസത്തിന്റെയും ഒക്കെ കാരണം പറഞ്ഞുകൊണ്ട് കുറെ തുക കേന്ദ്രഗവൺമെൻറിൽനിന്നും കിട്ടിയിട്ടുണ്ട്. എങ്ങനെ ചെലവുചെയ്യുമെന്നതിനെക്കുറിച്ച് ഞാനൊരു ചോദ്യം ചോദിച്ചു. അതിനെക്കുറിച്ച് പരിശോധിക്കുന്നതിന് ഇൻറലിജൻസ്

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിലെ ഉദ്യോഗസ്ഥൻമാരുണ്ടെന്നാണ് പറഞ്ഞത്. ഇന്ന് മറ്റൊരു എം. എൽ. എ. ഇതിനെക്കുറിച്ചൊരു സബ്മിഷൻ കൊടുത്തു. ഇവിടെ ഉദ്യോഗസ്ഥൻമാർക്ക് എണ്ണക്കുറവൊന്നുമില്ല. ഏതെല്ലാം ഉദ്യോഗസ്ഥൻമാർ ഏതെല്ലാം മേഖലകളിൽ ഈ തുകയുടെ എന്തെല്ലാം വർക്കുകൾ നടത്തുന്നു എന്നതിനെക്കുറിച്ച് ഒന്നുമില്ലെങ്കിലും ജനപ്രതിനിധികളെന്നുള്ള നിലയിൽ അറിവ് കിട്ടേണ്ടതുണ്ട്. അത് പ്രതിപക്ഷത്തുള്ള എം. എൽ. എ. മാർക്കു മാത്രമല്ല ഭരണപക്ഷത്തുള്ള എം. എൽ. എ. മാർക്കും ഒരുപോലെ ആവശ്യമുള്ളതാണ്. ഈ പേരിൽ കിട്ടിയിട്ടുള്ള തുകകളെപ്പറ്റിമറിച്ച് അക്കൗണ്ട് മാറി എസ്റ്റാബ്ലിഷ്മെന്റിനു ചെലവ് ചെയ്യാതിരിക്കുന്നതിനുവേണ്ടി, ഈ മേഖലയിൽ അത്യാവശ്യത്തിനു കിട്ടിയിട്ടുള്ള തുകകൾ ചെലവഴിക്കുന്നുണ്ടോയെന്നറിയാനുള്ള അവകാശം ഈ രാജ്യത്തെ ജനപ്രതിനിധികൾക്കുണ്ട്, അത് ബഹുമാനപ്പെട്ട ചെയറിനുമുണ്ട്. ആ അവകാശം അംഗീകരിക്കപ്പെടുന്നതിനുവേണ്ടി ഇവിടെ എന്തെല്ലാം ജോലികൾ മൈനർ ഇറിഗേഷൻ രംഗത്തായാലും ശരി, പൊതുമരാമത്ത് രംഗത്തായിരുന്നാലും ശരി, വികസനപ്രവർത്തനങ്ങൾ ഏതായിരുന്നാലും ശരി, നടക്കുന്നു എന്നും അതിന്റെ ചെലവിനെക്കുറിച്ചും അറിയുന്നതിനുവേണ്ടിയാണ് ഒരു ചോദ്യം ചോദിച്ചത്. അതിന് ഉത്തരം തരാതെ ഏതെങ്കിലും ജോലികൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അത് ചെയ്തത് അതിനെക്കുറിച്ച് പരാതി തന്നാൽ അന്വേഷിക്കാമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഇത് കേട്ടാൽ തോന്നുന്നത്, ഇവിടെ ഉദ്യോഗസ്ഥൻമാർക്ക് വളരെയധികം കഷ്ടമുണ്ടെന്നാണ്. വികസനപ്രവർത്തനങ്ങൾ ഇന്നയിന്ന ജോലികൾ ചെയ്തുതീർക്കണമെന്ന് തീരുമാനിച്ചാൽ അതിന്റെ ഒരു ലിസ്റ്റ് ബന്ധപ്പെട്ട എം. എൽ. എ. മാർക്ക് കൊടുക്കുന്നതിന് എന്താണ് ബുദ്ധിമുട്ട് എന്ന് മനസ്സിലാകുന്നില്ല. അതുപോലെ പി. ഡബ്ലിയു. ഡി. യിലെ താഴെ അറ്റത്തുള്ള വർക്ക് സൂപ്രണ്ടു മുതൽ ചീഫ് എഞ്ചിനീയർവരെയുള്ള ഉദ്യോഗസ്ഥൻമാർക്ക് ഇറിഗേഷൻ വർക്കിന്റെ ഒരു ലിസ്റ്റ് തരുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. ഖജനാവിൽവരുന്ന തുക ക്ഷേമപ്രവർത്തനങ്ങളുടെ രോഗമായിരുന്നാലും ശരി, വികസനപ്രവർത്തനത്തിനായിരുന്നാലും ശരി, ദുരിതാശ്വാസത്തിനുവേണ്ടിയായിരുന്നാലും ശരി അതിനെ കൊള്ളയടിക്കുകയെന്നുള്ള പരിപാടിയല്ലാതെ ഇവിടത്തെ സാധാരണക്കാർക്കുവേണ്ടി, പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കുവേണ്ടി, എന്തെങ്കിലും ക്ഷേമപ്രവർത്തനം ചെയ്യണമെന്ന് ഈ സർക്കാരിന്റെ പ്രവർത്തനമേഖലയിലില്ല. ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഇങ്ങനെയൊരു സന്ദർഭം വരുമ്പോൾ, ... 'സീസറിന്റെ ഭാര്യ പരിശുദ്ധയായിരുന്നാൽ മാത്രം പോരാ, പരിശുദ്ധയാണെന്ന് തെളിയിക്കുകകൂടിവേണം' അതുപോലെ ഈ രാജ്യത്തെ മന്ത്രിമാർ ഭരണം നടത്തുമ്പോൾ സത്യസന്ധമായ ഭരണമാണ്, അഴിമതിയില്ലാത്ത ഭരണമാണ് നടത്തുന്നതെന്നുപറഞ്ഞാൽ മാത്രം പോരാ അത് തെളിയിക്കാനുള്ള ബാദ്ധ്യതകൂടി അവരുടെ ഭാഗത്തുണ്ട്, അത് തെളിയിക്കുന്നതിനുള്ള സന്ദർഭമാണ് എം. എൽ. എ. മാർ ആവശ്യപ്പെടുന്നത്. അതിനുപോലും സഹകരിക്കാൻ തയ്യാറില്ലാത്ത ഒരു മന്ത്രിസഭയെന്നു പറഞ്ഞാൽ ഈ മന്ത്രിസഭ ഇതുപോലൊരു നിയമനിർമ്മാണം മുന്നോട്ടു കൊണ്ടുവന്നാൽ ഈ രാജ്യത്തെ ജനങ്ങളെ കബളിപ്പിക്കുകയെന്നല്ലാതെ യാതൊരു ഉദ്ദേശലക്ഷ്യങ്ങളുമില്ല. ഈ മന്ത്രിസഭയെ സംബന്ധിച്ചിടത്തോളം ഒറ്റ ആഗ്രഹമേയുള്ളൂ, ഒറ്റ പരിപാടിയേയുള്ളൂ, ജനങ്ങളുടെ മുമ്പിൽ അവരുടെ വൈരുദ്ധ്യങ്ങളെ തുറന്ന് കാണിച്ചതിനുശേഷം ഈ രാജ്യത്തെ പൊതുജനങ്ങളെ ആ വഴിക്ക് തിരിച്ചുവിട്ടതിനുശേഷം ഇവിടെ നടക്കുന്ന നിയമനിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ചോ, ക്ഷേമപ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളെക്കുറിച്ചോ ജനങ്ങൾക്ക് വിലയിരുത്താൻ കഴിയാത്ത ഒരു സാഹചര്യം ഉണ്ടാക്കുന്നു. നമ്മുടെ പ്രധാനമന്ത്രി കേരളം സന്ദർശിച്ച അവസരത്തിൽ പല സ്ഥലങ്ങളിലും പോയി. അവിടെയുള്ള വിളക്കുകുറ്റികൾ ഒക്കെ ഇപ്പോൾ പിഴുതു മാറ്റുന്നതായിട്ടാണ് അറിയുന്നത്. സത്യസന്ധത ഈ സർക്കാരിന് ഉണ്ടായിരുന്നുവെങ്കിൽ സെലക്ട് ചെയ്യാത്ത കോളനികളിൽ പ്രധാനമന്ത്രിയെകൊണ്ടുപോയി കാണിക്കേണ്ട ഒരു ബാദ്ധ്യത അവർക്കുണ്ടായിരുന്നു. ഈ രാജ്യത്തെ അന്ധകാരത്തിൽ കഴിയുന്ന അനേകലക്ഷം ജനങ്ങളുടെ രൂപം പ്രധാനമന്ത്രിയെ കാണിക്കാൻപോലും അവർ തയ്യാറായില്ല. അങ്ങനെയുള്ള ഒരു സർക്കാർ, അതിന് ഓശാന പാടുന്ന ഒരു വിഭാഗം മന്ത്രിമാരുമായിട്ട് നടത്തുന്ന കൊള്ളരുതായ്മകളെ മറച്ചുപിടിക്കുന്നതിന് പാർട്ടികം തമ്മിലുള്ള വൈരുദ്ധ്യങ്ങൾ പെരുപ്പിച്ച് കാണിച്ച് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുന്നതിന് ശ്രമിക്കുന്ന സന്ദർഭത്തിൽ ഇതുപോലുള്ള തൊഴിലാളിവിരുദ്ധ നിയമങ്ങളുമായി മുന്നോട്ടുവരുമ്പോൾ അതിനെ പൊതുജനാഭിപ്രായത്തിന് വിടണമെന്നുള്ളത് ഏറ്റവും മിതവും ന്യായവുമായ ഒരു ആവശ്യമാണെന്ന് ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. എം. എം. ഹസ്സൻ:—സർ, ഈ ബില്ല് ഇന്നുതന്നെ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചതുകൊണ്ട് ഞാൻ ദീർഘമായി ഇതിനെക്കുറിച്ച് സംസാരിക്കാനാഗ്രഹിക്കുന്നില്ല. ഒന്നുരണ്ടു കാര്യങ്ങൾ മാത്രമേ പറയാനാഗ്രഹിക്കുന്നുള്ളു. കശുവണ്ടി വ്യവസായരംഗത്ത് തൊഴിലാളികൾ കഷ്ടപ്പെടാതിരിക്കാൻവേണ്ടി മുതലാളിമാരുടെ ദ്രോഹണിക്കുമുമ്പിൽ അവരുടെ ജീവൻ തകരാതിരിക്കുന്നതിനുവേണ്ടി ആണ് സത്യത്തിൽ കശുവണ്ടിഫാക്ടറികൾ കാഷ്യൂഡവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത് നടത്താൻ ഒരു കാലഘട്ടത്തിൽ തീരുമാനിച്ചത്. കോർപ്പറേഷന്റെ പ്രവർത്തനമാണെങ്കിൽ വളരെ നഷ്ടത്തിലാണ് നടക്കുന്നത് ഇന്നലെ ഇവിടെ പറഞ്ഞു 28 കോടി രൂപയുടെ നഷ്ടം സഹിച്ചുകൊണ്ട്, ആ നഷ്ടം ഇകപിറിയായി മാറിക്കൊണ്ട് കേന്ദ്രത്തിൽനിന്നുതന്നെ സഹായം നേടി കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ നടത്താനായി ശ്രമകരമായ ഒരു പ്രവർത്തനം ഗവൺമെന്റ് നടത്തുകയുണ്ടായി എന്ന്, ആ സന്ദർഭത്തിലാണ് കപ്പെക്സ് രൂപീകരിച്ചത്. പ്രതിപക്ഷകക്ഷിയിൽപ്പെട്ട ആളുകൾ പലപ്പോഴും ആ പ്രശ്നത്തെ വിചിത്രമായ രീതിയിൽ സമീപിക്കുന്നതിനെക്കുറിച്ചാണ് ഞാൻ പറയാനാഗ്രഹിക്കുന്നത്. കാപെക്സ് രൂപീകരിച്ച സന്ദർഭത്തിൽ പല ബഹുമാനപ്പെട്ട പ്രതിപക്ഷമെമ്പർമാരും പറഞ്ഞു, ഇത് കശുവണ്ടിത്തൊഴിലാളികളുടെ ഒരു കാലനാണെന്ന്. ഇത് രൂപീകരിച്ചതോടുകൂടി കശുവണ്ടിത്തൊഴിലാളികളെ ദ്രോഹിക്കാൻ പോകുകയാണെന്നുള്ള പല ആക്ഷേപങ്ങളും ഉണ്ടായി. തൊഴിലാളികളെ രക്ഷിക്കുന്നതിന് ഏറ്റവും പ്രധാനമായിട്ടുള്ളതാണ് അവർക്ക് മിനിമംവേജസ് കൊടുക്കുകയെന്നുള്ളത്. അത് സഹകാര്യമേഖലയിൽ കൊടുക്കുന്നില്ല എന്നത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. കൊടുക്കുന്നതിനുള്ള നടപടി ഫലപ്രദമായി ഗവൺമെന്റ് എടുക്കുന്നില്ല. തൊഴിൽ വകുപ്പ് ഇക്കാര്യത്തിൽ അമാന്തം കാണിക്കുന്നു. സഹകരണമേഖലയിലേ കൊടുക്കുന്നുള്ളു. സത്യം ആർക്കും നിഷേധിക്കാൻ കഴിയില്ല. കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികളായാലും മിനിമം വേജസ് കൊടുക്കുന്നുണ്ട്. സഹകാര്യമേഖലയിൽ ഇതിന് ഗവൺമെന്റ് ശക്തമായ നടപടിയെടുക്കണം. ലേബർ ഡിപ്പാർട്ടുമെന്റും അതനുസരിച്ചുള്ള നടപടിയെടുക്കണം. ശ്രീ. ആർ. എസ്. ഉണ്ണിയെപ്പോലുള്ളവർ പ്രസംഗിച്ചപ്പോൾ പറഞ്ഞതാണ്,

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യമേഖലയിൽ മിനിമം വേജസ് കൊടുക്കുന്നില്ല, കോർപ്പറേഷനേറയും സഹകരണമേഖലയുടേയും കീഴിലുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് കൊടുക്കുന്നു എന്ന്.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: കുടിവറുപ്പ് നടത്തുന്ന സ്വകാര്യസ്ഥാപനങ്ങളിൽ മിനിമംവേജസ് കൊടുക്കുന്നില്ല എന്നാണ് പറഞ്ഞത്.

ശ്രീ. എം. എം. ഹസ്സൻ: അതാണ് ഞാൻ പറഞ്ഞത്, ഈ സംസ്ഥാനത്ത് മിനിമംവേജസ് കൊടുക്കാത്തതിനെതിരായിട്ട് സ്വകാര്യ മേഖലയിൽ ശക്തമായ സമരങ്ങളും തൊഴിലാളികളുടെ മുന്നേറ്റങ്ങളും സംഘടിപ്പിക്കാനുള്ള ബാദ്ധ്യത തൊഴിലാളിവിഭാഗങ്ങൾക്കുണ്ട്. ഗവൺമെൻറ് തടയണമെന്നു പറയുന്ന അതേ ഉത്തരവാദിത്വത്തോടുകൂടി എവിടെയാണ് സമരങ്ങൾ ഉണ്ടാകുന്നത്. മിനിമം വേജസ് കൊടുക്കാൻ വേണ്ടി.....

ശ്രീ. ബേബിജോൺ: അത് ശരിയാണ്, വളരെ അക്യൂട്ട് അൺഎംപ്ലോയ്മെൻറുണ്ട്. ഒരു വർഷം പത്തോ അൻപതോ ദിവസം മാത്രം ജോലിയുള്ള ആ തൊഴിലാളികൾക്ക് എങ്ങനെയെങ്കിലും ജോലിവേണം. അത് എക്സ്പ്ലോയിറ്റ് ചെയ്യുന്ന സിറ്റുവേഷനാണ്. അതിന് ഗവൺമെൻറും ട്രേഡ്യൂണിയനുകളും യോജിച്ച് പ്രവർത്തിക്കേണ്ടതാണ്. ഗവൺമെൻറ് ആ കടമ നിർവ്വഹിക്കുന്നില്ല.

ശ്രീ. എം. എം. ഹസ്സൻ: അതാണ് ഞാൻ പറഞ്ഞത്, ഗവൺമെൻറ് കടമ നിർവ്വഹിക്കുന്നില്ല; കുറ്റപ്പെടുത്തുമ്പോൾ ട്രേഡ് യൂണിനുകൾക്കും ആ ഉത്തരവാദിത്വം നിർവ്വഹിക്കാനുള്ള ബാദ്ധ്യതയുണ്ട് എന്ന്. അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. ഗവൺമെൻറും ട്രേഡ് യൂണിയനുകളും യോജിച്ചുകൊണ്ട് ഇക്കാര്യത്തിൽ നീങ്ങണം. ട്രേഡ് യൂണിയൻ രംഗത്ത് സമരങ്ങളോ മിനിമംവേജസ് കൊടുക്കാനുള്ള ശക്തമായ പ്രക്ഷോഭണങ്ങളോ ഇല്ല.

ശ്രീ. തച്ചടി പ്രഭാകരൻ: കുടിവറുപ്പ് നടത്തുന്ന ഫാക്ടറികളിൽ ബഹുഭൂരിപക്ഷവും തൊഴിലാളിനേതാക്കൻമാർ നടത്തുന്നതാണ്. മിനിമം കൂലി കൊടുക്കാതെ നടത്തുന്നുവെന്നുള്ളത് എനിക്ക് വളരെ വ്യക്തമായി അറിവുള്ളതാണ്. തൊഴിലാളിനേതാക്കൻമാർ കുടിവറുപ്പുനടത്തിയാൽ എങ്ങനെയാണ് മിനിമം വേജസ് കിട്ടുന്നത്?

ശ്രീ. എം.എം. ഹസ്സൻ: അത് പരിശോധിക്കേണ്ടതാണ്. കാരണം, തൊഴിലാളിനേതാക്കൻമാർ മുതലാളിമാരായി മാറുമ്പോൾ അതിൻറെ കഷ്ടത ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവരുന്നത് പാവപ്പെട്ട തൊഴിലാളികൾ തന്നെയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: കർശനമായി നടപ്പാക്കാൻ എന്തുകൊണ്ട് ഗവൺമെൻറ് ശ്രദ്ധിക്കുന്നില്ല?

ശ്രീ. എം. എം. ഹസ്സൻ: ഗവൺമെൻറ് മെഷിനറി ശക്തമായി ചലിപ്പിക്കണമെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. അത് വളരെ വ്യക്തമായി ഇവിടെ പറയുകയും ചെയ്യുന്നു. കാരണം, തൊഴിലാളികൾക്ക് ന്യായമായി കിട്ടേണ്ടത് കിട്ടണം. ഈ കാപ്പെക്സ് നടപ്പിലാക്കിയ അവസരത്തിൽ നമ്മുടെ പ്രതിപക്ഷത്തുള്ള പലയാളുകളും പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

ഇതൊരു കാലഘട്ടമാണ്, തൊഴിലാളികളെ ദ്രോഹിക്കാൻ പോകുന്നു, എന്ന്. അത് കുറെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളും കഴിഞ്ഞുവച്ചു മിനിമം വേജസ് കൊടുത്തു. അത് ലാഭകരമായി പ്രവർത്തിച്ചുവെന്ന് ഞാൻ പറയുന്നില്ല. അതിനുശേഷം അതിന്റെ പ്രവർത്തനങ്ങളും കൊള്ളാം. തരക്കേടില്ല. ഇപ്പോൾ ബഹുമാനപ്പെട്ട സി. കെ. തങ്കപ്പൻ, ബോണസ് കൊടുക്കാത്തതിന്റെ പേരിൽ അവരെ പിരിച്ചുവിടില്ലേയെന്ന് ശങ്കിയ യഥാർത്ഥികരേ ഷത്തോടുകൂടി ചോദിച്ചു. അതേ ആളുകളെതന്നെ ഇത് ഉണ്ടാക്കിയകാലത്ത് എതിർത്തതാണ്. ഇപ്പോൾ പിരിച്ചുവിട്ടപ്പോൾ ധർമ്മികരോഷം കൊള്ളുന്നു. അതെല്ലാം ഓരോ സന്ദർഭത്തിൽ തങ്ങളുടെ സൗകര്യത്തിനു അനുസരിച്ച് തങ്ങൾക്കു ഗുണകരമായ കാര്യങ്ങൾ വരുന്ന അവസരത്തിൽ, അത് ഗവൺമെന്റോ അല്ലെങ്കിൽ ഭരണകക്ഷിയിൽപ്പെട്ട ആളുകളോ ചെയ്തതുകൊള്ളാം. അതല്ല, തൊഴിലാളിക്ക് ദോഷകരമാണ് എന്നു തോന്നുന്ന അവസരത്തിൽ ഇതിനെ വിമർശിക്കുക. കപ്പെക്സിന്റെ കാര്യത്തിൽ സ്വീകരിച്ച സമീപനം ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതല്ല. ഇവിടെ മാർക്കറ്റിംഗ് ഫെഡറേഷനെ ഇത് ഏൽപ്പിക്കാൻ പോകുന്നോ എന്ന് ബഹുമാനപ്പെട്ട കെ. വി. സുരേന്ദ്രനാഥ് ചോദിച്ചു. ഗവൺമെന്റിന്, നിയമമുണ്ടാക്കുമ്പോൾ ഭാവിയിലുണ്ടാകുന്ന എല്ലാത്തരത്തിലുള്ള ഭവിഷ്യത്തുകളെയും പ്രതിസന്ധികളെയും ഒരു മുൻകാഴ്ചയോടുകൂടി കാണാനുള്ള ബാദ്ധ്യതയുണ്ട്. കോ-ഓപ്പറേറ്റീവ് സൊസൈറ്റിയോ ഗവൺമെന്റ് ഏർപ്പെടുത്തുന്ന സംവിധാനമോ അതല്ലെങ്കിൽ മാർക്കറ്റിംഗ് ഫെഡറേഷനോ ആകട്ടെ, ഒരു സേഫ്റ്റി മെഷർ എന്നുള്ള നിലയിൽ പല തരത്തിലുള്ള സംവിധാനങ്ങളും ഗവൺമെന്റ് ഇതിൽ ഭവന ചെയ്യുന്നു. ഇത് കൺഫ്യൂസ്ഡ് അല്ല. എല്ലാ തരത്തിലുമുള്ള സാദ്ധ്യതകളും അടച്ചുകൊണ്ട് ഒരു നിയമമുണ്ടാക്കാൻ സാദ്ധ്യമല്ല. ഇപ്പോൾ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നുള്ള നിലയിൽ ഒരു പക്ഷേ ഭാവിയിൽ എന്തെങ്കിലും അപകടകരമായ ഒരു പ്രതിസന്ധിയുണ്ടായാൽ മറ്റൊരു സംവിധാനമെന്നുള്ള നിലയിൽ എന്നല്ലാതെ അതിനപ്പുറം ഇവിടെ ഒന്ന് കൺഫ്യൂസ് ചെയ്തത് മാർക്കറ്റിംഗ് ഫെഡറേഷനേയും കൂടി രംഗത്ത് കൊണ്ടുവന്ന് കുഴപ്പമുണ്ടാക്കുകയെന്നുള്ള സമീപനമല്ല. ഈ ഫാക്ടറികളും ഏറെറടുത്ത അവസരത്തിൽ കാപ്പെക്സിന് ഒരു കോടി രൂപ ഗവൺമെന്റ് മൂലധനമായി കൊടുത്തു. രണ്ടു കോടി എൺപതു ലക്ഷം രൂപ ഖാദി വെൽഫയർ ഫണ്ടിൽനിന്ന് കൊടുത്തു. മൂന്നു കോടി രൂപ ഗ്യാരൻറിനിന്ന് സഹകരണ ബാങ്കുകളിൽനിന്ന് കൊടുത്തു. ഇവിടെ ബഹുമാനപ്പെട്ട തങ്കരാജ് പറഞ്ഞത് ഇവിടെ ഫാക്ടറികളെല്ലാം ഏറെറടുത്ത് മുതലാളിമാർക്ക് കുറെ പണമടിക്കാൻ വേണ്ടി ഗവൺമെന്റും വ്യവസായ മന്ത്രിയും വകുപ്പും ഒരു പരിപാടിയിട്ടിരിക്കുകയാണ് എന്നാണ്. അന്ന് ഏറെറടുത്ത ഫാക്ടറികൾക്ക് ഇന്നത്തെ വിലകൊടുത്ത് ഭീമമായ തുക സർക്കാരിൽനിന്ന് ചോർത്താൻ പോവുകയാണെന്ന വസ്തുത അറിയാതെ സംസാരിക്കുന്നത് ഖേദകരമാണ്. ഈ ഗവൺമെന്റിനു എതിർക്കണമെങ്കിൽ നിങ്ങൾക്ക് എതിർക്കാൻ ഒരുപാട് അവസരങ്ങളും സന്ദർഭങ്ങളുമുണ്ട്. പക്ഷേ നിയമവുമായി ബന്ധപ്പെട്ട് അങ്ങനെ ഒരു വ്യവസ്ഥ ഈ ബില്ലിൽ ഇല്ല. പ്രധാനമായും 1974-ൽ പാസാക്കിയിട്ടുള്ള കേരള കാഷ്യൂ ഫാക്ടറി അക്വിസിഷൻ ആക്ട് അനുസരിച്ചാണല്ലോ ഇതിനു വില നിശ്ചയിക്കേണ്ടത്? അതിന്റെ ഷെഡ്യൂളിൽ പറയുന്നതെന്താണ്? ഇവിടെ പല മെമ്പർമാരും പറയുന്നത് പൊള്ളത്തരമാണെന്ന് ഈ ഷെഡ്യൂൾ വായിച്ചാൽത്തന്നെ മനസ്സിലാകും. അതിൽ paragraph 2-ൽ പറയുന്നത് In respect of any land which was part of the factory at the time of establishment of the factory, the value ofsuch land at the time of establishment of the factory എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ വിലയല്ല, ഇതു സ്ഥാപിച്ച സമയത്തുള്ള വിലയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: 1974-ലെ വിലയനുസരിച്ച് 1985-ൽ കൊടുക്കാമെന്ന് നിയമം എഴുതിവച്ചാൽ ഒടുവിൽ ഫാക്ടറി ഉടമസ്ഥനു ഹൈക്കോടതിയിൽ പോകാനും നിയമമനുസരിച്ച് ഇന്നത്തെ വില വാങ്ങാനും കഴിയുമെന്ന് ബഹുമാനപ്പെട്ട ഹസ്സൻ അറിയാവുന്നതല്ലേ?

ശ്രീ. എം. എം. ഹസ്സൻ: നിയമപരമായ കാര്യങ്ങളിൽ പലതരത്തിലുള്ള സാങ്കേതികമായ പ്രശ്നങ്ങളും ഉൽഭവിച്ചേക്കാം. പക്ഷേ ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ പരിപൂർണ്ണമായി തള്ളിക്കളഞ്ഞുകൊണ്ട്, ഇതു കുറെ പണം ചോർത്താൻവേണ്ടിയാണ് എന്നുള്ള നിരന്തരമായ കുപ്രചരണം ഗവൺമെന്റ് നടത്തുന്നതു ശരിയല്ല. കൊള്ളയടിക്കുന്നു, ഗവൺമെന്റ് അഴിമതി കാണിക്കുന്നു, ഗവൺമെന്റ് കൊള്ളരുതായ്മ കാണിക്കുന്നു എന്നൊക്കെ കാര്യകാരണസഹിതം നിങ്ങൾക്ക് ആരോപണങ്ങൾ ഉന്നയിക്കാൻ സാധിക്കും. അത് പറയുന്നത് ഞങ്ങളാരും എതിർത്തിട്ടില്ല. കാരണം, നിങ്ങൾക്കു പറയാൻ അവകാശമുണ്ട്. പക്ഷേ, "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം" എന്നതുപോലെ ഏതു ബില്ലിൽ വന്നാലും പറയാൻ പാടില്ല.

അതേപോലെതന്നെ എ—2-ൽ പറയുന്നത്,

In respect of any land acquired by the owner or the occupier for the purposes of the factory subsequent to the establishment of the factory the value of such land at the time of such acquisition- എന്നാണ് അക്വിസിഷൻ നടത്തുമ്പോൾ ഉണ്ടാകുന്ന വിലയാണ്. 1974-ൽ നമ്മൾ കാഷ്യൂ ഫാക്ടറി അക്വിസിഷൻ നിയമം അംഗീകരിച്ചതിലുള്ള വ്യവസ്ഥയാണ് ഇത്. ഇന്ന് ബഹുമാനപ്പെട്ട തങ്കരാജ് പറഞ്ഞത് അങ്ങനെയല്ല. ഫാക്ടറി ഏറ്റെടുത്തിട്ട് ഇന്നുള്ള വില കൊടുക്കുമ്പോൾ ഭീമമായ ഡിപ്രീസിയേഷൻ വരും എന്നാണ്. അതേപോലെതന്നെ കെട്ടിടങ്ങളെ സംബന്ധിച്ച് പറയുന്നുണ്ട്..... .....

"at the time of construction minus depreciation at the rate of 5% per annum subject to a maximum of 50% depreciation." ഇതിനൊക്കെ വ്യവസ്ഥ വച്ചിട്ടുണ്ട്. ഗവൺമെന്റിന് പണം മേടിക്കാൻ വേണ്ടിയല്ല. സ്വകാര്യമുതലാളിമാരുടെ പിടിയിൽനിന്ന് വളരെ ശ്വാസം മുട്ടി അവരുടെ ദീക്ഷണിയുടെ മുമ്പിൽ ജീവിതംതന്നെ പ്രതിസന്ധിയായിത്തീർന്ന തൊഴിലാളികളെ രക്ഷിക്കാൻവേണ്ടിയുള്ള സദുദ്ദേശമായ ഒരു നിയമ നിർമ്മാണമാണ് ഇത്. ഇതിനകത്ത് മുതലാളിമാരെ രക്ഷിക്കുന്നതിനു മുതലാളിമാരെ സഹായിക്കുന്നതിനു വ്യവസായ മന്ത്രിക്ക് ആഗ്രഹമില്ലെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ബേബി ജോൺ: ജീവിതം തകർന്ന കശുവണ്ടിത്തൊഴിലാളികളെ സഹായിക്കാനാണെല്ലാ ഇതിന്റെ മുൻ ചെയർമാൻ ഡൽഹിയിൽനിന്നുള്ള ടി. എ. അന്ന് ഇവിടെ എഴുതി വാങ്ങിച്ചത്.

ശ്രീ. എം. എം. ഹസ്സൻ: ഇപ്പോൾ ഡൽഹിയിൽനിന്ന് വരികയാണെങ്കിൽ അവിടെനിന്നുള്ള ടി. എ. അല്പം വാങ്ങിക്കുവാൻ ഒക്കുകയുള്ളൂ. ടി. എ സംബന്ധിച്ചുള്ള വ്യവസ്ഥ അങ്ങനെയാണല്ലോ? യാത്ര പുറപ്പെടുന്ന സ്ഥലത്തുനിന്നാണ് ടി. എ. കൈയിം ചെയ്യുന്നത്. അതുകൊണ്ട് ഇതിനെയൊക്കെ വലിയ കാര്യമായി ചിത്രീകരിക്കുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് കശുവണ്ടിത്തൊഴിലാളികളെ സഹകരണ മേഖലയിലും പൊതുമേഖലയിലും കൊണ്ടുവന്ന് അവർക്ക് ജോലി സ്ഥിരതയും കൂലി സ്ഥിരതയും മറ്റാനുകൂല്യങ്ങളുമെല്ലാം ഇതിനകത്ത് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ബില്ലിൽ അവരുടെ ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള Continuity നൽകുന്നത്, സ്വകാര്യ മുതലാളിമാരുടെ കൈയിൽനിന്ന് കിട്ടിയിട്ടുള്ള ആനുകൂല്യങ്ങളും കണ്ടിന്യൂവസായിട്ട് കിട്ടുന്നതിനുള്ള പരിധി ഈ നിയമത്തിലുണ്ട്. അതുകൊണ്ട് ഈ നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് ശ്രീ. വർക്കല രാധാകൃഷ്ണനെപ്പോലെ സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. കാരണം, അദ്ദേഹം നിയമപരിരക്ഷയിൽ നിന്നുകൊണ്ട്, ഹൈക്കോടതിയിൽ നടന്ന നാടകങ്ങളെക്കുറിച്ചാണ് പറഞ്ഞത്. ശ്രീമാൻ ശശീന്ദ്രനും ശ്രീ. താമരാക്ഷനുമൊക്കെ പറയുന്നതുകേട്ടു: ഹൈക്കോടതി എന്നു പറയുന്നത് ഗവൺമെന്റിന്റെ ഒരു ഡിപ്പാർട്ടുമെൻറാണെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? നിങ്ങളുടെ സംസാരം അങ്ങനെയല്ലേ? ലെജിസ്ലേച്ചറിന് അതിനേക്കാളായ പ്രവർത്തന സ്വാതന്ത്ര്യവും പരിധിയും. ജുഡീഷ്യറിക്ക് അതിനേക്കാളായ പ്രവർത്തനവും പരിധിയും. പത്തു കീചകന്മാരിൽ കൊന്നത് ഭീമൻതന്നെ'. ആര് എന്തു ചെയ്താലും ഉത്തരവാദി ശ്രീ. കരുണാകരനല്ലേ! ഇന്നും അതല്ലേ പറഞ്ഞത്? മുഖ്യമന്ത്രിയുടെ നടപടിയാണെന്ന് ശ്രീ. ശശീന്ദ്രനും ശ്രീ. താമരാക്ഷനും പറഞ്ഞു ഹൈക്കോടതിയിൽനിന്ന് ആർക്കെങ്കിലും നോട്ടീസയയ്ക്കാൻ തീരുമാനിച്ചാൽ, നോട്ടീസയയ്ക്കണ്ട എന്നു തീരുമാനിച്ചാൽ, നോട്ടീസയയ്ക്കാൻ തീരുമാനിച്ചിട്ട് പിന്നീട് നോട്ടീസ് വേണ്ടെന്നു വച്ചാൽ അതിന്റെ ഉത്തരവാദിത്വം ശ്രീ. കരുണാകരൻ ഏറ്റെടുക്കണം എന്നുപറയുന്നത് വലിയ കഷ്ടമാണ്. പണ്ട് കമ്യൂണിസ്റ്റുകാർക്കുകുത്തക മുതലാളിമാരെ ബൂർഷ്വാ നാടുവാഴി, മൂടുതാങ്ങി എന്നൊക്കെ പറയുന്ന സ്ഥിരം പ്രയോഗങ്ങളുണ്ടായിരുന്നു. എന്നു സംഭവിച്ചാലും അത് പറയും. അതുപോലെ ഈ ബില്ലിന്റെ പരിധിയിൽ യാതൊരു പ്രസക്തിയുമില്ലാതെ ഹൈക്കോടതിയെപ്പോലും വലിച്ചിഴച്ചുകൊണ്ടുവന്ന് ഗവൺമെന്റിനെതിരായി വിമർശനം നടത്തുന്ന നടപടി തെറ്റായിപ്പോയി എന്നു പറയാൻ വേണ്ടിയാണ് ഞാൻ ഇത്രയും പറഞ്ഞത്. തൊഴിലാളികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനു വേണ്ടിയുള്ള ഒരു നിയമമെന്നുള്ള നിലയിൽ ഇത് അംഗീകരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. സീതിഹാജി)

ശ്രീ. എ. വി. താമരാക്ഷൻ: സർ, കേരള കശുവണ്ടി ഫാക്ടറികളം (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായത്തിന് 12 NOON] വിടണമെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യനായ ആർ. എസ്. ഉണ്ണി വളരെ വിശദമായി ഈ ബില്ലിന്റെ എല്ലാ വശങ്ങളെക്കുറിച്ചും സംസാരിക്കുകയുണ്ടായി. അദ്ദേഹം ഉന്നയിച്ച വാദഗതികളം വീണ്ടും ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കാപ്പെക്സ് രൂപീകരിക്കുന്ന അവസരത്തിൽ ഇത് തൊഴിലാളികളംക്ക് ഒരു കാലമായി ഭവിക്കുമെന്ന ആശങ്ക വളരെ ഗൗരവതരമായ രീതിൽ ഉന്നയിച്ചതാണ്. അങ്ങനെ ഉന്നയിക്കാനുള്ള കാരണം, കശുവണ്ടിവ്യവസായ മേഖലയിൽ ഒരു നയം കഴിഞ്ഞകാല ഗവൺമെന്റുകളം ഈ രംഗത്ത് സ്വീകരിച്ചിരുന്നു. അന്ന് സ്വീകരിച്ച നയം മാതൃകാപരമായി പ്രവർത്തിക്കുന്ന ശക്തമായ പൊതുമേഖല ഈ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകണമെന്നാണ്. അതേ സമയംതന്നെ തൊഴിലാളികളുടെ ന്യായമായ കൂലിയും മറ്റും കൊടുക്കാൻ കഴിയത്തക്കനിലയിൽ നിയന്ത്രണവിധേയമായ ഒരു സഹകാര്യമേഖല ഈ മേഖലയിൽ ഉണ്ടാകണമെന്ന പൊതുനയമാണ് കശുവണ്ടിവ്യവസായ മേഖലയിൽ നാം തുടർന്നുവന്നത്. കേരളത്തിലെ സഹകാര്യ കശുവണ്ടിമുതലാളിമാർ ആ ഫാക്ടറികളെല്ലാം അടച്ചുപൂട്ടിക്കൊണ്ട് തൊഴിലാളികൾക്കെതിരായി യുദ്ധപ്രഖ്യാപനം നടത്തിയപ്പോൾ അടച്ചുപൂട്ടിയ ഫാക്ടറികളും മുഴുവൻ തുറക്കാൻ 1979 കാലഘട്ടത്തിൽ അന്നത്തെ ഗവൺമെന്റ് മുന്നോട്ടുവന്നു. ശ്രീ. ഹസ്സൻ പറഞ്ഞു 28 കോടി രൂപ നഷ്ടമുണ്ടായിയെന്ന്. ആ കാലത്താണ് നഷ്ടമുണ്ടായത്. എല്ലാ ഫാക്ടറികളും അടച്ചുപൂട്ടിക്കൊണ്ട് തൊഴിലാളികൾക്കെതിരായി യുദ്ധപ്രഖ്യാപനമുണ്ടായപ്പോൾ അന്ന് അധികാരത്തിലുണ്ടായിരുന്ന ഗവൺമെന്റ് ഈ സംസ്ഥ നത്തെ ഒന്നര ലക്ഷത്തോളം തൊഴിലാളികൾക്ക് പണികൊടുക്കാൻവേണ്ടി ആ ഫാക്ടറികൾ ഏറ്റെടുത്തുനടത്താൻ നിർബന്ധിതമായി. ആ കാലഘട്ടത്തിൽ മുതലാളിമാർ ഈ സംരംഭത്തെ തകർക്കുന്നതിനുവേണ്ടി ഒളിഞ്ഞും തെളിഞ്ഞും ബോധപൂർവ്വമായി പ്രവർത്തിച്ചതിന്റെ ഫലമായി സംസ്കരിച്ച കശുവണ്ടിപ്പരിപ്പ് കുറഞ്ഞ വിലയ്ക്ക് വിൽക്കുകയുണ്ടായി. അതിന്റെ ഉള്ളടക്കത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പൊതുമേഖല ഉണ്ടാകണമെന്നു പറഞ്ഞത് കശുവണ്ടിത്തൊഴിലാളികൾക്ക് അവരുടെ ജോലി ഉറപ്പുവരുത്താനും തൊഴിലാളികൾക്ക് ന്യായമായ കൂലിയും മറ്റ് എല്ലാ ആനുകൂല്യങ്ങളും നൽകി മത്സരപരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം ഉണ്ടാകുന്നതിനും വേണ്ടിയാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: ഇതുപക്ഷഗവൺമെന്റ് ഭരിച്ചിരുന്ന കാലത്ത് അടഞ്ഞുകിടന്നിരുന്ന ഫാക്ടറികൾ കോർപ്പറേഷൻ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ട് കോർപ്പറേഷൻ ഒരു ഫാക്ടറിയും ഏറ്റെടുക്കുന്നില്ല. സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് കിട്ടുന്നില്ല. 23 കോടി രൂപ നഷ്ടമാണ് എന്നു പറഞ്ഞു. 3 വർഷക്കാലം അടഞ്ഞുകിടന്ന ഫാക്ടറികൾ പുതിയ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് കിട്ടാനുള്ള സാഹചര്യത്തിൽ സഹകരണമേഖല ഏറ്റെടുക്കാൻ തയ്യാറായതിനെ സ്വാഗതം ചെയ്യുന്നുണ്ടോ ?

ശ്രീ. എ. വി. താമരാക്ഷൻ: 23 കോടി രൂപ നഷ്ടമുണ്ടായിരുന്നു. നഷ്ടം നികത്തിക്കൊടുത്തുകൊണ്ട് ആ പൊതുമേഖലയെ ശക്തമാക്കുക എന്ന നയമാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. പൊതുമേഖലയിലെ തൊഴിലാളികൾക്ക് എല്ലാ ആനുകൂല്യങ്ങളും നൽകി ശക്തിപ്പെടുത്തുന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്. 34 ഫാക്ടറികളാണ് പൊതുമേഖലയിൽ ഉണ്ടായിരുന്നത്. ആ രംഗത്ത് കൂടുതൽ ഫാക്ടറികൾ.....

ശ്രീ. ആർ. എസ്. ഉണ്ണി: ഇതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്ന കാലത്ത് അതെയും ഫാക്ടറികൾ അടഞ്ഞുകിടന്നിരുന്നില്ലെന്നും ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ലെന്നുമുള്ള കാര്യം അറിയാമോ? ഇന്ന് അടഞ്ഞുകിടക്കുന്ന 90 ഫാക്ടറികൾ 1982 നു ശേഷമാണ് അടഞ്ഞതെന്നും ഇന്നും 65 ഫാക്ടറികൾ അടഞ്ഞുകിടപ്പുണ്ടെന്നും അറിയാമോ?

ശ്രീ. എ. വി. താമരാക്ഷൻ: ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലിരുന്ന കാലഘട്ടത്തിൽ കേരളത്തിൽ ഒരൊറ്റ ഫാക്ടറിപോലും അടഞ്ഞുകിടന്നിരുന്നില്ല. 34 ഫാക്ടറികളാണ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നത്. കാപ്പെക്സ് വന്നതിനുശേഷം 65 ഫാക്ടറികൾ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും പട്ടിക്കിടക്കുകയാണ്. ഈ ഫാക്ടറി കോർപ്പറേഷൻ ഏറ്റെടുത്തപ്പോൾ കോർപ്പറേഷൻ ശക്തിപ്പെടുത്തുന്ന നയം സ്വീകരിക്കണമെന്ന ആവശ്യമാണ് മുന്നോട്ടുവച്ചത്. ആ രംഗത്ത് സഹകരണമേഖല വന്നു കഴിഞ്ഞാൽ തൊഴിലാളികൾക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളോ പരിരക്ഷയോ കിട്ടുമോ എന്ന സംശയമുണ്ടായിരുന്നു. ആ സംശയം തെളിയിക്കുന്ന രീതിയിലാണ് ഇപ്പോഴുള്ള പ്രവർത്തനം. കാപ്പെക്സ് വന്നതിനുശേഷം തൊഴിലാളികൾക്ക് കൂലി കൊടുക്കുന്ന കാര്യത്തിലാണെങ്കിലും ബോണസ് കൊടുക്കുന്ന കാര്യത്തിലാണെങ്കിലും കോർപ്പറേഷൻ തൊഴിലാളികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ സഹകരണമേഖലയിൽ കിട്ടുകയില്ല. കശുവണ്ടി മേഖലയിലായിരുന്നാലും കയർ മേഖലയിലായിരുന്നാലും മറ്റ് വ്യവസായങ്ങളിലായിരുന്നാലും വ്യാവസായികാടിസ്ഥാനത്തിൽ ഇത്തരം കാര്യങ്ങൾ തീരുമാനിക്കണം. പൊതുനയത്തിന്റെ അടിസ്ഥാനത്തിൽ കാപ്പെക്സിലെ തൊഴിലാളികൾക്ക് ഇരുപതു ശതമാനം ബോണസ് കൊടുക്കണമെന്ന് ബോർഡ് തീരുമാനിച്ചപ്പോൾ അതു കൊടുക്കാൻ തീരുമാനിച്ചതിന്റെ പേരിൽ സംസ്ഥാന ഗവൺമെന്റ് ഗൈഡ് ലൈൻ തെറ്റിയെന്ന് പറഞ്ഞുകൊണ്ട് ആ ബോർഡിനെ പിരിച്ചുവിട്ടുവെന്നാണ് പറയുന്നത്. അതേസമയത്ത് കോർപ്പറേഷൻ തൊഴിലാളികൾക്ക് 20 ശതമാനം ബോണസ് കിട്ടുന്നു. ഇത് ഫലത്തിൽ സ്വകാര്യമുതലാളിമാരുടെ താൽപര്യം സംരക്ഷിക്കലാണ്. സഹകരണമേഖലയെ ഉയർത്തിക്കൊണ്ടുവരുന്നുവെന്ന ആക്ഷേപമുന്നയിച്ച അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇപ്പോൾ മുന്നോട്ടു പോകുന്നത്. സ്വകാര്യമേഖലയിൽ ബോണസ് ആക്ട് അനുസരിച്ച് അലോട്ടഡ് ഡെയ്സിന്റെ അടിസ്ഥാനത്തിലാണ് ബോണസ് കൊടുക്കുന്നതെങ്കിൽ ബോണസ് എന്നു പറയുമോ? കൂടുതൽ നഷ്ടമുണ്ടെങ്കിൽ തൊഴിലാളി സഹിക്കണം. ലാഭമുണ്ടെങ്കിൽ മാത്രമേ അവർക്ക് അവകാശമുള്ളുവെന്ന നിലയിൽ പൊതുനയം സഹകരണമേഖലയിൽ കൊണ്ടുവന്ന് സ്വകാര്യമുതലാളിമാരുടെ താൽപര്യം സംരക്ഷിക്കാൻ സഹകരണമേഖല ഉപയോഗപ്പെടുത്തുമെന്നുള്ളതുകൊണ്ടാണ് എതിർക്കുന്നത്. ഗവൺമെന്റ് ഒരു പൊതുനയം പ്രഖ്യാപിച്ചിരിക്കുന്നു. സമാനമായ വ്യവസായങ്ങളിൽ കോർപ്പറേഷനുകളും ബോർഡുകളും ഏകീകരിച്ച് കഴിയുന്നത്ര എസ്റ്റാബ്ലിഷ്മെന്റ് ചെലവ് ചുരുക്കി, ആ നിലയിൽ ഏകീകൃതമാക്കുന്ന നയമാണ് ഈ ഗവൺമെന്റിന്റെ നയമെന്ന് പ്രഖ്യാപിച്ചിരുന്നു. മറ്റ് വ്യവസായങ്ങളിൽ, കയർ മേഖലയിലൊക്കെ സമാനചിന്തകളുള്ള കോർപ്പറേഷനുകളും ബോർഡുകളുമെല്ലാം ഏകീകരിക്കുന്ന നയം പ്രഖ്യാപിച്ചു. മൽസ്യത്തൊഴിലാളിമേഖലയിൽ ഫിഷറീസ് കോർപ്പറേഷൻ ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ, മൽസ്യത്തൊഴിലാളി വെൽഫെയർ കോർപ്പറേഷൻ ഇതെല്ലാം ഏകീകരിച്ച് മെച്ചമുണ്ടാക്കാൻ തീരുമാനിച്ചു. ആ രംഗത്ത് എസ്റ്റാബ്ലിഷ്മെന്റ് ചെലവ് ചുരുക്കാൻവേണ്ടി, അതുപോലെ കാപ്പെക്സ് രൂപീകൃതമായി. ഒൻപത് ഫാക്ടറികളുള്ള കാപ്പെക്സിനുവേണ്ടി ഒരു ചെയർമാൻ, ഒരു ബോർഡ് എല്ലാം ഉണ്ടാക്കി. ആഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിന് ആർഡർ വാങ്ങിക്കണമെങ്കിൽ ഡൽഹിയിൽപോകണം. ഒൻപത് ഫാക്ടറികളും കൂടി നടത്താനുള്ള കഴിവ് കാഷ്യൂ കോർപ്പറേഷന് ഉള്ളപ്പോഴത്തന്നെ വീണ്ടും അധികച്ചെലവ് വരുത്തിവയ്ക്കാൻ കഴിയുന്ന രീതിയിലാണ് കാപ്പെക്സ് വന്നിരിക്കുന്നത്. കാപ്പെക്സിന്റെ സ്ഥിതി എന്താണ്? ശ്രീ. ഹസ്സൻ പറഞ്ഞു മുപ്പതു മുപ്പത്തിയഞ്ചു ദിവസം തൊഴിൽ ചെയ്തു കഴിയുന്ന പട്ടിണിപ്പാവങ്ങളെ രക്ഷിക്കാൻവേണ്ടിയാണ് കാപ്പെക്സ് കൊണ്ടുവന്നതെന്ന്. കാപ്പെക്സിന്റെ ഒരു ചെയർമാനുണ്ട്; കോൺഗ്രസ് 'ഐ' യുടെ നേതാവാണ്;

LIBRARY ARCHIVES Kerala Legislative Assembly

എസ്. കൃഷ്ണകുമാർ എം പി. ആണ് അതിന്റെ ചെയർമാൻ. ആണ്ടിൽ മുപ്പതോ മുപ്പത്തിയഞ്ചോ ദിവസം തൊഴിൽ കിട്ടുന്ന പട്ടിണിപ്പാവങ്ങളെ ഉദ്ധരിക്കാൻവേണ്ടി കൊണ്ടുവന്ന കാപ്പെക്സിന്റെ ചെയർമാൻ എന്നുള്ള നിലയിൽ തൊഴിലാളികളുടെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്ന ഏർപ്പാടാണ്. ഇത്രയുംനാളത്തെ പ്രവർത്തനത്തിൽനിന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. കപ്പെക്സിന് കൊല്ലത്ത് ഒരു വലിയ ആഫീസ് ഉണ്ട്. ആ ആഫീസിനു പുറമേ ചെയർമാന്റെ സ്വകാര്യ ആവശ്യത്തിനു വേണ്ടി രണ്ടായിരം രൂപയോളം പ്രതിമാസം വാടകയുള്ള ഒരു വീട് കെല്ലത്ത് എടുത്തിരിക്കുകയണ്. നഷ്ടമുണ്ടെങ്കിൽ അത് സഹിക്കേണ്ടത് തൊഴിലാളിയാണ്. അതിൽ ചെലവാക്കുന്ന ഓരോ പൈസയും അതിലെ അംഗങ്ങളായ തൊഴിലാളികൾക്ക് വരേണ്ടതാണ്. ഈ രംഗത്ത് നേതൃത്വം കൊടുക്കേണ്ട കോൺഗ്രസ് 'ഐ' യുടെ നേതാവായ കൃഷ്ണകുമാർ ചെയർമാനായി ഇരുന്നുകൊണ്ട് ഒരു ആഫീസുള്ളതിന് പുറമേ തന്റെ സ്വകാര്യ ആവശ്യത്തിനുവേണ്ടി രണ്ടായിരം രൂപയ്ക്ക് ഒരു വീടും എടുത്തിരിക്കുന്നു. അത് ഫർണിഷ് ചെയ്യാൻ 25,000 രൂപ ചെലവാക്കണം. ആ വീട്ടിൽ ഒരു പി. ആർ. ഒ. യെ നിയമിച്ചിരിക്കുകയാണ് കാപ്പെക്സിന്റെ ചെലവിൽ ശ്രീ. കൃഷ്ണകുമാറിന്റെ വീട്ടിൽ പി. ആർ. ഒ. യുടെ എന്തു ജോലിയാണ് ചെയ്യാനുള്ളത്? പട്ടിണിപ്പാവങ്ങളായ തൊഴിലാളികളുടെ പണം ഉപയോഗപ്പെടുത്തിക്കൊണ്ട് രണ്ടായിരം രൂപ വാടകയ്ക്ക് ഒരു വീട് വാടകയ്ക്ക് എടുത്ത് ആയിരത്തിൽപരം രൂപ ശമ്പളം നൽകി ഒരു പി. ആർ. ഒ. യെ നിയമിച്ചിരിക്കുകയാണ്. അത് മാത്രമാണോ? അവിടെ ഒരു ടെലക്സ് ഓപ്പറേറെ നിയമിച്ചു. പരിശീലനമില്ലാത്ത, ടെലക്സ് ഓപ്പറേറ്റ് ചെയ്യാൻ അറിഞ്ഞുകൂടാത്ത ആളിനെയാണ് നിയമിച്ചിരിക്കുന്നത്. സഹകരണസ്ഥാപനങ്ങളിൽ നിയമനം നടത്തണമെങ്കിൽ പേപ്പറിൽ അഡ്വർടൈസ് ചെയ്യണം. അങ്ങനെയല്ലാതെയാണ് നിയമനം നടത്തിയിട്ടുള്ളത്. അതല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് നിയമിക്കണം. അങ്ങനെയൊന്നുമല്ലാതെ സ്വന്തത്തിലുള്ള ഒരാളെ തിരുകിക്കയറ്റാനാണ് ശ്രമിച്ചത്.

അതിനുംപുറമേ ചെയർമാന് കാറ്, ഒരു ഡ്രൈവർ. ആ ചെയർമാൻ സഞ്ചരിക്കുന്ന പെട്രോളിന്റെ മുഴുവൻ ചെലവും കാപ്പെക്സിൽനിന്നാണ്. ഒരു മാസത്തിൽ 5000-ൽപരം രൂപയോളം പെട്രോൾച്ചെലവിനായി കാപ്പെക്സിൽനിന്നും എഴുതിവാങ്ങിക്കുകയാണ്. അതിനുംപുറമേ ടി. എ. ബോർഡ് മീറ്റിംഗിനു വരുന്നതിനു ഡൽഹിയിൽനിന്നും ടി. എ. വാങ്ങിക്കും. പറഞ്ഞുകേൾക്കുന്നത് പാർലമെന്റു മെമ്പർ എന്ന നിലയിൽ പാർലമെന്റ് കൂടിക്കൊണ്ടിരിക്കുമ്പോൾ ഡൽഹിയിൽനിന്ന് കൊല്ലത്ത് വന്നുകഴിഞ്ഞാൽ അവിടെ നിന്നും ടി.എ. കിട്ടും എന്നാണ് ഒരു കമ്മിറ്റിക്കുതന്നെ പാർലമെന്റിൽനിന്നും കാപ്പെക്സിൽനിന്നും ഒരേ സമയം ടി. എ. വാങ്ങിക്കുന്നതായി ആക്ഷേപം പറഞ്ഞുകേൾക്കുന്നു. അതിനെക്കുറിച്ച് അന്വേഷിക്കണം. ഇതിനകംതന്നെ 20,000-ത്തിൽപരം രൂപ ടി.എ. വാങ്ങിച്ചുകഴിഞ്ഞിട്ടുണ്ട്. പതിനായിരത്തിൽപരം രൂപയുടെ ബില്ല് പെൻഡിംഗിലാണ്. ആ നിലയിലാണ് മുപ്പതു മുപ്പത്തിയഞ്ചു ദിവസം കഷ്ടിച്ചു പണി കിട്ടുന്ന, ശ്രീ. എം. എം. ഹസ്സന്റെ ഭാഷയിൽ പറഞ്ഞാൽ പാവപ്പെട്ട ഈ തൊഴിലാളികളെ ഉദ്ധരിക്കാൻ വന്ന കാപ്പെക്സ് ചെയർമാന്റെ പ്രവർത്തനമെന്ന് കോൺഗ്രസ് പ്രവർത്തകർ മനസ്സിലാക്കണം.. ഇപ്പോൾ ശ്രീ. കൃഷ്ണകുമാറിന്റെ ചാർജ്ജ് അവസാനിച്ചതുകൊണ്ടാണോ അതോ ശ്രീ. കരുണാകരനും ശ്രീ. അഹമ്മദുമായി ഒത്തുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടോണോ എന്ന് അറിയുകയില്ല, കൃഷ്ണകുമാറിനെ ചെയർമാൻ സ്ഥാനത്തുനിന്നും മാറ്റിയിരിക്കുന്നു. ഏതായാലും അദ്ദേഹത്തെ ചെയർമാൻ സ്ഥാനത്തുനിന്നും മാറ്റിയ ആ നടപടിയെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

ഞാൻ ഈ ബില്ലിനെക്കുറിച്ച് വളരെ ദീർഘമായി സംസാരിക്കുന്നില്ല. എന ക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്, ഈ ഗവൺമെൻറിൻെറ നയംതന്നെ ഇന്നലെ ഞാൻ സൂചിപ്പിച്ചതുപോലെ തൊഴിലാളികൾക്ക് എതിരാണ്. ജനങ്ങളുടെ താൽപര്യത്തെ വിസ്മരിച്ചുകൊണ്ട് എവിടെ കൈവയ്ക്കാൻ കഴിയുമോ ആ മേഖലകളിലെല്ലാം കൈവച്ച് പരമാവധി പണം ഉണ്ടാക്കുക എന്ന ഒരൊറ്റ മുഖമുദ്ര മാത്രമാണ് ഈ ഗവൺമെൻറിനുള്ളത്.

ശ്രീ. എം. എം. ഹസ്സൻ പ്രസംഗിച്ചപ്പോൾ ഒരു കാര്യം സൂചിപ്പിച്ചു. ഞങ്ങൾ നേരത്തെ സംസാരിച്ചപ്പോൾ കോടതി ഗവൺമെൻറിൻെറ ഡിപ്പാർട്ടുമെൻറ് ആണെന്നുള്ള നിലയിൽ സംസാരിച്ചതായി സൂചിപ്പിച്ചു. ജനാധിപത്യത്തിൻെറ മൂന്ന് അടിസ്ഥാനശിലകളാണ് ലജിസ്ലേച്ചറും എക്സിക്യൂട്ടീവും ജുഡീഷ്യറിയും. ഈ മൂന്നും സ്വതന്ത്രമായി പ്രവർത്തിക്കേണ്ടതാണ്.

* * * *

ശ്രീ. എ. സി. ജോസ്: സർ, ഒരു പോയിൻറ് ആഫ് ആർഡർ. കോടതിയെക്കുറിച്ച് ഇത്രയും അനാദരവായി സംസാരിക്കുന്നത് ആർഡറിലാണോ ?

ശ്രീ. ബേബിജോൺ: കോടതിയിൽ നിലവിലിരിക്കുന്ന കേസ്സിനെക്കുറിച്ച് പറയരുതെന്നല്ലാതെ കോടതിയുടെ പ്രവർത്തനത്തെക്കുറിച്ച് വിമർശിക്കരുതെന്ന് പറഞ്ഞിട്ടില്ല. അതിനെക്കുറിച്ചു പറയാം.

മി. ചെയർമാൻ: ഇവിടെ കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ബില്ലാണ് ചർച്ച ചെയ്യുന്നത്. അതിനിടയിൽ കോടതിയെക്കുറിച്ച് പരാമർശിക്കാൻ പാടില്ല. ബില്ലിനെക്കുറിച്ച് സംസാരിക്കണം.

ശ്രീ. ബേബിജോൺ: കോടതിയിലുള്ള ഒരു പ്രത്യേക കേസ്സിനെക്കുറിച്ചു പറയരുതെന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഈ സംസ്ഥാനത്തെ ജുഡീഷ്യറിയുടെ പ്രവർത്തനത്തെക്കുറിച്ച് പറയാനുള്ള അവകാശവും സ്വാതന്ത്ര്യവും നിയമസഭയ്ക്കും നിയമസഭയിലെ അംഗങ്ങൾക്കുമുണ്ട്. അത് നിഷേധിക്കരുത്.

ശ്രീ. എ. സി. ജോസ്: അവിടെ നിയമിച്ചിരിക്കുന്ന ഒരു ജഡ്ജിയെക്കുറിച്ചാണ് അപമാനകരമായ പരാമർശനം ഉണ്ടായിരിക്കുന്നത്. അത് നടപടികളിൽനിന്ന് നീക്കം ചെയ്യേണ്ടതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: ഞാൻ ജഡ്ജിയെക്കുറിച്ച് പറഞ്ഞിട്ടില്ല. ജുഡീഷ്യറിയുടെ പ്രവർത്തനത്തെക്കുറിച്ചാണ് പറഞ്ഞത്, നിഷ്പക്ഷമായി നിൽക്കേണ്ട ജുഡീഷ്യറി.....

ശ്രീ. വി. ജെ. തങ്കപ്പൻ: ഒരു ജഡ്ജി കൈക്കൂലി വാങ്ങിയാൽ, കൈക്കൂലി വാങ്ങിയെന്ന് നിയമസഭയ്ക്കകത്തോ നിയമസഭയ്ക്കു പുറത്തോ പറഞ്ഞാൽ അത് കോടതി അലക്ഷ്യമാകുമോ?

*** സ്പീക്കറുടെ ഉത്തരവുപ്രകാരം സഭാനടപടികളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: നിയമസഭയ്ക്കകത്തു പറഞ്ഞാലും പുറത്തു പറഞ്ഞാലും തീർച്ചയായും കോടതി അലക്ഷ്യമാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ബില്ലിനെക്കുറിച്ച് സംസാരിക്കണം. കോടതിയെക്കുറിച്ച് പരാമർശിക്കരുത്.

ശ്രീ. എ. വി. താമരാക്ഷൻ: ഞാൻ ജഡ്ജിയെക്കുറിച്ച് പറഞ്ഞിട്ടില്ല. നിഷ്പക്ഷമായി, നീതിപൂർവ്വമായി പ്രവർത്തിക്കേണ്ട ഉന്നതമായ മാനദണ്ഡം വച്ചുപുലർത്തേണ്ടതാണ് ജുഡീഷ്യറി. ഞാൻ എം. എം ഹസ്സൻ പറഞ്ഞതിന് മറുപടി പറയുകയാണ്. ജുഡീഷ്യറിയുടെ പ്രവർത്തനം കേരളത്തിലെ ജനങ്ങൾക്ക് അപമാനകരമായ നിലയിൽ നടക്കുന്നു. അതാണ് ശ്രീ. വർക്കല രാധാകൃഷ്ണൻ ഉന്നയിച്ചത്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ജഡ്ജ്മെന്റിനെക്കുറിച്ച് ന്യായമായ വിമർശനം നടത്താം. പക്ഷേ ഒരു ജഡ്ജിയുടെ കോൺഡക്ടിനെ സംബന്ധിച്ച് ഈ സഭയിൽ പരാമർശിക്കുന്നത് ശരിയല്ല. അത് ഇതിനുമുമ്പ് ഉണ്ടായിട്ടുള്ള റൂളിംഗ് ആണ്. ഈ സഭ അംഗീകരിച്ച റൂളിംഗ് പ്രകാരം ഒരു ജഡ്ജിയുടെ കോൺഡക്ടിനെക്കുറിച്ച് പറയാൻ പാടില്ല.

ശ്രീ. എ. വി. താമരാക്ഷൻ: ശ്രീ. അഹമ്മദ് പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. ഒരു ജഡ്ജിയുടേയും കോൺഡക്ടിനെക്കുറിച്ച് ഞാൻ പറഞ്ഞില്ല.

ശ്രീ. എ. സി. ജോസ്: ഈ സഭയിൽ ബഹുമാനപ്പെട്ട ചെയറിൽ നിന്ന് റൂളിംഗ് നൽകിയിട്ടും അതിനു വിരുദ്ധമായി വീണ്ടും സംസാരിക്കുന്നത് ആർഡറിലാണോ ?

ശ്രീ. എ. വി. താമരാക്ഷൻ: ഞാൻ ശ്രീ. അഹമ്മദ് പറഞ്ഞതിനോട് യോജിക്കുകയാണ്. ഒരു ജഡ്ജിയുടേയും കോൺഡക്ടിനെക്കുറിച്ച് ഞാൻ പറഞ്ഞില്ല. ഒരു വിധിയെക്കുറിച്ചാണ് പറഞ്ഞത്. ബാലകൃഷ്ണപിള്ളയോ ആരാ ആകട്ടെ. എ യോ ബി യോ ആരുമായിക്കൊള്ളട്ടെ. അതല്ല പ്രശ്നം. പക്ഷേ ആ വിധിയെ സംബന്ധിച്ചുണ്ടായ നടപടിക്രമങ്ങൾ ജനങ്ങളുടെ ഇടയിൽ ഈ ഗവൺമെന്റിനുമേലുള്ള വിശ്വാസം നഷ്ടപ്പെടാൻ ഇടയാക്കിയിരിക്കുന്നു. ആ ഗൗരവതരമായ കാര്യമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: നിയമസഭാസാമാജികൻമാരുടേയും മന്ത്രിമാരുടേയും പെരുമാറ്റത്തെക്കുറിച്ച് കോടതിയിൽ പരസ്യമായി പരാമർശിക്കുന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. വി. താമരാക്ഷൻ: അതുണ്ട്. ഞാൻ ഇവിടെ ജഡ്ജിയുടെ കോൺഡക്റ്റിനെക്കുറിച്ച് പറഞ്ഞില്ല. ഹൈക്കോടതിയിൽ ഉണ്ടായ ഒരു വിധിയും ആ വിധിയിൽ നിന്നുണ്ടായ നടപടിക്രമങ്ങളും ഏറ്റവും ഉന്നതമായ മാനദണ്ഡം പുലർത്തുന്ന ജുഡീഷ്യറിയുടെ ഈ പ്രവർത്തനം ജനങ്ങളുടെയിടയിൽ വലിയ ഉൽക്കണ്ഠയും ആശങ്കയും ഉണ്ടാക്കിയിരിക്കുന്നു. അത് ജനാധിപത്യത്തിന്റെ അടിത്തറ തകർക്കുന്നതാണ്. ഏറ്റവും ഗുരുതരമായ ഒരു കാര്യമാണത്. ജനാധിപത്യസംവിധാനത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ മൂന്നു അടിസ്ഥാനശിലകളായ എക്സിക്യുട്ടീവ്, ലജിസ്ലേച്ചർ, ജുഡീഷ്യറി ഇവ ഇന്റിപ്പെൻഡന്റായി പ്രവർത്തിക്കേണ്ട സ്ഥലത്ത് ഒരു സംശയം ഉണ്ടായിക്കഴിഞ്ഞാൽ അതിന്റെ മൂല്യങ്ങൾ തകർക്കപ്പെടും. ആ രീതിയിലുള്ള നടപടിക്രമമാണ് ഉണ്ടായിട്ടുള്ളത്. അത് അപമാനകരമാണെന്നുമാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളു. ഞാൻ ഈ സമയത്ത് ദീർഘമായി സംസാരിക്കുന്നില്ല. ഈ ബിൽ പൊതുജനാഭിപ്രായത്തിനു വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ട് ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു ബില്ലാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിൽ പൂട്ടിക്കിടക്കുന്ന കശുവണ്ടി വ്യവസായസ്ഥാപനങ്ങളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുക എന്ന സദുദ്ദേശത്തോടുകൂടിയാണ് ഈ ബില്ലുകൊണ്ടുവന്നിട്ടുള്ളത്. ഈ ബില്ലിലെ അപാകതകളെ സംബന്ധിച്ച്, ഫാക്ടറി ഉടമസ്ഥൻമാരെ രക്ഷിക്കാനുള്ള ചില വകുപ്പുകളെ സംബന്ധിച്ച് ഒക്കെ ഇവിടെ നേരത്തെ തന്നെ ചൂണ്ടിക്കാണിച്ചതാണ്. ഇതൊരു പൊതുചർച്ചയാണെന്നുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് വകുപ്പുതിരിച്ച് കടന്നു പോകണമെന്ന് ഉദ്ദേശിക്കുന്നില്ല. കശുവണ്ടി വ്യവസായരംഗത്തെ പൊതുമേഖലാസ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷൻ, സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന സഹകരണസംഘം (കാപ്പെക്സ്) ഈ സ്ഥാപനങ്ങളെ വളർത്തിയെടുത്ത്, കേരളത്തിലെ കശുവണ്ടി വ്യവസായതൊഴിലാളികൾക്ക് പൂർണ്ണമായി ജോലി കൊടുക്കാൻ കഴിയുന്ന ഒരുനയം സ്വീകരിക്കാൻ നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല. ഗവൺമെൻറ് സ്വീകരിക്കുന്ന നടപടിയാകെ പരിശോധിച്ചുനോക്കിയാൽ കശുവണ്ടി വ്യവസായരംഗത്തെ സഹകാര്യമുതലാളിമാരെ മാത്രമേ സംരക്ഷിച്ചിട്ടുള്ളു എന്നുകാണാം. ഗവൺമെൻറിന്റെ നയം പൊതുമേഖലാ സ്ഥാപനമായ കശുവണ്ടിവികസന കോർപ്പറേഷനെ സഹായിക്കലാണോ? ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി മി. അഹമ്മദ് മാത്രം വിചാരിച്ചാൽ കശുവണ്ടി വ്യവസായം രക്ഷപ്പെടുമോ? ശ്രീ. അഹമ്മദ് മാത്രം വിചാരിച്ചാൽ രക്ഷപ്പെടുകയില്ല എന്നുള്ളതിന് തെളിവുകളുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ട് ശ്രീ. കെ.എം. മാണി, ധനകാര്യവകുപ്പുമന്ത്രി മരവിപ്പിച്ച സംഭവമുണ്ടായി. അഹമ്മദ് മാത്രം വിചാരിച്ചാൽ പോര മാണി കൂടി വിചാരിക്കണം വ്യവസായവകുപ്പു നന്നാകണമെങ്കിൽ എന്നുള്ളതാണ് ഇന്നത്തെ സ്ഥിതി. കശുവണ്ടി വികസന കോർപ്പറേഷൻ കഴിഞ്ഞ വർഷം 72 ലക്ഷം രൂപ പർച്ചേസ് ടാക്സ് അടച്ചിട്ടുണ്ട്. എന്നാൽ 1983 ൽ തോട്ടണ്ടി വാങ്ങിയ വകയിൽ 63 ലക്ഷം രൂപ കോർപ്പറേഷനിൽ കുടിശ്ശികയുണ്ടായിരുന്നു. അധികാരം ഉപയോഗിച്ചുകൊണ്ട് കോർപ്പറേഷന്റെ പ്രവർത്തനം സ്തംഭിപ്പിക്കുന്നതിനുവേണ്ടി ധനകാര്യമന്ത്രി ഇടപെട്ട ഒരു സംഭവമുണ്ടായി. എന്നാൽ 1983-ൽ സഹകാര്യമേഖലയിലെ കശുവണ്ടി ഫാക്ടറികൾക്കെല്ലാം തന്നെ പർച്ചേസ് നികുതി ഇളവ് ചെയ്തുകൊടുക്കുകയാണ് ഗവൺമെൻറ് ചെയ്തത്. സഹകാര്യമുതലാളിമാർക്ക് കൊടുത്ത ഈ ആനുകൂല്യം പൊതുമേഖലാസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കശുവണ്ടി കോർപ്പറേഷന് കൊടുക്കാൻ ഗവൺമെൻറ് തയ്യാറായില്ല. 20 കോടി രൂപയുടെ സഹായം സഹകാര്യ ഫാക്ടറികൾക്ക് മാത്രമായി നമ്മുടെ ഗവൺമെൻറ് നൽകിയിട്ടുണ്ട്. പൊതുമേഖലയെ വളർത്തിയെടുക്കണം, സഹകരണസംഘങ്ങളും ഈ മേഖലയിൽ ഉയർത്തിക്കൊണ്ടുവരണം എന്നുള്ള ഈ ഗവൺമെൻറിന്റെ പ്രഖ്യാപനങ്ങളെല്ലാം വെറും

LIBRARY ARCHIVES Kerala Legislative Assembly

പൊള്ളയാണ്. ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളും പരിശോധിച്ചു നോക്കിയാൽ സഹകരണസ്ഥാപനങ്ങളെ തകർക്കുകയാണ് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത് എന്നുകാണാം.

കാപ്പക്സിന്റെ ഡയറക്ടർബോർഡ് പിരിച്ചുവിട്ടതിനെക്കുറിച്ച് നേരത്തെ ഇവിടെ പറഞ്ഞു. ഡയറക്ടർബോർഡ് തൊഴിലാളികൾക്കനുകൂലമായ ഒരു തീരുമാനം എടുത്തുവെന്ന് വരുത്തിത്തീർക്കാൻ മി. കൃഷ്ണകുമാർ ഒരുശ്രമം നടത്തി. ആത് മാർത്ഥതയോടുകൂടി അത് നടപ്പാക്കണമെന്നുള്ള ഉദ്ദേശം ശ്രീ. കൃഷ്ണകുമാറിനും ഇല്ലായിരുന്നുവെന്നാണ് തോന്നുന്നത്. അങ്ങനെ ഉണ്ടായിരുന്നുവെങ്കിൽ അതിന്റെ സാങ്കേതിക തടസ്സങ്ങളെല്ലാം മാറുന്നതിനുവേണ്ടി കൃഷ്ണകുമാർതന്നെ തയ്യാറാകുമായിരുന്നു. ഏതായാലും അതിന്റെ ഡയറക്ടർബോർഡ് പിരിച്ചുവിട്ടു. കോൺഗ്രസ് (ഐ) യുടെ എം. പി., ശ്രീ. കൃഷ്ണകുമാറാണ് അതിന്റെ ചെയർമാൻ. ഇവിടെ ഇപ്പോഴും ഓരോ മന്ത്രിമാരും ഓരോ വകുപ്പും ഉപയോഗിച്ച് ഏകകക്ഷി ഭരണം നടപ്പാക്കിക്കൊണ്ടിരിക്കുകയാണല്ലോ. ശ്രീ. അഹമ്മദ് സാഹിബും അദ്ദേഹത്തിന്റെ വകുപ്പിൽ ഏകകക്ഷിഭരണം നടപ്പാക്കിക്കളയാമെന്നു വിചാരിച്ചു കോൺഗ്രസ് (ഐ) ക്കാരൻ ചെയർമാനെ അദ്ദേഹം പിരിച്ചുവിട്ടു. ഏതായാലും ഇതിനേക്കാളും മിസ്മാനേജുമെന്റ് കാണിക്കുന്ന സ്ഥാപനമാണ് ഷൊർണ്ണൂരിലെ കൈരളി ബീഡി. കൈരളി ബീഡിയിലെ ഡയറക്ടർ ബോർഡ് പിരിച്ചു വിടാൻ ശ്രീ. അഹമ്മദ് തയ്യാറായില്ല. അതിന്റെ കാരണം അതിലെ ചെയർമാൻ അഹമ്മദിന്റെ പാർട്ടിക്കാരനായ അബുസാഹിബ്ബാണ്. കൈരളി ബീഡി എന്ന സ്ഥാപനം തകർന്നു. ശ്രീ. അബുസാഹിബിന് ബീഡി വ്യവസായവുമായി ബന്ധമുണ്ടോ? ജീവിതത്തിൽ ഇന്നേവരെ ബീഡി വലിക്കാത്ത ആളാണ് അബുസാഹിബ്ബ്. ഫോറിൻ സിഗരറ്റ് മാത്രം വലിക്കുന്ന അബുസാഹിബ്ബിനെ പിടിച്ച് കൈരളി ബീഡി സഹകരണസംഘത്തിന്റെ പ്രസിഡണ്ടായി വച്ച് ആ സ്ഥാപനം പൊളിഞ്ഞു. അതിന്റെ ഡയറക്ടർബോർഡിനെതിരായി നടപടി ഇല്ല. കാരണം അത് ലീഗിന്റെ വകുപ്പാണ്. ഇതിന്റെ ചെയർമാൻ കോൺഗ്രസ് (ഐ) ക്കാരനായതുകൊണ്ട് അതിന്റെ ചെയർമാനെയും ഡയറക്ടർ ബോർഡിനെയും പിരിച്ചുവിട്ടു. ഓരോരുത്തരും ഇതുപോലെ ഏകകക്ഷി ഭരണം നടപ്പാക്കുകയാണ്. അതാണ് ഇവിടെ ഇപ്പോഴും കണ്ടുകൊണ്ടിരിക്കുന്നത്. ഏതായാലും ഇന്നലെ എനിക്കൊരു ആശങ്ക ഉണ്ടായിരുന്നു.

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): ബഹുമാനപ്പെട്ട മെമ്പർ ബീഡിയുടെ കാര്യം പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്, അങ്ങ് ബീഡി വലിക്കാറുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ ബീഡിയും വലിക്കാറില്ല, സിഗരറ്റും വലിക്കാറില്ല. നമ്മുടെ അബുസാഹിബ്ബ് ഫോറിൻ സിഗരറ്റ് മാത്രം വലിക്കുകയും ബീഡി വലിക്കാതിരിക്കുകയും ചെയ്യുന്നുവെന്നാണ് ഞാൻ പറഞ്ഞത്.

സർ, എനിക്ക് ഇന്നലെ ഒരു സംശയം ഉണ്ടായിരുന്നു. ഈ നിയമം പാസ്സാക്കി എടുത്താൽ അത് നടപ്പാക്കാൻ കണ്ണൂർക്കാരനായ നമ്മുടെ മന്ത്രി അഹമ്മദ് സാഹിബ്ബിന്നു കഴിയുമോ എന്നുള്ളതായിരുന്നു എന്റെ സംശയം. എന്നാൽ ഇന്ന് രാവിലെ എനിക്ക് ബോദ്ധ്യപ്പെട്ടു അദ്ദേഹത്തിന് അതിന് കഴിയുമെന്ന്. ഇന്നലെ രാത്രിവരെ പിള്ള പ്രശ്നമായിരുന്നു. പിള്ള പ്രശ്നം പരിഹരിച്ചു, തള്ളയെ രക്ഷിച്ചു. തള്ള മരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പോകുമെന്നായിരുന്നു ഞാൻ വിചാരിച്ചത്. തള്ള മരിച്ചില്ല, പക്ഷേ പിള്ളയും രക്ഷപ്പെട്ടില്ല. പിള്ളയെ രക്തസാക്ഷിയാക്കി. ഇപ്പോൾ പ്രശ്നം പ്രധാനമന്ത്രിക്ക് വിട്ടിരിക്കുകയാണ്. പ്രധാനമന്ത്രി ഈ മന്ത്രിസഭയുടെ കാലാവധി തീരുന്നതുവരെ അതിനെക്കുറിച്ചുള്ള തീരുമാനം പ്രഖ്യാപിക്കുകയുമില്ല. അഞ്ചുവർഷം കാലാവധി തീരുന്നതുവരെ ഈ ഗവൺമെന്റ് ഭരിക്കുമെന്നുള്ള കരുണാകരന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഈ സഭയുടെ കാലാവധി അവസാനിക്കുന്നതുവരെ എന്തായാലും ബാലകൃഷ്ണപിള്ള പ്രശ്നത്തിൽ പ്രധാനമന്ത്രിയുടെ തീരുമാനം പുറത്തുവരാൻ ഇടയില്ല.

ശ്രീ. പി. പി. തങ്കച്ചൻ: ബാലകൃഷ്ണപിള്ളയെ തിരിച്ചെടുക്കണമെന്നാണോ ബാലകൃഷ്ണന്റെയും ബാലകൃഷ്ണന്റെ പാർട്ടിയുടെയും അഭിപ്രായം?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബാലകൃഷ്ണപിള്ളയെ തിരിച്ചെടുക്കരുതെന്നു മാത്രമല്ല ബാലകൃഷ്ണപിള്ള എം. എൽ. എ. ആയിട്ട് ഇരിക്കുകപോലും എന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം. സത്യപ്രതിജ്ഞാലംഘനം നടത്തിയ ഒരാൾ എം. എൽ. എ. ആയിരിക്കാൻ പാടുണ്ടോ?

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: ഈ തർക്കത്തിനെക്കുറിച്ച് ശ്രീ. കരുണാകരൻ ഇതുവരെ പറഞ്ഞത് ഇത് നിയമപ്രശ്നമാണെന്നാണ്. എന്നാൽ കേരളകോൺഗ്രസ്സുകാർ പറഞ്ഞത് ഇത് രാഷ്ട്രീയ പ്രശ്നമാണെന്നാണ്. മൂപ്പനാർ വന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാൻ പ്രധാനമന്ത്രിയെ ഏൽപ്പിച്ചതുവഴി കേരളാകോൺഗ്രസ്സുകാർ പറഞ്ഞ രാഷ്ട്രീയ പ്രശ്നമാണെന്നുള്ളത് അവസാനമായി കോൺഗ്രസ് അംഗീകരിച്ചു എന്നല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പ്രധാനമന്ത്രിക്ക് വിട്ടാൽപോലും ഈ പ്രശ്നം തീരാൻപോകുന്നില്ലെന്ന്. പ്രധാനമന്ത്രിയല്ല ഇതിൽ തീരുമാനം എടുക്കേണ്ടത് ഗവർണ്ണറും മുഖ്യമന്ത്രിയുമാണ് ഈ കാര്യത്തിൽ തീരുമാനം എടുക്കേണ്ടതെന്നാണ് കോടതി പറഞ്ഞത്. അത് പ്രധാനമന്ത്രിക്ക് വിട്ടതുകൊണ്ടു മാത്രം പ്രശ്നം അവസാനിക്കാൻ പോകുന്നില്ല. യഥാർത്ഥത്തിൽ കേരള കോൺഗ്രസ്സുകാരുടെ പിള്ളയെ മന്ത്രിസഭയിൽ എടുക്കണമെന്നില്ല. അവർക്കും ബാലകൃഷ്ണപിള്ളയെ ഒന്നു മൂലയിൽ ഇരുത്തിയാൽ തരക്കേടില്ല എന്നതാണ്. അതിനുവേണ്ടി ശ്രീ മാണിയും കരുണാകരനും കൂടി കണ്ടുപിടിച്ച ഒരു വിദ്യയാണ് ഇവിടെ നടത്തുന്നത്. ബാലകൃഷ്ണപിള്ളയെ രക്തസാക്ഷിയാക്കി. പഞ്ചാബ്മോഡൽ പ്രസംഗം ചെയ്തതിന്റെ പേരിലാണ് ശ്രീ. ബാലകൃഷ്ണപിള്ള രക്തസാക്ഷിയായത്. എന്തായാലും ഇപ്പോൾ കരുണാകരൻ ആലോചിക്കുന്നത് പഞ്ചാബിൽ തിരഞ്ഞെടുപ്പ് നടക്കാൻ പോവുകയാണല്ലോ, പഞ്ചാബ് തിരഞ്ഞെടുപ്പിൽ ചാർജ്ജുള്ള ആളുകളുടെ കൂട്ടത്തിലുൾപ്പെട്ട ഒരാളാണ് നമ്മുടെ മുഖ്യമന്ത്രി കരുണാകരൻ. ഈ ശല്യത്തെ ഇവിടെനിന്നുമാറി പഞ്ചാബിൽ കൊണ്ടുചെന്ന് സ്ഥാനാർത്ഥിയാക്കി മന്ത്രിയാക്കിക്കൂടെ എന്നാണ് ആലോചന. ഇതാണ് കേരളാകോൺഗ്രസ്സുകാരോട് മുഖ്യമന്ത്രിയുടെ ഇപ്പോഴത്തെ ചോദ്യം. പഞ്ചാബിലാണെങ്കിൽ ഇപ്പോൾ രണ്ടുമൂന്നു സ്ഥാനാർത്ഥികൾ മരിച്ചിട്ടുണ്ട്, ഉപതിരഞ്ഞെടുപ്പ് നടക്കുമ്പോൾ അവിടെ ഒരു സ്ഥാനാർത്ഥിയാക്കി മന്ത്രിയാക്കിക്കൂടെ എന്നാണ് ചോദ്യം. എന്തായാലും കേരള

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സുകാരെ ഇങ്ങനെ തട്ടിക്കളിച്ചിട്ട് കേരളാകോൺഗ്രസ്സുകാർക്ക് ഒരു പ്രശ്നവുമില്ല. എങ്ങിനെയെങ്കിലും മന്ത്രിസ്ഥാനം നിൽക്കണമെന്ന പ്രശ്നം മാത്രമെ അവർക്കുള്ളു.

ശ്രീ. വി.സി. കബീർ: ബാലകൃഷ്ണപിള്ള പ്രശ്നം പ്രധാനമന്ത്രി രാജീവ്ഗാന്ധി പരിഹരിക്കാൻ തീരുമാനിച്ചു. അപ്പോഴാ എൻ. ഡി. പി. പ്രശ്നം മിസ്സിസ് രാജീവ് ഗാന്ധി പരിഹരിക്കാൻ തീരുമാനിച്ചോ എന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് വല്ല വിവരവും അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എനിക്ക് അതിനെക്കുറിച്ച് കൂടുതലായി വിവരമൊന്നും അറിയില്ല. സത്യപ്രതിജ്ഞാലംഘനം നടത്തിയതിന്റെ പേരിൽ ബാലകൃഷ്ണപിള്ളയ്ക്കെതിരായി കോൺഗ്രസ്സുകാർ ഹാലിളകി. ബാലകൃഷ്ണപിള്ള മാത്രമാണോ സത്യപ്രതിജ്ഞാലംഘനം നടത്തിയത്? നമ്മളെല്ലാംഅതായത് എം. എൽ. എ. മാർ സത്യപ്രതിജ്ഞാവാചകം ചൊല്ലുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കും എന്നു പറഞ്ഞിട്ടാണ്. നമ്മുടെ ഡെപ്യൂട്ടി മുഖ്യമന്ത്രി നഹ സാഹിബ്ബ് എന്താണ് ചെയ്തത്? ശരിഅത്തിന്റെ പേരിൽ നടത്തിയ വിവാദത്തിനെതിരായി പോരാടണമെന്ന് ആഹ്വാനം ചെയ്ത സുപ്രീംകോടതി വിധിയെ തള്ളിക്കളയണമെന്നു പറഞ്ഞത് നമ്മുടെ ഡെപ്യൂട്ടി മുഖ്യമന്ത്രിയല്ലേ? ആ ഡെപ്യൂട്ടി മുഖ്യമന്ത്രിയോട് ഒരു വിശദീകരണമെങ്കിലും ചോദിക്കാൻ ശ്രീ. കരുണാകരന്റെ നാക്ക് പൊങ്ങിയോ? ചോദിച്ചാൽ; ഉപമുഖ്യമന്ത്രിയും ലീഗും ഇല്ലെങ്കിൽ ശ്രീ. കരുണാകരന്റെ മന്ത്രിപ്പണി പോകും.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): തള്ളിക്കളയണമെന്ന് ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എല്ലാ പത്രങ്ങളിലും വന്നതാണ്, ഉപമുഖ്യമന്ത്രി ഇതുവരെയും നിഷേധിച്ചിട്ടില്ല.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: തള്ളിക്കളയണമെന്ന് പറഞ്ഞത് ഒരുപത്രത്തിലും വന്നിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പിന്നെ നിങ്ങളം പറഞ്ഞത് എന്താണ്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ഞാൻ പറഞ്ഞത് എന്താണെന്ന് പത്രത്തിൽ വായിച്ചുനോക്കിയാൽമതി.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ബില്ലിൽ ഒതുങ്ങി നിന്ന് സംസാരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കശുവണ്ടി വ്യവസായവും ഇതുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ടാണ് സർ, ഞാൻ പറയുന്നത്. കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികളെ രക്ഷിക്കാൻ വേണ്ടിയുള്ളതാണ് ഈ ബിൽ. ഈ തൊഴിലാളികളെ രക്ഷിക്കണമെങ്കിൽ ശ്രീ. അഹമ്മദ് മന്ത്രിയായിരിക്കേണ്ടയോ? ശ്രീ. അഹമ്മദ് മന്ത്രിയായിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമ്പോഴും ഇത്തരം പ്രശ്നങ്ങളെല്ലാം വരുമ്പോഴും അത് പരിഹരിക്കണ്ടേ ? അതുകൊണ്ടാണ് ഞാനിത് പറയുന്നത്.

സുപ്രീംകോടതി വിധി ലംഘിക്കുന്നതിന് ആഹ്വാനം ചെയ്ത നഹാ സാഹിബ്ബിനോട് ഒരു ചോദ്യംപോലും ചോദിക്കാൻ കോൺഗ്രസ് (ഐ) ക്കാരായിട്ടുള്ള ദേശീയവാദികൾക്ക് കഴിഞ്ഞില്ല.

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. കോടിയേരിയും ശ്രീ. രാഘവനും നിരന്തരമായി ശരിഅത്തിനെക്കുറിച്ച് പറയുന്നതുകൊണ്ട് ചോദിക്കുകയാണ്. സർവ്വരക്ഷയ്ക്കുള്ള ഒറ്റമൂലിയായി ഇപ്പോഴും മാർക്സിസ്റ്റു പാർട്ടി തിരഞ്ഞെടുത്തിട്ടുള്ളത് ശരിയത്തിനെയാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശരിഅത്തിനെക്കുറിച്ച് ഞാൻ പറഞ്ഞിട്ടില്ല. ഞങ്ങളെന്തുപറഞ്ഞാലും ഹസ്സനു ശരിഅത്തിനെക്കുറിച്ച് പറയുകയാണോ എന്നുതോന്നും. ഹസ്സനു ഇപ്പോഴും കുറച്ചു വിഷമത്തിലാണ്. ഹസ്സന്റെ നേതാവ് കേന്ദ്രസഹമന്ത്രി അഹമ്മദ് അലിഖാൻ പാർലമെന്റിൽ ബനാത്ത്വാലയോടും മറ്റും പറഞ്ഞു നിങ്ങളാണ് മുസ്ലീം സമുദായത്തിന്റെ വഞ്ചകന്മാർ എന്ന്. കേരളത്തിൽ കരുണാകരനു അത് പറയാൻ ധൈര്യം ഇല്ല. ആര്യാടൻ മുഹമ്മദും പറഞ്ഞു, നഫീസത്തുബീവിയും പറഞ്ഞു. എന്നിട്ടും ഹസ്സനു ഇപ്പോഴും സംശയം. സാരമില്ല ഹസ്സാ ! ഹസ്സൻ ധൈര്യമായിട്ടു പറയൂ. ചെറുപ്പക്കാരനെന്നുള്ള നിലയിൽ ഹസ്സൻ എന്തിനാണ് ഇത്രയുംകാലം ഈ കളി കളിക്കുന്നത്. ലീഗിനു വിധേയമായിക്കൊണ്ടുമാത്രമേ മന്ത്രിസ്ഥാനം നിലനിർത്താൻ കഴിയൂ എന്നുള്ളതുകൊണ്ട് മുഖ്യമന്ത്രിസ്ഥാനത്തിനു വേണ്ടിയാണ് ഈ വിടുപണി എല്ലാം ചെയ്യുന്നത്. സത്യപ്രതിജ്ഞാലംഘനത്തിന്റെ പേരുംപറഞ്ഞ് ബാലകൃഷ്ണപിള്ളയെ മൂലയിലിരുത്തി. ഈ കേരളാ കോൺഗ്രസ്സുകാർക്ക് വല്ല ആത്മാഭിമാനവും ഉണ്ടോ? എത്ര അന്ത്യശാസനങ്ങൾ കൊടുത്തു ? എല്ലാ അന്ത്യശാസനങ്ങളും പോയി. ശ്രീ. ബാലകൃഷ്ണപിള്ള ഒരു പ്രസംഗം ചെയ്തു എന്നുള്ളതിന്റെ പേരിൽ കോളിളക്കം ഉണ്ടാക്കിയവർക്കെതിരെ യൂത്ത് ഫ്രണ്ടുകാരും കേരളാ കോൺഗ്രസ്സുകാരും പഞ്ചാബെങ്കിൽ പഞ്ചാബ്, ആസ്സാമെങ്കിൽ ആസ്സാം എന്ന മുദ്രാവാക്യം നാടുനീളെ വിളിച്ച് പ്രചരണം നടത്തിയില്ലേ?

മി. ചെയർമാൻ: രാഷ്ട്രീയ ചർച്ചയ്ക്കുള്ള അവസരം വേറെയുണ്ട്, ബഹുമാനപ്പെട്ട മെമ്പർ ബില്ലിന്റെ പരിധിയിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട അങ്ങേയ്ക്കും അറിയാമല്ലോ, നമുക്കൊക്കെ നയപരമായ കാര്യങ്ങളെക്കുറിച്ച് കൂടുതൽ വിവരം ഉണ്ടല്ലോ. അതുകൊണ്ട് രാഷ്ട്രീയ പ്രശ്നങ്ങളെ കഴിയുന്നതും ഒഴിവാക്കി ഈ ബില്ലിന്റെ പരിധിയിൽനിന്നുകൊണ്ട് സംസാരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ വിഷയം സംബന്ധിച്ച് ചില കാര്യങ്ങൾ പരാമർശിക്കാതെ പോകുന്നത് ശരിയായിരിക്കുകയില്ല എന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. അങ്ങനെ മുദ്രാവാക്യം വിളിച്ച ആളുകളെപ്പോലും മന്ത്രിസഭയിൽ ഇരുത്തി ഭരണം മുന്നോട്ട് കൊണ്ടുപോകുന്നതിനു എന്ത് വിട്ടുവീഴ്ചയും കാണിക്കുന്ന ഈ ഗവൺമെന്റ് കശുവണ്ടിത്തൊഴിലാളികളെ രക്ഷിക്കാൻ വേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം എം ഹസ്സൻ: ഭരണം നിലനിർത്താൻ ഞങ്ങളെ എന്തു വിട്ടുവീഴ്ച കാണിച്ചുവെന്നാണ് പറയുന്നത്?

ശ്രീ കോടിയേരി ബാലകൃഷ്ണൻ: അങ്ങനെ ചോദിച്ചാൽ അതിനെക്കുറിച്ച് വിശദീകരിക്കാൻ കുറച്ചുസമയം വേണം. വിശദീകരിക്കണമോ? മുക്രിമാർക്ക് പെൻഷൻ കൊടുക്കണമെന്ന് പറഞ്ഞപ്പോഴും എത്ര പൈസ കൊടുത്തു? പൂജാരിമാർക്ക് പെൻഷൻ വേണമെന്ന് എൻ ഡി. പി. ക്കാർ പറഞ്ഞപ്പോഴും അതിനുവേണ്ടി എത്ര പൈസ ദേവസ്വം ബോർഡിന് കൊടുത്തു? നിങ്ങളെ ആർക്കും എന്തും വാരിക്കോരിക്കൊടുക്കും. അങ്ങനെയുള്ള വർഗ്ഗീയ-ജാതീയ പ്രസ്ഥാനങ്ങളുമായി കൂട്ടുകൂടി ഭരണം നടത്തുന്ന ഒരു മുന്നണിയാണ് നിങ്ങളുടെ മുന്നണി. ഈ നാട്ടിലെ കശുവണ്ടിത്തൊഴിലാളികളോട് തെല്ലെങ്കിലും സ്നേഹമുള്ള ഒരു ഗവൺമെന്റായിരുന്നുവെങ്കിൽ കഴിഞ്ഞ കാലങ്ങളിൽ സ്വീകരിച്ച നയങ്ങളെ തുടരുമായിരുന്നില്ല. കശുവണ്ടിത്തൊഴിലാളികളെ രക്ഷിക്കണമെങ്കിൽ ഈ ഗവൺമെന്റ് പോകണം, ഈ ഗവൺമെന്റ് തകരണം എന്നാണ് കശുവണ്ടിത്തൊഴിലാളികളെ ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് ഈ ബിൽ കശുവണ്ടിത്തൊഴിലാളികളെ സഹായിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണ് എന്ന അർത്ഥത്തിലുള്ള ചില ഭേദഗതികളെ വരുത്തി ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നത്.

ശ്രീ. എം. വി. രാഘവൻ: സർ, ഈ ബില്ലിലെ ചില വ്യവസ്ഥകളെപ്പറ്റി ഇവിടെ പറഞ്ഞു. ആ വ്യവസ്ഥകളിൽ പ്രത്യേകിച്ചും സെക്ഷൻ 3-ൽ കാഷ്യൂ ഫാക്ടറികളിൽ ഇപ്പോഴുള്ള സംവിധാനം തകർക്കാനും ശ്രീ. ഇ. അഹമ്മദിനും ഭരിക്കുന്നവർക്കും ഇഷ്ടമുള്ളവർക്ക് കൊടുക്കാനും കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ, ഗവൺമെന്റ് തീരുമാനിക്കുന്ന ഏജൻസികൾക്ക് എല്ലാം കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഏതാണ് ഗവൺമെന്റ് തീരുമാനിക്കുന്ന ഏജൻസി എന്നറിയില്ല. ശ്രീ. തച്ചടി പറയുന്നത് 23 കോടി രൂപയുടെ നഷ്ടം ഫെഡറേഷന് ഉണ്ടായിട്ടുണ്ടെന്നാണ്. അതുകൊണ്ട് നഷ്ടം പരിഹരിക്കണമാണ് എന്നാണ് പറയുന്നത്. ഫെഡറേഷനെ ലിക്വിഡേറ്റ് ചെയ്യാനാണോ നിങ്ങൾ ആലോചിക്കുന്നത്? നഷ്ടം പരിഹരിക്കാനാണെങ്കിൽ ഗവൺമെന്റ് സാമ്പത്തികമായ സഹായം ചെയ്യണം. നഷ്ടം ഉണ്ടാക്കിവച്ചത് ആരാണ്? നിങ്ങളാണ്. ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായിട്ട് ഇറക്കുമതി ചെയ്യുന്ന കശുവണ്ടിതന്നെ പുറത്ത്, തമിഴ് നാട്ടിലും മറ്റും കൊണ്ടുപോയി ജോലിയെടുപ്പിച്ച് കൊണ്ടുവരുന്നു. അങ്ങനെ ഇറക്കുമതി ചെയ്യുന്ന കശുവണ്ടിപോലും ഇവിടെ ഉപയോഗിക്കുന്നില്ല. കശുവണ്ടി വ്യവസായത്തിൽ മൽസരിച്ച് പ്രൊക്യൂവർമെന്റ് നടത്താൻ കശുവണ്ടി കോർപ്പറേഷന് സാധിക്കുകയില്ല. അതിന്റെ ഫലമായി നഷ്ടം കൂടിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ കൊണ്ടുവരുന്ന അമൻഡ്മെന്റ് സദുദ്ദേശകരമാണെന്ന് പറഞ്ഞുകൂടാ. അത് കാഷ്യൂ കോർപ്പറേഷനെ നശിപ്പിക്കാനാണെന്ന് ഞാൻ പറഞ്ഞാൽ അത് നിഷേധിക്കാൻ ശ്രീ. അഹമ്മദിന് സാധിക്കുമോ? കാഷ്യൂ കോർപ്പറേഷന് സ്ഥിരമായി ഒരു എം. ഡി യെ വയ്ക്കുന്നില്ല. എം. ഡി. യെ മാറിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ അതിന്റെ മാനേജുമെന്റുതന്നെ നന്നായി നടക്കുന്നില്ല. 1983 മുതൽ സ്ഥിരമായി ഒരു എം. ഡി. യെ നിശ്ചയിച്ചിട്ടുണ്ടോ? ഇപ്പോഴുള്ള ആൾ ട്രെയിനിംഗിന് പോയിരിക്കുകയാണെന്നാണ് പറഞ്ഞത്. മാനേജുമെന്റ് നന്നാകാതെ എങ്ങനെയാണ് സ്ഥാപനങ്ങൾ നന്നാകുക? ശ്രീ. കെ. പി. പി. നമ്പ്യാരെവച്ച് കെൽട്രോൺ നടത്തിയതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ആകുകയില്ലേ? മാനേജുമെൻറ് നന്നാക്കാനല്ല ശ്രീ. ഇ. അഹമ്മദിനെപ്പോലെയുള്ള മന്ത്രിമാർക്ക് ഇഷ്ടംനടത്താൻ മുതലാളിമാരുടെ സഹചരണം നേടാനാണ് നിങ്ങൾ ശ്രമിക്കുന്നത്. അതിൻെറ ദുരന്തമാണിത്. എന്നിട്ട് കശുവണ്ടി കോർപ്പറേഷനെ കുറ്റംപറഞ്ഞിട്ട് കാര്യമുണ്ടോ? കുത്തക സംഭരണം എടുത്തുകളയുകയും അങ്ങനെ സ്വകാര്യമേഖലയ്ക്ക് കൂടുതൽ സംരക്ഷണം നൽകുകയുമല്ലേ നിങ്ങൾ ചെയ്തത്? അതിൻെറ ഫലമായിട്ടാണ് കശുവണ്ടി കോർപ്പറേഷൻ തകർച്ചയിലേക്ക് പോയത്. അതുകൊണ്ട് ഗവൺമെൻറ് ചെയ്യേണ്ടത്, കോർപ്പറേഷൻെറ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിങ്ങളിൽ ഉപേക്ഷിക്കപ്പെട്ടതും പഴയ ഗവൺമെൻറുകൾ നടപ്പിലാക്കിവന്നതുമായ കുത്തകസംഭരണം വീണ്ടും ഏർപ്പെടുത്തുക എന്നുള്ളതാണ്. അക്കാര്യത്തിൽ ഗവൺമെൻറിൻെറ നയം എന്താണ്? അങ്ങനെ ഏർപ്പെടുത്തിയതിൽ കോർപ്പറേഷൻെറ നഷ്ടം പരിഹരിക്കാൻ കഴിയും. അല്ലാതെ മുതലാളിമാർക്ക് ഇഷ്ടമുള്ള വിലയ്ക്ക് കശുവണ്ടിവാങ്ങുകയും എന്നിട്ട് അത് പുറത്തുകൊണ്ടുപോയി സംസ്കരിക്കുകയും ചെയ്യുന്ന സ്ഥിതിയിൽ കോർപ്പറേഷൻെറ നഷ്ടം പരിഹരിക്കാൻ കഴിയുകയില്ല. മുതലാളിമാരുമായി കോർപ്പറേഷന് കംപീറ്റ് ചെയ്യാൻ സാധിക്കുകയില്ല. അങ്ങനെയുള്ള ദുരവസ്ഥയാണ് ഉള്ളത്. അത് മാറണം. അതുപോലെ ഇറക്കുമതി സ്വകാര്യക്കാർക്ക് കൊടുക്കുന്നതിനുപകരം ഗവൺമെൻറ് അതിന് നിയന്ത്രണം കൊടുക്കണം. 50 ശതമാനം കൊടുക്കും എന്ന് പറഞ്ഞു; പക്ഷേ കൊടുക്കുന്നില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത് സ്വകാര്യ കുത്തക മുതലാളിമാരുടെ ഏജൻറുമാരോ, ഏജൻറുമാരോ ആയിട്ടാണ് നിങ്ങൾ പ്രവർത്തിക്കുന്നതെന്ന്. അതിൻെറ ഫലമാണ് കശുവണ്ടി മേഖലയിലെ തൊഴിലാളികൾ ഇന്ന് അനുഭവിക്കുന്നത്. അവരുടെ ക്ഷേമപ്രവർത്തനങ്ങൾ ഒന്നും നിങ്ങൾ ശരിക്കും ശ്രദ്ധിക്കുന്നില്ല. തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കുന്നത് കോർപ്പറേഷൻ മാത്രമാണ്. മറ്റുള്ളവർ ആനുകൂല്യം കൊടുക്കുന്നില്ല. പത്തുപത്തിനാലു ഫാക്ടറികൾ പ്രവർത്തിപ്പിക്കാതെ 84 കുടിവാടുപ്പ് ഫാക്ടറികൾക്ക് നിങ്ങൾ ലൈസൻസ് കൊടുത്തു. മുതലാളിമാരെ രക്ഷിക്കാനും തൊഴിലാളികൾക്ക് അവരുടെ മിനിമം വേജസ്സും ഡി. എ. യും കൊടുക്കാതിരിക്കാനും വേണ്ടി ചെയ്യുന്ന ഏർപ്പാടല്ലേ ഇത്? അല്ല എന്നു പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുമോ? ഇക്കുമതി ലൈസൻസ് സ്വകാര്യമേഖലയിൽ കൊടുക്കുന്നത് കശുവണ്ടി കോർപ്പറേഷനെ തകർക്കാനല്ലേ? ഒരു ഉദാഹരണം ഞാൻ പറയാം. കിളികൊല്ലൂരുള്ള എം. എസ്. കശുവണ്ടി ഫാക്ടറി 1984-ൽ തുറന്നില്ല. ആ ഫാക്ടറി തുറന്നില്ലെന്നു മാത്രമല്ല ആ ഫാക്ടറിയുടെ മാനേജുമെൻറ് ഫാക്ടറിയിലെ തേട്ടണ്ടി കടത്തിക്കൊണ്ടുപോയി കൊട്ടിയം, പാരിപ്പള്ളി എന്ന സ്ഥലത്ത് കുടിൽ ഫാക്ടറികളിൽ ജോലി ചെയ്യിച്ചു. ഇല്ല എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ? അതിനെക്കുറിച്ച് അന്വേഷണം നടത്താൻ സാധിക്കുമോ? ഇതല്ലേ ഫാക്ടറി ഉടമകൾ ചെയ്യുന്നത്? എന്നിട്ട് എം. എസ്. ഫാക്ടറിയുടെ പേരിൽ ഗവൺമെൻറിനു കണക്കുകിട്ടുകയും ചെയ്യുന്നു. ഇത് ഒരു ഉദാഹരണം മാത്രമാണ്. ഇതുപോലെയാണ് മുതലാളിമാർ പ്രവർത്തിക്കുന്നത്. തൊഴിലാളികൾക്ക് ഡി. എ. ഇല്ല, മിനിമം വേജസ് ഇല്ല. അങ്ങനെ എൺപതോളം ഫാക്ടറികൾ ഉണ്ടെന്നാണ് പറയുന്നത്. അംഗീകരിച്ച ഫാക്ടറികൾ പ്രവർത്തിക്കാതിരിക്കുകയും തൊഴിലാളികൾക്ക് മിനിമം വേജസ്സും മറ്റ് ആനുകൂല്യങ്ങളും കൊടുക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇവിടെ കശുവണ്ടിവ്യവസായം തകർന്നു എന്ന്. കശുവണ്ടിവ്യവസായം തകർന്നത് ശ്രീ. ഇ. അഹമ്മദ് വന്നിട്ടാണ് എന്ന് ഞാൻ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആ തകർച്ച മുൻപേയുണ്ട്. പക്ഷേ ആ തകർച്ച പരിഹരിക്കുന്നതിന് ഈ ഗവൺമെൻറ് വരുന്നതിനുമുമ്പ്, ഇടതുപക്ഷ ഗവൺമെൻറ് മാത്ര മല്ല മറെറല്ലാ ഗവൺമെൻറുകളും പ്രത്യേകിച്ച് അച്ചുതമേനോൻറ ഗവൺ മെൻറും സ്വീകരിച്ച ചില നടപടികളും സ്വീകരിക്കണം. സംഭരണവും ഇറക്കുമതി നയവുമെല്ലാം തകർത്തുകൊണ്ട് ഈ രാജ്യത്തെ തൊഴിലാ ളികളുടെ ജീവിതം നരകതുല്യമാക്കിത്തീർക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. യഥാർത്ഥത്തിൽ മുതലാളിമാർക്കുവേണ്ടി ഭൃത്യവേല ചെയ്യാൻപോലും നിങ്ങൾ മടിക്കില്ല. എം. എസ്. ഫാക്ടറിയിലെ ഏതാണ്ട് എണ്ണൂ റോളം തൊഴിലാളികൾക്ക് പണിയില്ല. അവിടെനിന്നും തോട്ടണ്ടി വേറെ സ്ഥലങ്ങളിൽ കൊണ്ടുപോയി കുടിവറുപ്പ് നടത്തുന്നു. ഇതുപോലെ യുള്ള 80-ഓളം ഫാക്ടറികളുണ്ടെന്നാണ് ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞത്. അതുകൊണ്ട് ഇത്തരം നയം അവസാനിപ്പിക്കണം. കശ്യൂ ഫാക്ടറികൾ ഏറെറടുത്തതിനെ സംബന്ധിച്ച് ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടായിട്ടല്ല. ഇപ്പോൾ നിങ്ങൾ വരുത്തുന്ന അമൻറ്മെൻറ് കശ്യൂ കോർപ്പറേഷനെ നശിപ്പിക്കാനും നിങ്ങൾക്ക് ഇഷ്ടമുള്ളവർക്ക് ചില സ്ഥാപനങ്ങൾ സർക്കാരിൻറെ കാശുകൊണ്ട് നടത്തിക്കാനുമാണ് സഹായകമാകുന്നത്. അങ്ങനെ, മുതലാളിമാരെ സഹായിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. മിനിമം വേജസും ഡി. എ. യും കൊടുക്കാതെ കള്ളപ്പണം ഉണ്ടാക്കുന്നു, അതിന് കൂട്ടുനിൽക്കുന്നവരാണ് നിങ്ങൾ. ഈ ഗവൺമെൻറ് തൊഴിലാളികളുടെ ആളുകളാണെന്ന് എങ്ങനെ പറയാൻ സാധിക്കും? അങ്ങേയ്ക്കുതന്നെ ആലോചിച്ചാൽ അത് മനസ്സിലാക്കാം. ഇതാണ് ഇതിൻറെ ദുഃസ്ഥിതി. ഒരു ലക്ഷത്തിൽപരം വരുന്ന കശുവണ്ടിത്തൊഴിലാളികളും അവരുടെ കുടുംബവും പട്ടിണികിടക്കുന്ന തിനെപ്പററി പറയുമ്പോൾ ശ്രീ. ഹസ്സൻ ഇങ്ങനെ കൈമലർത്തിയിട്ട് വല്ല കാര്യവുമുണ്ടോ? നിങ്ങളുടെ കെ ടുകാര്യസ്ഥതയാണ് ഇതെന്നാണ് ഞാൻ പറയുന്നത്. ഈ രാജ്യത്ത് തൊഴിലെടുക്കുന്ന, തൊഴിലെടുത്തുജീവി ക്കുന്ന ആളുകളെ അതിന് അനുവദിക്കാത്ത സാഹചര്യമാണ് ഇവിടെ വളർന്നുവരുന്നത്. അത് അവസാനിപ്പിക്കണമെന്നാണ് ഈ ബില്ലിനെ പ്പററി പറയുമ്പോൾ എനിക്ക് പറയാനുള്ളത്. ഇവിടെ നമ്മുടെ മുൻ കാസ്റ്റിംഗ് സ്പീക്കർ, ശ്രീ. എ സി. ജോസ് വിദഗ്ദ്ധമായിട്ടുള്ള ഒരു അഭിപ്രായം പറയുന്നതു കേട്ടു. അദ്ദേഹം വക്കീലുമാണ്. കോടതി യിൽ പോകുന്നുണ്ടോയെന്നറിയില്ല. അദ്ദേഹം ഇപ്പോൾ ഇവിടെ ഇല്ല. പറഞ്ഞതെന്താണെന്നോ? ഇവിടെ നിയമനിർമ്മാണത്തെപ്പററി പറയുമ്പോൾ കോടതിയെപ്പററി പറഞ്ഞുകൂടായെന്ന്. എന്ത് ന്യായമാണ് അത്? അങ്ങയ്ക്കും അറിയാവുന്ന കാര്യമാണ്. അങ്ങുതന്നെ ഈ സഭയിൽ പല പ്രാവശ്യം കോടതിയെപ്പററി പറഞ്ഞിട്ടുണ്ട്. കോടതിയെപ്പററി പറയരു തെന്ന് കാസ്റ്റിംഗ് സ്പീക്കർ പറയുകയാണ്. ശ്രീ. വയലാർ രവി കോടതിയിൽ പോയ വക്കീലാണോ പോകാത്ത വക്കീലാണോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സന്തത് ഉള്ള വക്കീലാണ്. കോടതിയിൽ പോയിട്ടില്ല എന്നേയുള്ളൂ.

ശ്രീ. എം. വി. രാഘവൻ: കോടതിയിൽ പോയിട്ടില്ല. വരാന്തയിലേ പോയിട്ടുള്ളൂ. എന്നാൽ കോൺസ്റ്റിറ്റ്യൂഷനിലെ 124 (4) വായിക്കണം. കോടതിയെ ഇമ്പീച്ച് ചെയ്യാനുള്ള അധികാരമുണ്ട് സഭയ്ക്ക്. അപ്പോൾ എന്തുകൊണ്ട് കോടതിയെപ്പററി പറഞ്ഞുകൂടാ? ഹൈക്കോടതി ജഡ്ജി രാധാകൃഷ്ണമേനോനെ ഈ നിയമസഭയിൽ വിളിച്ചുവരുത്തി ഇമ്പീച്ച് ചെയ്യണമെന്നാണ് എൻറെ അഭിപ്രായം. കോടതിയെ പറഞ്ഞുകൂടാ പോലും.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): ഭരണഘടനപ്രകാരം ഒരു ജഡ്ജിയെ ഇമ്പീച്ച് ചെയ്യാനുള്ള അവകാശം അസംബ്ലിക്കല്ല പാർലമെന്റിനാണ്. അതുതന്നെ പല തരത്തിലുള്ള പ്രൊസീഡ്യൂവർ കടന്നു മാത്രമേ ചെയ്യാനും കഴിയുകയുള്ളു.

ശ്രീ. എം. വി. രാഘവൻ: അസംബ്ലിക്കുമുണ്ട്. അതാണ് ഞാൻ പറഞ്ഞത്; ഈ വക്കീൽ കോടതിയിൽ പോയിട്ടില്ലായെന്ന്. ഈ വക്കീൽ സന്നത് എടുത്തിട്ട് വര ന്തയിൽ ഇരുന്നതേയുള്ളൂ. വിമോചന സമരത്തിൽ അമേരിക്കയുടെ പൈസയും വാങ്ങിച്ചിട്ട് ബസ് കല്ലെറിയലും ടയർ കുത്തിക്കീറലുമായിരുന്നു മൂപ്പരുടെ പണി. അങ്ങനെയാണ് രാഷ്ട്രീയ നേതാവായത്. പണ്ട് വയലാർ രവിതന്നെ പറഞ്ഞതാണ് വിമോചന സമരത്തിൽ അമേരിക്കയിൽനിന്നും പണം കിട്ടിയെന്ന്. 124 (4) മലയ ളത്തിൽത്തന്നെയുണ്ട്. അതുകൊണ്ട് നിങ്ങൾക്കും എനിക്കും മനസ്സിലാകും. സുപ്രീംകോടതിയിലെ ഒരു ജഡ്ജിയെ, തെളിയിച്ചിട്ടുള്ള ദുർവൃത്തിയോ അപ്രാപ്തിയോ കാരണം ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ളതും പാർലമെന്റിന്റെ ഓരോ സഭയിലേയും ആകെ അംഗങ്ങളുടെ ഭൂരിപക്ഷവും ആ സഭയിൽ ഹാജരാകുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷം പിന്താങ്ങുന്നതുമായ ഒരു നിവേദനം ഓരോ സഭയും ഒരേ സമ്മേളനത്തിൽ തന്നെ രാഷ്ട്രപതിക്ക് സമർപ്പിച്ചശേഷം രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിനാൽ അല്ലാതെ, നീക്കം ചെയ്യുവാൻ പാടുള്ളതല്ല. രാഷ്ട്രപതിയുടെ ഉത്തരവോടുകൂടി നീക്കംചെയ്യണമെന്നാണ്. ഇവിടെ ശ്രീ. അഹമ്മദും വയലാർ രവിയും കോടതിയെപ്പറ്റി പഠിക്കാതെ.....

ശ്രീ. വയലാർ രവി: അത് പാർലമെന്റാണ്. നിയമസഭയല്ല.

ശ്രീ. എം. വി. രാഘവൻ: എന്നാൽ നിയമസഭയുടേത് വായിക്കാം. പാർലമെന്റിനുള്ള അധികാരം നിയമസഭയ്ക്കുമുണ്ട്. 217 (ഗ) 'ഒരു ജഡ്ജിയുടെ ഉദ്യോഗം, അദ്ദേഹത്തെ രാഷ്ട്രപതി സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കുന്നതിനാലോ ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ മറെറതെങ്കിലും ഹൈക്കോടതിയിലേക്ക് മാറുന്നതിനാലോ ഒഴിവാകുന്നതാണ്.' എന്നിട്ട് (ഖ) സുപ്രീംകോടതിയിലെ ഒരു ജഡ്ജിയെ ഉദ്യോഗത്തിൽനിന്നും നീക്കം ചെയ്യുന്നതിന് 124-ാം അനുച്ഛേദം (4)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധം രാഷ്ട്രപതിക്ക ഒരു ജഡ്ജിയെ നീക്കം ചെയ്യാവുന്നതാണ്.

Minister for Home (**Shri Vayalar Ravi**): I will read sir. 124 (4) "A Judge of the Supreme Court shall not be removed from his office except by an order of the President passed after an address by each House of Parliament supported by a majority of the total membership of that house and by a majority of not less than two-third of the members of that House present and voting has been presented to the President in the same session for such removal on the ground of proved misbehaviour or incapacity." This right is only vested with the Parliament. അതേ ഞാൻ പറഞ്ഞിട്ടുള്ളു.

ശ്രീ. എം. വി. രാഘവൻ: ഞാൻ വായിച്ചത് 217 ആണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഈ പറഞ്ഞ ഭരണഘടനയൊക്കെ ഒരു ജഡ്ജി തെറ്റു ചെയ്തിട്ടുണ്ടെന്ന് പ്രസിഡണ്ടിന് ബോദ്ധ്യമായാൽ ചെയ്യാവുന്ന കാര്യങ്ങളാണ്. നമ്മുടെ ചർച്ച കഴുവണ്ടി ഫാക്ടറികം വിലയ്ക്കെടുക്കലിനെപ്പറ്റിയാണ്. അതിനെപ്പറ്റി മി. രാഘവൻ സംസാരിക്കണം.

ശ്രീ. എം. എം. ഹസ്സൻ: ഇത്തരം വിദഗ്ദ്ധൻമാരിൽനിന്ന് നമ്മുടെ ഭരണഘടനയെ രക്ഷിക്കാൻ അങ്ങ് വേണ്ട നടപടികളെടുക്കണം.

ശ്രീ. എം. വി. രാഘവൻ: ഇപ്പോഴെ ഹസ്സനു മനസ്സിലായില്ലേ ലാ കോളേജിൽപോയി ഭരണഘടന പഠിക്കാത്ത എനിക്കാണ് ഇതിനെപ്പറ്റി വിവരമുള്ളത്, ശ്രീ. രവിക്കല്ലെന്ന്.

ശ്രീ. വയലാർ രവി: ഞാൻ ഇംഗ്ലീഷിൽ വായിച്ചാണ് അഭിപ്രായം പറഞ്ഞത്. ശ്രീ. രാഘവൻ മലയാളത്തിൽ വായിച്ചു എന്ന വ്യത്യാസമേ ഉള്ളു.

ശ്രീ. എം. വി. രാഘവൻ: ഞാൻ പറയുന്നത് ഈ സുപ്രീംകോടതിയിലും ഹൈക്കോടതിയിലുമുള്ള ജഡ്ജിമാരെ.....

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): 217 അനുച്ഛേദം ഒന്നു വായിച്ചാൽ തരക്കേടില്ല.

ശ്രീ. എം. വി. രാഘവൻ: അതല്ലേ ഞാൻ വായിച്ചത്. 217 (b) a Judge may be removed from his office by the President in the manner provided in clause (4) of article 124 for the removal of a Judge of the Supreme Court;

ഇത് അസംബ്ലിയെപ്പറ്റി പറയുന്നതാണ്.

ശ്രീ. ഇ. അഹമ്മദ്: അസംബ്ലിയെപ്പറ്റിയല്ല, അത് പാർലമെന്റിനുള്ള അധികാരമാണ്.

ശ്രീ. എം. വി. രാഘവൻ: ഇത് അസംബ്ലിയുടേതാണ്. ഈ പുസ്തകം വേണമെങ്കിൽ അങ്ങോട്ടു കൊടുത്തയയ്ക്കാം. നിങ്ങളം ലാ കോളേജിൽ ഭരണഘടനയെപ്പറ്റി പഠിച്ചപ്പോഴം അത് നോക്കിയിട്ടുണ്ടാവില്ല. അതിന് ഞാൻ ഉത്തരവാദിയല്ല. സുപ്രീംകോടതി ജഡ്ജിയെന്നും ഹൈക്കോടതി ജഡ്ജിയെന്നും പറഞ്ഞാൽ അത്യുന്നതർമാരൊന്നുമല്ല. ഇവിടെ പ്രസിഡന്റിന് അവരെ ഇംപീച്ച് ചെയ്യാനുള്ള അധികാരമുണ്ട്. അത് എഴുതിവച്ചതാണ്. അതാണ് ഇപ്പോഴം നമ്മുടെ വക്കീലൻമാർക്ക് മനസ്സിലാകാത്തത്. അതുകൊണ്ട് അതിനെപ്പറ്റി എനിക്ക് ഒന്നേ പറയാനുള്ളു. ഈ രാജ്യത്തെ രാഷ്ട്രീയപ്രശ്നങ്ങം നിങ്ങം കോടതിയിൽ കൊണ്ടുപോകരുത്. ഞാൻ കേരളാകോൺഗ്രസ്സുകാരോട് ചോദിക്കുകയാണ്. നിങ്ങം പ്രഖ്യാപിച്ചില്ലേ ബാലകൃഷ്ണപിള്ള എന്ന മാന്യനെ മന്ത്രിയാക്കിയില്ലെങ്കിൽ മൂന്നാം തീയതി സഭ ചേരുകില്ല എന്ന്. അന്ന് ഞാൻ പറഞ്ഞു നിങ്ങളുടെ നാവരിഞ്ഞ് ഉപ്പിലിടണമെന്ന്. ഇപ്പോഴം നാവരിഞ്ഞ് ഉപ്പിലുമല്ല ഇടേണ്ടത്. വേറെ എവിടെയെങ്കിലുമാണ്. ഞാൻ കേട്ടത് മൂപ്പനാർ വന്നപ്പോഴം ഒത്തുതീർപ്പിലായി എന്നാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇതേ മൂപ്പനാര് വന്നാണ് ശ്രീമാൻ മാണിക്ക് 22 സീറ്റും 20 ലക്ഷം രൂപയും കൊടുത്തത്. ഇപ്പോഴം മൂപ്പനാർ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല, സി. ബി. ഐ. യുടെ ഡയറക്ടറും വന്നു എന്നാണ് പറഞ്ഞത്. കേരളാ കോൺഗ്രസ്സിന്റെ ജോസഫും മറ്റു ചിലരുമൊഴിച്ചുള്ള എം. എൽ. എ. മാരുടെയും മന്ത്രിമാരുടെയും സ്വത്തിനെപ്പറ്റി സി. ബി. ഐ. കാൽക്കുലേറ്റ് ചെയ്തത് 70 കോടി രൂപയുടെ സ്വത്ത് അവിഹിതമായി സമ്പാദിച്ചിട്ടുണ്ടെന്നും കൈയിൽ വിലങ്ങുവെയ്ക്കുമെന്നും കേരളാ കോൺഗ്രസ്സിന്റെ മന്ത്രിമാരോട് പറഞ്ഞു. അപ്പോഴാണ് ഒത്തുതീർപ്പുണ്ടായത്. ലജ്ജിച്ച് തലതാഴ്ത്തണം. കേരളാ കോൺഗ്രസ് കീഴടങ്ങിയതിന്റെ കാരണം അതാണ്. പണ്ട് അടിയന്തിരാവസ്ഥക്കാലത്ത് ശ്രീ. മാണിയേയും (അന്തരിച്ച ജോർജിനെപ്പറ്റി പറയുന്നതിൽ എനിക്ക് ഖേദമുണ്ട്) ജോർജിനെയും വിളിച്ച് ശ്രീമതി ഇന്ദിരാഗാന്ധി പറഞ്ഞത് 'ഒന്നുകിൽ മന്ത്രിയാവണം അല്ലെങ്കിൽ ജയിലിൽ പോകണ'മെന്നാണ്. ഞാൻ മന്ത്രിയായിക്കൊള്ളാമെന്നാണ് അന്നു പറഞ്ഞത്. ഇന്നലെ സി. ബി. ഐ. ക്കാർ വന്നു പറഞ്ഞത് 70 കോടി രൂപയുടെ സ്വത്ത് ബാലകൃഷ്ണപിള്ളയും മാണിയും ഉൾപ്പെടെയുള്ള മന്ത്രിമാരും മറ്റ് എം. എൽ. എ. മാരും സമ്പാദിച്ചിട്ടുണ്ട്, അതിന്റെ റിക്കാർഡ്സ് ഞങ്ങളുടെ കൈവശമുണ്ട്. നിങ്ങളെ പിടിച്ച് ചങ്ങലയ്ക്കിടുമെന്നാണ്. അങ്ങനെ പറഞ്ഞപ്പോഴാണ് നടു ഒടിഞ്ഞുപോയത്. പണ്ട് ഞങ്ങളെ പറഞ്ഞിച്ചത് ഇങ്ങനെയാണ്. 20 ലക്ഷം രൂപയും 22 സീറ്റും ശ്രീമാൻ മാണിക്ക് കൊടുത്തു. അങ്ങനെയാണ് പറഞ്ഞിച്ചത്. ഈ രാജ്യത്ത് ഇങ്ങനെയൊരു പാർട്ടിയേയുംകൊണ്ട് കത്തോലിക്കനും ക്രിസ്ത്യാനിയുമെന്നൊക്കെ പറഞ്ഞുനടക്കുന്നല്ലോ നിങ്ങൾ.

ഡോ. കെ. സി. ജോസഫ്: കേരളാ കോൺഗ്രസ്സിനെപ്പറ്റി പറഞ്ഞോട്ടെ. കേരളാകോൺഗ്രസ് പാർട്ടി കത്തോലിക്കാക്കാരുടെയും ക്രിസ്ത്യാനികളുടേതുമാണെന്ന ധ്വനി ശരിയല്ല. കേരളാ കോൺഗ്രസ് പാർട്ടി കത്തോലിക്കാക്കാരുടേതൊന്നുമല്ല.

ശ്രീ. വയലാർ രവി: ശ്രീ. രാഘവൻ ശരിഅത്ത് വിട്ട് ഇപ്പോൾ പള്ളിയിലേയ്ക്ക് മാറിയോ എന്നറിയണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട രാഘവൻ ഇന്നലേയും ശരി അത്തിനെപ്പറ്റിയൊക്കെ പ്രസംഗിച്ചു. ഇന്നും അത് ആവർത്തിക്കരുത്. ബില്ലിലേയ്ക്ക് വരണം.

ശ്രീ. എ. വി താമരാക്ഷൻ: വെളുപ്പാൻ കാലത്ത് നാലുമണിക്കാണ് അവസാനമായിട്ട് സി. ബി. ഐ. ഈ ആയുധം ഉയർത്തിപ്പിടിച്ചതെന്ന കാര്യം ഓർമ്മയുണ്ടോ? അന്നും ഇതുപോലെയായിരുന്നു.

ശ്രീ. എം. വി. രാഘവൻ: മറ്റു വിധത്തിൽ തീർക്കാൻ കഴിയുമോ എന്ന് ശ്രമിച്ചുനോക്കി. ആ ശ്രമത്തിന്റെ ഭാഗമായിട്ടാണ് രാധാകൃഷ്ണമേനോനെക്കൊണ്ട് രണ്ട് ജഡ്ജുമെന്റ് എഴുതിച്ചത്. എത്ര പരിഹാസ്യമാണ്? കോടതിയിൽ രണ്ടു പെറ്റീഷൻ കൊടുക്കുക, അതിന് ഒരു ജസ്റ്റീസ് പറയുകയാണ് നോട്ടീസ് അയയ്ക്കാമെന്ന്. അപ്പോഴും ആ ജസ്റ്റീസ് വക്കീലൻമാരോട് ചോദിക്കുകയാണ് നോട്ടീസ് അയച്ചോ എന്ന്. ഇതെല്ലാം ഇന്ത്യൻ എക്സ്പ്രസ്സിൽ വന്നതാണ്. അപ്പോഴും വക്കീൽ പറയുന്നു പോറ്റി പറയുന്നു ഇങ്ങനെ അയയ്ക്കുന്നത് മോശമാണെന്ന്. എന്നാൽപ്പിന്നെ അത് പിൻവലിച്ചുകളയാമെന്നു വിചാരിച്ചു പത്രക്കാരോട് പറഞ്ഞു കൊടുക്കണ്ടാ എന്ന്. ആ നാടകം കൊണ്ടുനടക്കാ

LIBRARY ARCHIVES Kerala Legislative Assembly

ത്തപ്പോഴാണ് സി. ബി. ഐ. യുടെ നാടകം നടത്തിയത്. കേന്ദ്രഗവൺമെൻറും ഇൻറലിജൻസ് ബ്യൂറോയുമെല്ലാം ഇവിടെ നടത്തുന്നത് പൊളിറ്റിക്കൽ കറപ്ഷൻസ് ആണ്. അതിൻറെ ഭാഗമായിട്ടാണ് സി. ബി. ഐ യേയും ഇതുപോലുള്ള ഡിപ്പാർട്ടുമെൻറുകളേയും ഉപയോഗിക്കുന്നത്. ഇന്നിപ്പോൾ കേരളാ കോൺഗ്രസുകാരെ പിടിച്ചു. നാളെ ശ്രീ. അഹമ്മദിനേയും പിടിക്കും. ലീഗിനേയും പിടിക്കും. കള്ള റിക്കാർഡെല്ലാം ഉണ്ടാക്കിവയ്ക്കുന്നുണ്ട്.

ഈ ഐക്യമുന്നണി നിലനിൽക്കുന്നത് ഏതെങ്കിലുമൊരു തത്വത്തിൻറെ അടിസ്ഥാനത്തിലല്ല, ജനങ്ങളുടെ പ്രശ്നത്തിൻറെ അടിസ്ഥാനത്തിലുമല്ല. കോൺഗ്രസ്സിനു ഭരിക്കണം. നാട്ടുകാർ കോൺഗ്രസ്സുകാർ ഒറ്റയ്ക്കുനിന്നാൽ വോട്ടു ചെയ്യുകയില്ല; അപ്പോൾ പിന്നെ ലീഗ് വേണം, കേരള കോൺഗ്രസ് വേണം. എന്നിട്ട് അവരെ പിടിച്ചുനിർത്തും. പിന്നീട് കൈക്കൂലി വാങ്ങിച്ചോ അഴിമതി നടത്തിക്കോ എന്നു പറയും. റെക്കാർഡ് എല്ലാം ശരിയാക്കി വയ്ക്കും. സി. ബി. ഐ ക്കാരൻ എന്നിട്ട് തെറ്റാൻ പോകുമ്പോൾ പറയും നിൻറെ കഴുത്തിന് പിടിക്കുമെന്ന്. രാഷ്ട്രീയ ഭിക്ഷാംദേഹികളുടെ ഒരു ഭരണമാണു സാർ. അതിൻറെ ദുരന്തമാണ് നമ്മൾ അനുഭവിക്കുന്നത്. ആ ദുരന്തത്തിൻറെ ഫലമാണ് ഞാൻ നിങ്ങളോട് പറഞ്ഞത്. ഞാൻ ഭരണഘടന നിങ്ങൾക്ക് ലേശമൊന്നു പറഞ്ഞുതരാമെന്നു വിചാരിച്ചു. എനിക്ക് ഭരണഘടനാപരമായിട്ട് വിവരമുണ്ടായിട്ടല്ല. നിങ്ങൾ ലാ കോളേജിൽ പഠിച്ച് ആ കറുത്ത കോട്ടും ഇട്ടു പോയിട്ട് എന്താണ്? കാസ്റ്റിംഗ് സ്പീക്കറാകാനല്ലാതെ എന്തിനു കൊള്ളും.

ശ്രീ. എ. സി. ജോസ്: അതിലൊന്നും ഒരു തെറ്റുമില്ല. ഇപ്പോൾ ഇവിടെ ഭരണഘടന പറഞ്ഞത് തെറ്റാണ്.

ശ്രീ. എം. വി. രാഘവൻ: പാർലമെൻറിനുള്ള എല്ലാ അധികാരങ്ങളും അസംബ്ലിക്കുമുണ്ട്.

ശ്രീ. എ. സി. ജോസ്: പാർലമെൻറിലെ ചില അധികാരങ്ങൾ മാത്രമേ ഉള്ളു. എല്ലാ അധികാരങ്ങളും ഇല്ല.

ശ്രീ. എം. വി. രാഘവൻ: പാർലമെൻറിനുള്ള എല്ലാ അധികാരങ്ങളും അസംബ്ലിക്കുമുണ്ട്.

ശ്രീ. എ. സി. ജോസ്: അത് തെറ്റാണ്. പാർലമെൻറിലുള്ള എല്ലാ അധികാരങ്ങളും ഇല്ല. ഇപ്പോഴും ജഡ്ജസിനെ മാറ്റാൻ പാർലമെൻറിനേ അധികാരമുള്ളു.

ശ്രീ. എം. വി. രാഘവൻ: മാറ്റാൻ പ്രസിഡൻറിനേ അധികാരമുള്ളു. വക്കീലായതുകൊണ്ട് ഭരണഘടന മുഴുവൻ പഠിച്ചുകൊള്ളണമെന്നുണ്ടോ?

ശ്രീ. എ. സി. ജോസ്: അപ്പോൾ ശ്രീ. വർക്കല രാധാകൃഷ്ണൻ ഭരണഘടന അറിഞ്ഞുകൂടാ എന്നാണോ?

ശ്രീ. എം. വി. രാഘവൻ: ഇതുവരെ നിങ്ങൾ ഇവിടെ ജഡ്ജിയുടെ പേരുപോലും പറയാൻ പാടില്ല എന്നല്ലേ പോയിൻറ് ഓഫ് ഓർഡറായി ഉന്നയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: ഒരു ജഡ്ജിയുടെ പേഴ്സണൽ കോൺടക്ട് ഇവിടെ പറയാൻ പാടില്ല എന്നാണ് ശ്രീ. അഹമ്മദും ഞാനും പറഞ്ഞത്.

ശ്രീ. എം. വി. രാഘവൻ: ഞാൻ ഇപ്പോൾ ഇവിടെ കോൺസ്റ്റിറ്റ്യൂഷൻ വായിച്ചത് ജഡ്ജിയുടെ ദുർവൃത്തിയെപ്പറ്റി മുന്നിൽ രണ്ടോ അല്ലെങ്കിൽ ഭൂരിപക്ഷം മെമ്പർമാരോ ആവശ്യപ്പെട്ടാൽ ഇമ്പീച്ചു ചെയ്യാൻ അധികാരമുണ്ട്, ഡിസ്മിസ് ചെയ്യാൻ അധികാരമുണ്ട് എന്നാണ്.

ശ്രീ. എ. സി. ജോസ്; ശ്രീ. എം. വി. രാഘവനായതുകൊണ്ട് എന്തു വിവരക്കേടും പറയുന്നത് സഭ ക്ഷമിക്കും. പക്ഷേ ഇമ്പീച്ചുമെന്റിന് പ്രമേയം കൊണ്ടുവരണം.

ശ്രീ. എം. വി. രാഘവൻ: അതിന് അധികാരമുണ്ട് എന്നാണ് പറഞ്ഞത്.

ശ്രീ. എ. സി. ജോസ്: അസംബ്ലിക്ക് ഇല്ല.

മി. ചെയർമാൻ: ഓർഡർ, ഓർഡർ, ഈ ബില്ലിനെപ്പറ്റി സംസാരിക്കാൻ 40 അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: ഞാൻ ഭരണഘടനാ വിരുദ്ധനൊന്നുമല്ല ഞാൻ ഭരണഘടനയെപ്പറ്റി വാദിക്കാൻവേണ്ടി വന്നതല്ല. ഇവിടെ ഈ നിയമമെല്ലാം വച്ച് ഭരണഘടനയെപ്പറ്റി വിവരമുള്ള ആളുകളും ഞങ്ങളെപ്പോലുള്ള ആളുകളോട് കോടതിയുടെ പേരൊന്നും പറഞ്ഞുകൂടെ, ജഡ്ജിയുടെ പേര് പറഞ്ഞുകൂടെ, അത് എന്തോ പരിപാവനമാണ് എന്നു പറഞ്ഞാൽ അതിന് ഒരു മറുപടി പറയാൻ പുറപ്പെടുമ്പോൾ എന്തിനാ സർ, ഞങ്ങളെ കുറ്റപ്പെടുത്തുന്നത്? നമ്മുടെ രാഷ്ട്രീയത്തിൽ അപമാനകരമായ സ്ഥിതി ഉണ്ടാകുമെന്നു മാത്രമല്ല നമ്മുടെ ജുഡീഷ്യറി പരിപാവനമാണ്. ആ ജുഡീഷ്യറിയുടെ പരിപാവനത്വം രക്ഷിക്കണമെന്നാണ് എന്റെ അഭിപ്രായം. ആ പരിപാവനത്വം നഷ്ടപ്പെടുകയാണ്. ഗവൺമെന്റു ഡിപ്പാർട്ടുമെന്റിലെ ഒരു സെക്ഷൻ ആഫീസ് മാതിരി നമ്മുടെ ജുഡീഷ്യറി ആയിക്കൂടാ, ജുഡീഷ്യറിയെ മാറ്റിക്കൂടെ, അതുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞത്. അത്തരം ഒരു സ്ഥിതിഗതി.....

ശ്രീ. എം. എം. ഹസ്സൻ: ബൂർഷ്വാ കോടതികളാണ് എന്ന ഇത്രയും കാലം പറഞ്ഞുകൊണ്ടിരുന്ന അങ്ങ് പരിപാവനമായ കോടതികളാണ് എന്ന് ഇപ്പോൾ പറയാൻ തുടങ്ങിയത് മനംമാറ്റം കൊണ്ടാണോ കാഴ്ചപ്പാടിൽ വന്ന മാറ്റം കൊണ്ടാണോ അതോ ശ്രീ. സുബ്രഹ്മണ്യം പോറ്റിയെപ്പോലുള്ള ആളുകളിൽനിന്നുള്ള നിയമബോധത്തിന്റെ അടിസ്ഥാനത്തിലാണോ?

ശ്രീ. എം. വി. രാഘവൻ: അത് ഞാൻ വിശദീകരിച്ചുതരാം. ഇന്നത്തെ നിയമത്തിന്റെ അടിസ്ഥാനത്തിൽ, അതായത് ഈ ബൂർഷ്വാ നിയമത്തിന്റെ അടിസ്ഥാനത്തിൽ നിഷ്പക്ഷമായും പരിപാവനമായും പ്രവർത്തിക്കേണ്ടത് കോടതിയാണ്. മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞാൽ—ഈ കോൺസ്റ്റിറ്റ്യൂഷനിൽതന്നെ എഴുതിവച്ചത് സ്വത്തുടമാ വർഗ്ഗത്തിന്റെ സംരക്ഷണമാണ്—പ്രതിഫലം കൊടുക്കാതെ വസ്തുക്കളെ പിടിച്ചെടുക്കണമെന്നാണ് കമ്മ്യൂണിസ്റ്റുകാർ പറയുന്നത്. നിങ്ങളുടെ ഭരണഘടനയിൽ പ്രതിഫലം കൊടുക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ്. അത് ബ്യൂർഷ്വാ സംരക്ഷണമാണ്. അതേ കോടതിക്കു പറയാനുള്ളു എന്നാണ്. അതുകൊണ്ട് അതു രണ്ടും പ്രസക്തമാണ്.

ശ്രീ. വയലാർ രവി: കേരള മുനിയമത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള പ്രസക്തമായ അഥവാ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള സുപ്രീംകോടതി വിധിതന്നെ നമ്മുടെ നിയമസഭയ്ക്കും പാർലമെന്റിനും പാസ്സാക്കാൻ കഴിയുന്നു. നിയമങ്ങളും മുഖേന കോമ്പൻസേഷൻ കൊടുക്കാതെ പിടിച്ചെടുക്കാൻ കഴിയും. പക്ഷെ കോടതിയാണ് താങ്കളെപ്പോലുള്ള ആളുകളും ഇടക്കാലത്ത് പ്രകീർത്തിച്ച കോടതി തന്നെയാണ് കോമ്പൻസേഷൻ കൊടുക്കണമെന്ന് പ്രസക്തമായ വിധി പ്രഖ്യാപിച്ചിട്ടുള്ളത്, ബാങ്ക് നാഷണലൈസേഷൻ കേസ്സിലും ഗോലക്നാഥ് കേസ്സിലും കേശവാനന്ദഭാരതി കേസ്സിലും ഉള്ള വിധി ഉണ്ടായത് സുപ്രീം കോടതിയിൽ നിന്നാണ്. അതിനു ഭരണഘടനയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. ഇ. കെ. നായനാർ: സുപ്രീംകോടതിയാണെങ്കിലും ഭരണഘടന അനുസരിച്ചാണ് സുപ്രീംകോടതി കേശവാനന്ദഭാരതി കേസ്സ് വിധിച്ചത്.

ശ്രീ. വയലാർ രവി: സുപ്രീംകോടതി വിധിയനുസരിച്ച് പ്രതിഫലം കൊടുക്കാതെ ഒന്നും എടുക്കാനാകില്ല.

ശ്രീ. ഇ. കെ. നായനാർ: പ്രതിഫലം കൊടുക്കാതെ ഒരൊറ്റ സ്വത്തു തൊടാൻ കഴിയില്ല, ഇൻഡ്യാ രാജ്യത്ത് ഈ കോൺസ്റ്റിറ്റ്യൂഷൻ നിലവിലുള്ള കാലത്തോളം.

ശ്രീ. എം. വി. രാഘവൻ: സുപ്രീം കോടതിയുടെ വിധിയെപ്പറ്റിയാണ് ഹോം മിനിസ്റ്റർ പറയുന്നത്. അദ്ദേഹം ഒരു വക്കീലുമാണ്. സുപ്രീംകോടതിയും ഭരണഘടനയും കോട്ട് ചെയ്തിട്ടാണ് പറഞ്ഞത് പ്രതിഫലം കൊടുക്കണമെന്ന്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ചെയർ ധരിച്ചിരുന്നത് ഇവിടെ കശുവണ്ടിയെക്കുറിച്ചുള്ള ചർച്ചയാണെന്നാണ്.

ശ്രീ. ഇ. കെ. നായനാർ: ഭരണഘടനാപ്രകാരം പ്രതിഫലം കൊടുക്കാതെ നാഷണലൈസ് ചെയ്യാൻ എവിടെയാകും?

ശ്രീ. എ. സി. ജോസ്: ഏതെങ്കിലും ജഡ്ജിമാരുടെ പേഴ്സണൽ കോൺഡക്ടിനെക്കുറിച്ച് ഈ സഭയിൽ പരാമർശിക്കാമോ എന്നുള്ളതിനെക്കുറിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചപ്പോഴും ചെയറിൽനിന്ന് അത് പാടില്ല, ബില്ലിനെകുറിച്ച് സംസാരിക്കണമെന്നു പറഞ്ഞു. അത് വിട്ടു പോകുന്നതാണ് പ്രശ്നം. അത് വിടാതെ സംസാരിക്കണമെന്ന് ഒരു നിർദ്ദേശം കൊടുക്കണം.

ശ്രീ. ബേബി ജോൺ: അങ്ങ് റൂളിംഗ് നൽകുന്നതിനുമുമ്പ് ഒരു വാക്ക്: ഇവിടെ വളരെ സങ്കുചിതമായ ഒരു നിർദ്ദേശം നൽകുമോ എന്ന് എനിക്ക് സംശയമാണ്. നമ്മുടെ നിയമസഭയ്ക്ക് ഒരു ജഡ്ജിയുടെ പൊതു പ്രവർത്തനത്തെ വിമർശിക്കാം; അത് അംഗീകൃതമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. ജുഡീഷ്യറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഈ നിയമസഭയ്ക്കുള്ള അഭിപ്രായങ്ങളും പറയാനുള്ള അവകാശമുണ്ട്. അതിനകത്ത് കടിഞ്ഞാൺ ഇടുന്നത് ശരിയാണോ?

ശ്രീ. എ. സി. ജോസ്: ഞങ്ങളും പറഞ്ഞത് ഒരു ജഡ്ജിയുടെ വ്യക്തിപരമായ പേഴ്സണലായിട്ടുള്ള കോൺഡക്ടിനെക്കുറിച്ച് സംസാരിക്കുന്നത് ശരിയല്ല; അത് സഭയിൽ പ്രതിപാദിക്കാൻ പാടില്ല എന്നാണ് പറഞ്ഞത്.

ശ്രീ. എം. വി. രാഘവൻ: ഞാൻ ഭരണഘടനയിലെ 124(4) അതുപോലെതന്നെ 217 എന്നിവ അനുസരിച്ച് ഒരു ജഡ്ജിയെ ഇംപീച്ച് ചെയ്യാൻ നിയമസഭയ്ക്ക് അധികാരമുണ്ട് എന്നാണ് പറഞ്ഞത്. പ്രൊസീഡ്യുർ അനുസരിച്ച്.....

മി. സ്പീക്കർ: ഇവിടെ നമ്മുടെ ഭരണഘടനയുടെ 211-ാം അനുച്ഛേദപ്രകാരം നേരത്തേ ഈ സഭയിൽ ഒരിക്കൽ ഇക്കാര്യത്തെ സംബന്ധിച്ച് റൂളിംഗ് തന്നിട്ടുള്ളതാണ് സുപ്രീം കോടതിയിലേയോ ഹൈക്കോടതിയിലേയോ ഏതെങ്കിലും ജഡ്ജി തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്ന രീതിയെപ്പറ്റി ഒരു സംസ്ഥാന നിയമനിർമ്മാണ സഭയിലും യാതൊരുവിധമായ ചർച്ചയും ഉണ്ടാകാൻ പാടുള്ളതല്ല. റൂൾ 211 അനുസരിച്ച് ഇത് വളരെ ക്ലീയറാണ്. അത് അനുസരിച്ച് നേരത്തേയും ചെയറിന്റെ ഭാഗത്തുനിന്ന് റൂളിംഗ് വന്നിട്ടുള്ളതാണ്. വളരെ ഗൗരവമായ ഒരു പ്രശ്നത്തിലേക്ക് ചെയർ സഭയുടെ ശ്രദ്ധ തിരിക്കുകയാണ്. ജുഡീഷ്യറി, ലെജിസ്ലേച്ചർ എക്സിക്യൂട്ടീവ് ഓരോന്നിന്റെയും പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം അതിന് പരിധികളും നിശ്ചയിച്ചിട്ടുണ്ട്. പരസ്പരം ബഹുമാനത്തോടുകൂടി ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിൽ, ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകങ്ങളായ ഈ മൂന്നു ഘടകങ്ങളും പ്രവർത്തിച്ചേ മതിയാകൂ. അല്ലാതെ കഴിയുകയില്ല. അപ്പോഴും ജനാധിപത്യത്തിന്റെ ഓരോ ഘടകത്തിലും ഭരണഘടന വിഭാവനചെയ്യുന്ന അവകാശങ്ങളുണ്ട്. ആ അവകാശങ്ങളെ മറികടക്കുന്നത്, കൈവയ്ക്കുന്നത് ഒരു കാരണവശാലും അനുവദിക്കാൻ കഴിയുകയില്ല. അതുപോലെ നിയമസഭയ്ക്കും പ്രത്യേകമായ അവകാശങ്ങളുണ്ട്. നിയമസഭയുടെ അവകാശങ്ങളിൻമേൽ കൈവയ്ക്കാൻ ആരേയും സമ്മതിക്കുകയില്ല. അതുകൊണ്ട് ഭരണഘടനയുടെ 211-ാം അനുച്ഛേദപ്രകാരം ഒരു ജഡ്ജി തന്റെ ചുമതലകളും വഹിക്കുന്ന രീതിയെ (conduct) ക്കുറിച്ച് ചർച്ചചെയ്യാൻ പാടുള്ളതല്ല; അത് അനുവദിക്കുന്നതല്ല. കോൺഡക്ടുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാമർശനം ഉണ്ടെങ്കിൽ അത് രേഖയിൽ ഉണ്ടായിരിക്കുന്നതല്ല.

അതോടൊപ്പം ബഹുമാനപ്പെട്ട ചില മെമ്പർമാർ പത്രങ്ങളും കോട്ട് ചെയ്തുകൊണ്ട് സംസാരിക്കുന്നുണ്ട്. ചെയർ ആവർത്തിച്ചു പറയാൻ ആഗ്രഹിക്കുകയാണ്, പത്രങ്ങൾക്ക് നിയമസഭയ്ക്കകത്ത് പ്രിവിലേജ് ഇല്ല. മെമ്പർമാർക്ക് മാത്രമെ പ്രിവിലേജ് ഉള്ളു. അതുകൊണ്ട് പത്രങ്ങളെ കോട്ട് ചെയ്തുകൊണ്ട് സംസാരിക്കുന്നത് പ്രിവിലേജാണെന്ന് തെറ്റിദ്ധരിക്കുകയാണെങ്കിൽ അത് ശരിയല്ല, അത് അനുവദിക്കാൻ കഴിയുകയുമില്ല. അത് ശരിയായ ഒരു നടപടിയുമല്ല. അതുകൊണ്ട് ഇവിടെ പത്രങ്ങളെ ഉദ്ധരിച്ചുകൊണ്ട് പറയുന്നതും രേഖയിൽ ഉണ്ടായിരിക്കുകയില്ല. അതും പ്രത്യേകം പറയാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരുകാര്യം [ശ്രീ. എം. വി. രാഘവൻ ചൂണ്ടിക്കാണിച്ചതാണ്. ഭരണഘടനയിലെ 124 (4) പ്രകാരം സുപ്രീം കോടതിയിലെ

1 P.M.] ഒരു ജഡ്ജിയെ തെളിയിക്കപ്പെട്ടിട്ടുള്ള ദുർവൃത്തിയോ അപ്രാപ്തിയോ കാരണം ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ളതും പാർലമെന്റിന്റെ ഓരോ സഭയിലേയും ആകെ അംഗങ്ങളുടെ ഭൂരിപക്ഷവും ആ സഭയിൽ ഹാജരാകുകയും വോട്ട് ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽരണ്ട് ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷവും പിൻതുണയ്ക്കുന്നതുമായ ഒരു നിവേദനം ഓരോ സഭയും ഒരേ സമ്മേളനത്തിൽ തന്നെ രാഷ്ട്രപതിക്ക് സമർപ്പിക്കപ്പെട്ടശേഷം രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിനാൽ അല്ലാതെ നീക്കം ചെയ്യാൻ പാടുള്ളതല്ല. അതേ ചട്ടങ്ങൾ തന്നെയാണ് സംസ്ഥാന ഹൈക്കോടതി ജഡ്ജിമാർക്കും ബാധകമായിട്ടുള്ളത്. അപ്പോൾ ഹൈക്കോടതി ജഡ്ജിയെ നീക്കം ചെയ്യാനുള്ള അധികാരം നിയമസഭയ്ക്ക് ഇല്ല. അതിന് പാർലമെന്റിനാണ് അധികാരമുള്ളത്. നമുക്ക് ഇല്ലാത്ത അധികാരങ്ങളിൻമേൽ കടന്നു പോകുന്നത് അധികാമ്യമായിട്ടുള്ള ഒരു പ്രവർത്തനമല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ ഇക്കാര്യത്തിൽ നിയന്ത്രണം പാലിക്കണം എന്ന് വളരെ വിനീതമായി ചെയർ അഭ്യർത്ഥിക്കുകയാണ്. ഏതായാലും ഇത് സംബന്ധിച്ച് റൂളിംഗ് നൽകികഴിഞ്ഞു.

ശ്രീ. എം.വി. രാഘവൻ: 217-ൽ നിയമസഭയെപ്പറ്റി പറയുന്നുണ്ട്. 124 (4) നിയമസഭയ്ക്ക് ബാധകമാണെന്ന് പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: 124-ാം അനുച്ഛേദം 4-ാം ഖണ്ഡത്തിൽ വ്യവസ്ഥചെയ്ത പ്രകാരം രാഷ്ട്രപതിക്ക് ഒരു ജഡ്ജിയെ നീക്കം ചെയ്യാം. ഹൈക്കോടതിയെപ്പറ്റിയാണ് പറയുന്നത്. 124 പ്രകാരം സുപ്രീംകോടതി ജഡ്ജിയെ എങ്ങനെ നീക്കം ചെയ്യുന്നുവോ അതേ രീതിയിൽ ഹൈക്കോടതിയിൽനിന്ന് നീക്കംചെയ്യാം. അതിന് പാർലമെന്റിനു മാത്രമേ അധികാരമുള്ളു; നിയമസഭയ്ക്ക് ഇല്ല.

ശ്രീ. എം. വി. രാഘവൻ: ഏതായാലും അങ്ങ് റൂളിംഗ് നൽകുന്നതിനുമുമ്പ് ഭരണഘടനാ വിദഗ്ദ്ധൻമാരേയോ അഡ്വക്കേറ്റ് ജനറലിനേയോ വിളിച്ചുവരുത്തി ചോദിക്കണം.

മി. സ്പീക്കർ: ഭരണഘടനയുടെ 124-ാം അനുച്ഛേദപ്രകാരം എന്ത് പ്രകാരത്തിലാണോ സുപ്രീം കോടതി ജഡ്ജിയെ നീക്കം ചെയ്യുന്നത് അതേ പ്രകാരം ഹൈക്കോടതി ജഡ്ജിയേയും നീക്കം ചെയ്യുവാനുള്ള പ്രൊവിഷനുണ്ട്. ഇത് വളരെ ക്ലിയറാണ്. സംശയിക്കേണ്ട കാര്യമില്ല. അതുകൊണ്ട് ഭരണഘടനാ ചട്ടങ്ങൾ അനുസരിച്ചും അതിന്റെ അകത്തു നിന്നുകൊണ്ടും സംസാരിക്കുവാനുള്ള ബാദ്ധ്യത ബഹുമാനപ്പെട്ട മെമ്പർമാർക്കുണ്ട്. അതിനു വിരുദ്ധമായ ഭാഗങ്ങൾ പരിശോധിച്ച് രേഖയിൽനിന്ന് നീക്കം ചെയ്യുന്നതായിരിക്കും.

ശ്രീ. എം. വി. രാഘവൻ: ഞാൻ അങ്ങയുടെ റൂളിംഗിനെപ്പറ്റി പറയുന്നില്ല. ഞാൻ ഭരണഘടന ഉദ്ധരിച്ചാണ് പറഞ്ഞത്, അത് രേഖയിൽ ഉണ്ടാകണം.

മി. സ്പീക്കർ: ഭരണഘടനയ്ക്ക് വിരുദ്ധമായിട്ടുള്ളത് ഉണ്ടായിരിക്കുകയില്ല, ഭരണഘടനയ്ക്കകത്തുനിന്ന് സംസാരിക്കുന്നത് രേഖയിൽ ഉണ്ടായിരിക്കും. മറ്റ് മെമ്പർമാർക്കും ഇത് ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ആഭ്യന്തര മന്ത്രി പറഞ്ഞു, ഭരണഘടനയിൽ സ്വകാര്യസ്വത്തിന് സംരക്ഷണമില്ല, സുപ്രീം കോടതിയാണ് സ്വകാര്യ സ്വത്ത് സംരക്ഷിക്കുന്നത് എന്ന്. അതായത് പ്രതിഫലം കൊടുക്കാതെ ഫാക്ടറിയോ, വ്യവസായമോ, ഭൂമിയോ ഏറ്റെടുക്കുന്നതിൽ ഭരണ ഘടനയ്ക്ക് തടസ്സമില്ല. അതിനെല്ലാം തടസ്സം സൃഷ്ടിക്കുന്നത് സുപ്രീംകോടതി ആണെന്നാണ് പറഞ്ഞത്. അത് തെറ്റാണ്. സ്വകാര്യ സ്വത്ത് ഏറ്റെടുക്കുന്നതിന് പ്രതിഫലം കൊടുക്കാൻ ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. അത് ഷെഡ്യൂൾ 9-ൽ പെടുത്തിയാൽ ചില എക്സംപ്ഷൻ ഉണ്ടാകുമെന്നല്ലാതെ നിങ്ങൾ പറയുന്നത് ശരിയല്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ബൂർഷ്വാ ഭരണഘടനയുടെ മൗലികത സ്വത്തവകാശം സംരക്ഷിക്കലാണ് എന്ന്. അത് സംരക്ഷിക്കാൻ കോടതി ബാദ്ധ്യസ്ഥമാണ്. അതാണ് ഞാൻ ഹസ്സന്റെ ആർഗ്യുമെന്റിനു മറുപടിയായി പറഞ്ഞത്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): അതിന്റെ അടിസ്ഥാനത്തിൽ പാർലമെന്റ് വരുത്തിയ ഭേദഗതി വീണ്ടും ഭേദഗതി ചെയ്തത് ജനതാ പാർട്ടിയുടെ ഭരണകാലത്താണ്. അതിനെ നിങ്ങൾ പിന്താങ്ങിയില്ലേ?

ശ്രീ. എം. വി. രാഘവൻ: ആദ്യം ഞാൻ കാഷ്യൂവിനെപ്പറ്റിയാണ് പറഞ്ഞത്. പ്രമുഖന്മാർ ചോദ്യം ചോദിക്കുമ്പോൾ അതിന് മറുപടി പറയാതിരിക്കുവാൻ പറ്റുമോ? അതുകൊണ്ട് പറഞ്ഞുപോയതാണ് ഈ നിയമ നിർമ്മാണം ഈ രാജ്യത്തിലെ കാഷ്യൂ കോർപ്പറേഷനെ നശിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണോ എന്ന് എനിക്ക് ബലമായ സംശയമുണ്ട്. ആ സംശയത്തിന് ബഹുമാനപ്പെട്ട മന്ത്രി എന്താണ് മറുപടി പറയുന്നത് എന്നറിയണം. ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന, ഒരു വർഷത്തിൽ പത്തുമുപ്പത്തിയഞ്ച് ദിവസം മാത്രം ജോലി കിട്ടുന്ന അർദ്ധ പട്ടിണിക്കാരായ കശുവണ്ടി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും അവർക്ക് മിനിമം വേതനമെങ്കിലും നൽകുന്നതിനുംവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്. കശുവണ്ടി വ്യവസായം നിലനിർത്തുന്നതിനുവേണ്ടിയാണ് സ്വകാര്യ മുതലാളിമാരുടെ ഫാക്ടറികൾ വില കൊടുത്തുവാങ്ങി അതിനെ നിലനിർത്താൻ ഗവൺമെന്റ് ശ്രമിക്കുന്നത്. അങ്ങനെ വാങ്ങുമ്പോൾ ഗവൺമെന്റിന്റെ ഒരു ഉത്തരവനുസരിച്ച് കശുവണ്ടി കോർപ്പറേഷനോ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കോ ഇതിന്റെ മാനേജുമെന്റ് ഒരു പ്രത്യേക പീരിയഡ് നിശ്ചയിച്ചുകൊണ്ട് ഏല്പിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതുകൂടിയാണ് ഈ ബിൽ. ഇവിടെ മിനിമം വേജസിനെക്കുറിച്ച് ശ്രീ. ആർ. എസ്. ഉണ്ണി സംസാരിക്കുമ്പോൾ അതിൽ ഇടപെട്ടുകൊണ്ട് തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ശിവദാസനും അതിനുശേഷം സംസാരിച്ച ശ്രീമാൻ ഹസ്സനും മിനിമം വേജ് നടപ്പിലാക്കേണ്ടത് ഗവൺമെന്റ് ആണെങ്കിലും അത് നടപ്പിലാക്കാൻ അതിശക്തമായ സമരം ട്രേഡ് യൂണിയൻ നേതാക്കൻമാർ സംഘടിപ്പിക്കണമെന്ന് ഒരു വാദഗതി കൊണ്ടുവന്നു. അധികാരം കയ്യിലുള്ള ഒരു ഗവൺമെന്റ് അധികാരം ഉപയോഗിച്ചുകൊണ്ട് നിയമം നടപ്പിലാക്കുന്നതിനുപകരം സ്വന്തം ചുമതലയിൽനിന്ന് മന്ത്രിമാരും ഭരണകക്ഷിയിലെ പ്രമുഖന്മാരായ ആളുകളും ഒഴിഞ്ഞുമാറി, ട്രേഡ്യൂണിയൻ നേതാക്കൻമാരുടെയും പ്രതിപക്ഷത്തിന്റെയും ചുമലിൽ ആ ചുമതല കൊണ്ടുവയ്ക്കുന്നു. ഇവിടെ നിയമം ലംഘിക്കുന്നത് ആരാണ്?

LIBRARY ARCHIVES Kerala Legislative Assembly

നിയമം ലംഘിക്കുന്നത് നമ്മുടെ രാജ്യത്ത് ജീവിക്കാൻ കഴിവുള്ള സംസ്ഥാന ഗവൺമെന്റിന്റെ പിടിയിലുള്ള ഗവൺമെന്റിന്റെ ഭാഗമായ ഉദ്യോഗസ്ഥൻമാരെ സ്വാധീനിക്കുവാൻ കഴിവുള്ള ആളുകളാണ്. മിനിമം വേജസ് മാത്രമാണോ? അബ്കാരി ആക്ട് ലംഘിക്കുന്നതാരാണ്? പാവപ്പെട്ട ഒരുവനെ, മോഷ്ടിക്കാൻ കഴിവില്ലാത്തതുകൊണ്ടോ മനസ്സില്ലാത്തതുകൊണ്ടോ കള്ളും ചാരായവും വാറ്റുന്ന ഒരുവനെ ഈ സംസ്ഥാനത്തെ എക്സൈസ് ഉദ്യോഗസ്ഥൻമാരും പോലീസ് ഉദ്യോഗസ്ഥൻമാരും ഓടിച്ചിട്ട് പിടിക്കും. പക്ഷെ യാതൊരു നിയന്ത്രണവും ഇല്ലാതെ ലൈസൻസ് ഇല്ലാതെ പുറത്തുനിന്ന് സ്പിരിറ്റ് കൊണ്ടുവന്ന് ആ സ്പിരിറ്റ് ചാരായമാക്കി വിൽക്കുന്ന ഹോംസെയിൽ ചാരായക്കച്ചവടക്കാരെ പിടിക്കാൻ നമ്മുടെ സംസ്ഥാനത്ത് നിയമമില്ല. ആ ഹോംസെയിൽ ചാരായക്കച്ചവടക്കാരാണ് ഈ ഗവൺമെന്റിനെ നിയന്ത്രിക്കുന്നത്. അതുകൊണ്ട് അവരെ പിടിക്കുന്നില്ല. അതുപോലെതന്നെ വിദ്യാഭ്യാസ മേഖലയെടുത്താൽ കുട്ടികളെ അവരുടെ എക്സാമിനേഷൻ നടത്തി അവ പരിശോധിച്ച് മാർക്കിട്ട് ജയിക്കേണ്ട കുട്ടികളെ ജയിപ്പിക്കുകയും തോൽക്കേണ്ട കുട്ടികളെ തോൽപ്പിക്കുകയും ചെയ്യുന്നതിനുപകരം സംസ്ഥാനത്ത് ഗവൺമെന്റിനു പിടിയുള്ള, പ്രമാണി വർഗ്ഗത്തിനു പിടിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജുമെന്റും ഹെഡ്മാസ്റ്റർമാരും ഹെഡ്മിസ്ട്രസുമാരും ജയിക്കാൻ അർഹതയുള്ള കുട്ടികളെ തോൽപ്പിക്കുന്നു. ക്രിമിനൽ കുറ്റം ചെയ്യുന്ന കുറ്റവാളികളെ രക്ഷപ്പെടുന്നു.

സർ, നിയമം ലംഘിക്കുന്നത് സമൂഹത്തിലെ പ്രമാണിമാരാണ്, ഉപരിവർഗ്ഗമാണ്. നമ്മുടെ രാജ്യത്തെ കഷണം കഷണമാക്കണമെന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഗൂഢാലോചന നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇൻഡ്യയിലെ വിഘടനവാദികളും ഇൻഡ്യയെ വിഘടിപ്പിക്കുന്നതിനുവേണ്ടി പ്രശമിക്കുന്നു. അങ്ങനെയുള്ള വിഘടനവാദത്തെ അനുകൂലിച്ചുകൊണ്ട് ഒരാൾ പ്രസംഗിച്ചാൽ അത് സത്യപ്രതിജ്ഞാ ലംഘനം മാത്രമാണോ? ശ്രീ. കോടിയേരി പ്രസംഗിച്ചപ്പോൾ സത്യപ്രതിജ്ഞാ ലംഘനം നടത്തിയവർക്ക് എം. എൽ. എ. ആയിരിക്കാൻ അർഹത ഇല്ലെന്നു പറഞ്ഞു. വിഘടന വാദികളെ കൈകാര്യം ചെയ്യുന്നതിനു നമ്മുടെ പുതിയ പ്രധാനമന്ത്രി നിയമം കൊണ്ടുവന്നിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തായാലും കശുവണ്ടി രംഗത്തായാലും ആ നിയമം ലംഘിക്കുന്നത് ആരാണ്? സമൂഹത്തിലെ പ്രമാണിമാരാണ് ഇവിടെ നിയമങ്ങൾ ലംഘിക്കുന്നത്. ശ്രീ. ശിവദാസനും ശ്രീ. ഹസ്സനും ഇവിടെ പറയുന്നത് കേട്ടു. പ്രതിപക്ഷത്തെ ട്രേഡ് യൂണിയൻ നേതാക്കൻമാർ ശക്തമായ സമരങ്ങൾ സംഘടിപ്പിക്കാത്തതുകൊണ്ടാണ് ഇവിടെ നിയമലംഘനങ്ങൾ നടക്കുന്നതെന്ന്. എന്റെ അഭിപ്രായത്തിൽ ഇവിടത്തെ ഉപരിവർഗ്ഗമാണ് നിയമലംഘനം നടത്തുന്നത്. ജയിക്കാൻ അർഹതയുള്ള ഒരു പെൺകുട്ടിയെ തോൽപ്പിച്ച ഹെഡ്മിസ്ട്രസ് ഇവിടത്തെ ഗവൺമെന്റിൽ പിടിയുണ്ടെന്നേ ഒറ്റക്കാരണത്താൽ ഇന്നും ഹെഡ്മിസ്ട്രസായി തുടരുന്നു. ഈ രാജ്യത്തെ കഷണം കഷണമാക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായി, വടക്കേയിന്ത്യയിൽ നടക്കുന്ന പ്രചരണങ്ങളുടെ ഭാഗമായി പഞ്ചാബിലും ആസ്സാമിലും ആളിക്കത്തുന്ന കോലാഹലങ്ങളും ശരിയാണെന്നു വാദിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഒരാൾ പ്രസംഗിച്ചാൽ അതുവെറും സത്യപ്രതിജ്ഞാ ലംഘനം മാത്രമല്ല. അയാൾക്ക് എം. എൽ. എ. യോ മന്ത്രിയോ ആയി തുടർന്നുകൂടെന്നു മാത്രമല്ല അയാളെ ഉടൻതന്നെ കയ്യാമംവെച്ച് കൽത്തുറുങ്കിലടയ്ക്കേണ്ട നിയമം ഈ രാജ്യത്തുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ രാഷ്ട്രീയ പാർട്ടിക്കും ഈ രാജ്യത്തിന്റെ അഖണ്ഡ

LIBRARY ARCHIVES Kerala Legislative Assembly

തയിൽ എന്തെങ്കിലും ബഹുമാനമുണ്ടെങ്കിൽ ഇൻഡ്യയുടെ അഖണ്ഡത യ്ക്കെതിരായി സംസാരിക്കുകയും പ്രചരണം നടത്തുകയും ചെയ്ത ആളിനെ, അയാൾ എത്ര ഉന്നതനായാലും ശരി ഉടൻതന്നെ കയ്യാമംവെച്ച് കൽത്തുറുങ്കിലടയ്ക്കണം.

മൂലനിയമത്തിൽനിന്ന് വ്യത്യസ്ഥമായി വന്നത് വകുപ്പ് 10 (എ) ആണ്. ബഹുമാനപ്പെട്ട കെ. വി. സുരേന്ദ്രനാഥ് അത് മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തി. 10 (എ) യിലെ 6-ാം ഉപവകുപ്പനുസരിച്ച് ഈ ഗവൺമെൻറ് നിലനിൽക്കുന്നത് ആർക്കുവേണ്ടിയാണ്? ആ വകുപ്പ് ഞാൻ വായിക്കാം.

Notwithstanding anything contained in the Industrial Disputes Act, 1947 (Central Act 14 of 1947), or in any other law for the time being in force, any person whose service becomes terminated or whose terms and conditions of employment have been altered in pursuance of the provisions of this section, shall not be entitled to any compensation under this Act or under any other law for the time being in force and no such claim shall be entertained by any Court, Tribunal or other authority.

ഒരു തൊഴിലാളിക്ക് ഇഷ്ടംപോലെ ശമ്പളം വ്യത്യാസപ്പെടുത്തി കൊടുക്കാം എന്നുപറയുന്ന വകുപ്പാണ് 10 (എ) യിലെ 2-ാം വകുപ്പ്. അതിനുശേഷം ആ തൊഴിലാളിക്ക് തൻെറ അവകാശം ക്ലെയിം ചെയ്യാൻ കഴിയുകയില്ല. ആ അവകാശം ഒരു കോടതിക്കും ഒരു ട്രൈബ്യൂണലിനും റെയിസ് ചെയ്യാൻ പാടില്ലെന്നു പറയുന്ന വകുപ്പ് മാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എൻെറ വാക്കുകൾ ഉപസംഹരിക്കുന്നു.

ക്ലോഷർ മോഷൻ

ഡോ. കെ. സി. ജോസഫ്: സർ, ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഈ ബില്ലിൻെറ ചർച്ച ഒന്നര മണിക്ക് അവസാനിപ്പിക്കണമെന്നു അംഗീകരിച്ചിട്ടുള്ളതുകൊണ്ട് ഈ ബില്ലിൻെറ ചർച്ച അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ക്ലോഷർ മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

ക്ലോഷർ മോഷൻ വോട്ടിനിട്ട് സഭ അംഗീകരിച്ചു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഇവിടെ നടന്ന ചർച്ചകൾക്ക് 15 മിനിറ്റ് കൊണ്ട് മറുപടി പറയാൻ സാധിക്കുമോ എന്ന് എനിക്കു സംശയമുണ്ട്. ഇവിടെ നടന്ന ചർച്ചകളിൽ പങ്കെടുത്ത പല ബഹുമാനപ്പെട്ട മെമ്പർമാരുടേയും പ്രസംഗങ്ങളിൽ പരാമർശിക്കപ്പെട്ടത് അവരുടെ മനസ്സിൽ ഊറിനിന്ന ചില തത്വങ്ങൾ മാത്രമായിരുന്നു. ബഹുമാനപ്പെട്ട ഉണ്ണി ഇതു നിരാകരിക്കണമെന്ന ഒരു പ്രമേയവും അവതരിപ്പിച്ചു. ഇതു നിരാകരിക്കുകയാണെങ്കിൽ എന്താണ് ഇവിടെ ഉണ്ടാകാൻ പോകുന്നത്? സ്വകാര്യമേഖലയിൽ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനുവേണ്ടി ഗവൺമെൻറ് എടുത്ത തീരുമാനം ഇല്ലാതാകുകയും 3400-ൽ പരം പേർക്കു തൊഴിലില്ലാതാകുകയും ചെയ്യുന്നു എന്നു മാത്രമല്ല ഫാക്ടറികൾ മുതലാളിമാർക്കു തിരിച്ചുകൊടുക്കണമെന്ന നിലയും വരും. ബഹുമാനപ്പെട്ട ഉണ്ണി ഇവിടെ കുറേ തത്വങ്ങൾ പറഞ്ഞു. ആ തത്വങ്ങൾ ബഹുമാനപ്പെട്ട ഉണ്ണികൂടി മന്ത്രിയായിരുന്ന മന്ത്രിസഭയ്ക്കു ഇവിടെ നടപ്പി

LIBRARY ARCHIVES Kerala Legislative Assembly

ലാക്കാൻ കഴിഞ്ഞോ ? ബഹുമാനപ്പെട്ട ഉണ്ണിക്ക് അംഗത്വമുണ്ടായിരുന്ന മന്ത്രിസഭ ഇവിടെ ഉണ്ടായിരുന്നപ്പോഴും കുത്തകസംരേണം ഉണ്ടായിരുന്നിട്ടും 65 ദിവസത്തെ തൊഴിൽ മാത്രമാണ് കശുവണ്ടിവികസന കോർപ്പറേഷന് നൽകാൻ സാധിച്ചത്. സഹകാര്യമേഖല 30-35 ദിവസത്തെ ജോലിയാണ് കൊടുത്തത്. അന്നു കശുവണ്ടിഫാക്ടറികളെല്ലാം സംസ്ഥാനത്തിനു വെളിയിൽ പോയി. കുത്തകസംരേണം വേണ്ടെന്നുവെച്ച ഇന്നത്തെ ഈ ചുറ്റുപാടിൽ കശുവണ്ടിരംഗത്തു കൂടുതൽ സജീവമായി പ്രവർത്തനം നടക്കുന്നു. അതിന്റെ ഫാക്റ്റ്സ് ആൻഡ് ഫിഗേഴ്സ് ഇന്നലെ പറഞ്ഞതുകൊണ്ട് വീണ്ടും ഇന്ന് ആവർത്തിക്കുന്നില്ല. പൂട്ടിക്കിടക്കുന്ന ഫാക്ടറികളുടെ ഉടമകളെ വിളിച്ച് നിശ്ചിതസമയത്തിനകം അതു തുറക്കണമെന്നു ഗവൺമെന്റ് പറയുന്നു. അങ്ങനെ തുറക്കാതിരിക്കുന്ന ഫാക്ടറികളെ ഏറ്റെടുത്തുനടത്താൻ വേണ്ടി പ്രഗൽഭനായ ശ്രീ. ടി. വി. തോമസ് ഒരു ചർച്ചയുമില്ലാതെ ഏതാനും മിനിട്ടുകൊണ്ട് ഒരു നിയമം ഈ സഭയിൽ പാസ്സാക്കിയെടുത്തു. ആ നിയമം നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ആർക്കെങ്കിലും തർക്കം ഉണ്ടോ ? ആ നിയമത്തിൽ ആവശ്യമുള്ള ചില മാറ്റങ്ങളും വരുത്തി. ഏറ്റെടുക്കുമ്പോൾ കോമ്പൻസേഷൻ കൊടുക്കണമെന്നുള്ളതാണ് ഒരു മാറ്റം. അന്നത്തെ ഫാക്ടറികളുടെ വിലയാണോ ഇപ്പോഴുള്ളത് ? അതു നിജപ്പെടുത്തേണ്ടത് ഡിസ്ട്രിക്റ്റ് കളക്ടറാണ്. അതേയവസരത്തിൽ കശുവണ്ടി കോർപ്പറേഷനെ പുനരുജ്ജീവിപ്പിക്കുന്നതിനു പകരം ഒരു മാർക്കറ്റിംഗ് ഫെഡറേഷനേയോ ഒരു സഹകരണസ്ഥാപനത്തേയോ വച്ചു. ഏതെങ്കിലും ഒരവസരത്തിൽ സഹകരണസംഘങ്ങൾ നടപ്പിലാകാതെ വരികയോ അല്ലെങ്കിൽ വല്ല പ്രശ്നവും ഉണ്ടാകുകയോ ചെയ്താൽ മാർക്കറ്റിംഗ് ഫെഡറേഷനെ ഏൽപ്പിക്കണം. അല്ലാതെ മാർക്കറ്റിംഗ് ഫെഡറേഷനെ രംഗത്ത് കൊണ്ടുവരികയെന്നുള്ളതല്ല ഉദ്ദേശം. ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് അതു മനസ്സിലാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇതു കാപ്പെക്സിനെ പുനരുജ്ജീവിപ്പിക്കുക മാത്രമാണ്. അതിന്റെകൂടെ മാർക്കറ്റിംഗ് ഫെഡറേഷൻകൂടി വച്ചു എന്നു മാത്രമേയുള്ളൂ. അപ്പോൾ മാർക്കറ്റിംഗ് ഫെഡറേഷൻ അല്ലെങ്കിൽ കാപ്പെക്സിനെ പുനരുജ്ജീവിപ്പിക്കുകയും തൊഴിലാളിക്കുണ്ടായിരുന്ന ആനുകൂല്യങ്ങൾ നിലനിർത്തുകയുമാണ് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സബ്ജക്റ്റ് കമ്മിറ്റിയിൽവച്ചു കൂടുതൽ ഡിസ്കഷൻ നടത്താം.

സർ, തൊഴിലാളികളുടെ ഒരവകാശവും എടുത്തു കളഞ്ഞിട്ടില്ലെന്നു മാത്രമല്ല ആ അവകാശം പൊയ്പ്പോകാതിരിക്കുന്നതിനുള്ള സംരക്ഷണ നടപടികളും എടുത്തിട്ടുണ്ട്. സഹകരണ സംഘം എന്നുള്ളത് ഒരു കോർപ്പറേഷനല്ല. ഏതൊരു തൊഴിലാളിക്കും അതിൽ അംഗത്വമുണ്ടായിരിക്കും അംഗത്വമുള്ള തൊഴിലാളികൂടി ഉൾപ്പെട്ട സംഘമാണത്. എങ്ങനെ ചെയ്യണം, പ്രവർത്തനമെന്തായിരിക്കണം, വേതനം എന്തായിരിക്കണം എന്നീ വ്യവസ്ഥകൾ തീരുമാനിക്കേണ്ടത് ഈ സഹകരണ സംഘങ്ങളാണ്. അത് സഹകരണ നിയമത്തിൽതന്നെയുള്ള അവകാശങ്ങളാണ്. ഭാവിയിലുള്ള കാര്യങ്ങൾ സഹകരണസംഘം തീരുമാനിക്കണമെന്നല്ലാതെ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. തൊഴിലാളികളുടെ അവകാശം സംരക്ഷിച്ചുവെന്നതിനുപകരം അതു ദോഷകരമാണെന്ന് ആർക്കെങ്കിലും തോന്നുകയാണെങ്കിൽ സബ്ജക്റ്റ് കമ്മിറ്റിയിൽവച്ച് ചർച്ച ചെയ്യാവുന്നതാണ്. ഇത്രയും പുരോഗമനപരമായ ഒരു നിയമം ഇവിടെ കൊണ്ടുവരുമ്പോൾ തൊഴിലാളികളുടെ മനോഭാവത്തെക്കുറിച്ച് ആലോചിക്കണം. വാസ്തവത്തിൽ വളരെ മിതമായ ഭാഷയിൽ പറഞ്ഞാൽ (കൃതഘ്നതയെന്നോ ധിക്കാര

LIBRARY ARCHIVES Kerala Legislative Assembly

മെന്നോ പറഞ്ഞാലും വിരോധമില്ല). ഇവിടെ തൊഴിലാളികൾക്കുവേണ്ടി സഹകരണ സംഘങ്ങൾ സ്ഥാപിച്ച് ഒരു പ്രാഥമിക സഹകരണ സംഘത്തിലെ തൊഴിലാളിയുടെ ഷെയർ 200 ക. യാണ്. 200 ക. യിൽ ഒരു തൊഴിലാളി നൽകുന്നത് 25 രൂപ മാത്രം. 175 ക. സംസ്ഥാന ഗവൺമെൻറ് കടമായി കൊടുക്കുന്നു. ആ 200 ക. അങ്ങനെ സ്വരൂപിച്ചു കഴിഞ്ഞാൽ അതിൻെറ മൂന്നിരട്ടി (600 ക.) സംസ്ഥാന ഗവൺമെൻറിൻെറ ഷെയർ പാർട്ടിസിപ്പേഷൻ ഉണ്ട്. ഈ നിയമപ്രകാരം ഏതെങ്കിലും കശുവണ്ടി ഫാക്ടറി ഏറെടുത്ത് ആ സഹകരണസംഘത്തിലുള്ള തൊഴിലാളിക്ക് ഈ പറയുന്ന ആനുകൂല്യങ്ങളൊക്കെ കൊടുക്കുന്നതോടൊപ്പം ആ ഫാക്ടറിയുടെ റിപ്പയറിംഗിന് ആവശ്യമായ 80,000 രൂപ കൂടെ സ്വരൂപിച്ചുകൊടുക്കും.

സർ, കാപ്പെക്സിന് ഗവൺമെൻറ് കൊടുത്ത ആനുകൂല്യങ്ങളെ സംബന്ധിച്ചുകൂടി രണ്ടു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആകെ 28 ലക്ഷം രൂപ ഇതുവരെ ഗവൺമെൻറ് കാപ്പെക്സിനു നൽകി. കശുവണ്ടി വാങ്ങിക്കാൻ വായ്പയായി ഒരു കോടി രൂപ അഡ്വാൻസ് നൽകി. കേരള ടോഡി വെൽഫെയർ ഫണ്ടിൽനിന്നും 2.8 കോടി രൂപ ഗവൺമെൻറു ഗാരണ്ടിനിന്നുകൊണ്ട് വായ്പ കൊടുത്തു. മൂന്നുകോടി രൂപ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വായ്പ എടുക്കാൻ ഗവൺമെൻറ് ഗാരണ്ടി നിന്നു. ഈ സ്ഥാപനം നല്ലനിലയ്ക്ക് നടത്തിക്കൊണ്ടുപോകുന്നതിന് ഗവൺമെൻറ് എല്ലാ സഹായവും ചെയ്തിട്ടുണ്ട്. ഗവൺമെൻറ് അതിലെ യാതൊരു കാര്യത്തിലും ഇടപെട്ടിട്ടില്ല. ഗവൺമെൻറിന് അതിൽ നിർബന്ധമുണ്ട്.

ഞാൻ ചോദിക്കട്ടെ, കശുവണ്ടിവികസനകോർപ്പറേഷനിൽ ഇത്രയും ഭീമമായ നഷ്ടം വന്നത് ഈ ഗവൺമെൻറ് വന്നതിനുശേഷമാണോ? ഇന്നലെ ഇവിടെ പറഞ്ഞു, 25 കോടിയിൽപ്പരം രൂപയുടെ വായ്പ ഇകഫിററിയായിട്ട് മാറിയെന്ന്. ഇത് എപ്പോഴുണ്ടായ നഷ്ടമാണ്? ആരുടെ കാലത്തു വന്ന നഷ്ടമാണ്.

ശ്രീ. ബേബിജോൺ: സർ, ഗവൺമെൻറ് ഒരു പോളിസി ഡിസിഷൻ എടുത്ത് ഇംപ്ലിമെൻറ് ചെയ്തതുകൊണ്ടാണ് കേരള കാഷ്യൂ ഡെവലപ്മെൻറ് കോർപ്പറേഷനിൽ നഷ്ടം വന്നത് എന്നറിയാമോ?

ശ്രീ. ഇ. അഹമ്മദ്: സർ, ആ പോളിസിയിൽ അബദ്ധം സംഭവിച്ചുവെന്ന് അങ്ങിപ്പോഴും വ്യംഗ്യമായി സമ്മതിച്ചല്ലോ.

ശ്രീ. ബേബിജോൺ: ഗവൺമെൻറിൻെറ തീരുമാനത്തിനെതിരായി വേറെയൊരു ഡിസിഷനെടുത്ത് ഇംപ്ലിമെൻറ് ചെയ്യാൻ നോക്കുമ്പോഴാണ്.....

ശ്രീ. ഇ. അഹമ്മദ്: സർ, അതുകൊണ്ടാണ് ഞാൻ പറയുന്നത് അന്നത്തെ നയത്തിൽ അങ്ങനെയൊരു തീരുമാനം എടുത്തു, ഇനിയും കാഷ്യൂ കോർപ്പറേഷനിൽ കൂടുതൽ ഉത്തരവാദിത്വങ്ങളും ഇല്ലാതെയിരിക്കണം. എന്നാൽ ഈ ഫാക്ടറികളും എടുത്തു നടത്തുകയും വേണം. ഈ ഫാക്ടറികളും എടുത്തുനടത്തുന്നതിന് ഇത് സഹകരണ മേഖലയിൽ കൊണ്ടുവരണം. അതിനുള്ള വ്യവസ്ഥകളാണ് ഇതിൽ കൊണ്ടുവന്നത്. ഇത്രയും നല്ല ഒരു തീരുമാനം എടുത്തപ്പോൾ അതിനെതിരായി പല ആരോപണങ്ങളും പറയുന്നതിൽ എനിക്ക് വാസ്തവത്തിൽ സങ്കടമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങിനെ പറയരുതെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഈ നിയമത്തിന്റെ പ്രത്യേകതകളും നാം മനസ്സിലാക്കണം. കശുവണ്ടി രംഗത്ത് തൊഴിലാളിക്ക് കൂടുതൽ തൊഴിൽ ലഭിക്കണം. ഇവിടെ ബോണസിനെക്കുറിച്ച് പറഞ്ഞു. ഞാൻ ചോദിക്കട്ടെ, കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സ്ഥിതിയെന്താണ്? 35 ദിവസം തൊഴിലാളിക്ക് ജോലി കിട്ടി. തൊഴിലാളിക്ക് ഒരു ദിവസം 14 രൂപവച്ച് ലഭിക്കുന്നു. അതേ അവസരം അവിടത്തെ സ്റ്റാഫ് എത്ര ദിവസം ജോലി ചെയ്യുന്നു? പക്ഷേ 500 രൂപ വീതം റിട്ടേൺസ എഴുതി കൊടുക്കുന്നു.

അതുപോലെതന്നെ ഇപ്പോൾ 3400 തൊഴിലാളികൾ പ്രവൃത്തിയെടുക്കുന്ന കാപ്പെക്സിൽ സ്റ്റാഫിന്റെ പണിമുടക്കംകൊണ്ട് അവർക്ക് ജോലിയില്ല. 126 ദിവസം ജോലിചെയ്യുന്ന തൊഴിലാളിക്ക് കിട്ടുന്നത് 14 രൂപവച്ചാണ്. 121 ദിവസം ജോലിചെയ്യുന്ന സ്റ്റാഫംഗങ്ങൾ വാങ്ങുന്ന ശമ്പളവും അലവൻസും, 126 ദിവസം ജോലി ചെയ്യുന്ന തൊഴിലാളികൾ വാങ്ങിക്കുന്ന ശമ്പളവും തമ്മിൽ എത്ര വ്യത്യാസമാണ്. തൊഴിലാളിക്ക് കൊടുക്കണം എന്നു പറഞ്ഞാൽ മനസ്സിലാക്കാം. അവിടെയുള്ള സ്റ്റാഫിന് കുറച്ച് ആനുകൂല്യങ്ങൾ കിട്ടാൻവേണ്ടി അവരെ പണിമുടക്കിനു സഹായിക്കുന്നവർ ആരായാലും (ആരാണെന്ന് ഞാൻ പറയുന്നില്ല) തൊഴിലാളികളോട് ചെയ്യുന്നത് സങ്കടമാണ്.

ഇവിടെ കാപ്പെക്സിനെപ്പറ്റി പറഞ്ഞു. അക്കൂട്ടത്തിൽ വ്യക്തിവിദ്വേഷം കാണിക്കുന്നുവെന്നും അത് തെറ്റാണെന്നും പറഞ്ഞു. മാർച്ച് മാസം കാപ്പെക്സ് റീസ്ട്രക്ചർ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചു. അതിനിടയ്ക്ക് എന്റെ ബഹുമാന്യനായ സ്നേഹിതൻ ശ്രീ. കൃഷ്ണകുമാറിനെപ്പറ്റി ശ്രീ. ഏ. വി. താമരാക്ഷൻ ചില പരാമർശങ്ങൾ നടത്തി. അദ്ദേഹം അങ്ങനെയുള്ള ദുർവ്വിനിയോഗങ്ങളൊന്നും നടത്തിയതായി കണക്കുകളൊന്നും കാണിക്കുന്നില്ല. ഒരാൾ ഒരു ആരോപണം ഉന്നയിച്ചാൽ അതിനെക്കുറിച്ച് എനിക്ക് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഉദാഹരണമായി അദ്ദേഹം പതിനായിരക്കണക്കിനു രൂപയുടെ ടി. എ. വാങ്ങിയെന്നു പറഞ്ഞു. അദ്ദേഹം ആകെ വാങ്ങിയ ടി. എ. 9279·85 രൂപയാണ്. പതിനായിരം രൂപതന്നെയായിട്ടില്ല. അദ്ദേഹത്തിന് കാറുണ്ട്, ഡ്രൈവറുണ്ട് എന്നൊക്കെപറഞ്ഞു. കാപ്പെക്സിന് കാറും ഡ്രൈവറുമുണ്ട്. ചിലപ്പോൾ ചെയർമാൻ അതു ഉപയോഗിച്ചുവെന്ന് വരും. ഇതാണ് ആകെപ്പാടെയുള്ളത്. വീട് വാടകക്കെടുത്തതിൽ ആകെപ്പാടെ കൊടുത്തിട്ടുള്ളത് 450 രൂപ മാത്രം. അമ്പതിനായിരമെന്നൊക്കെ പറഞ്ഞു. അത് തെറ്റാണ്. അത്രയൊന്നും വാങ്ങിയിട്ടില്ല. ഫർണീച്ചറിനും മറ്റുമായി ചെലവാക്കിയിട്ടുള്ളത് 17,937 രൂപയാണ്. അത് കൃഷ്ണകുമാറിനെന്നല്ല കാപ്പെക്സിൽ ചെയർമാനായി ആരാണോ വരുന്നത് അവർക്കുവേണ്ടി ഒരു വാടകവീടെടുത്ത് അത് ഫർണിഷ് ചെയ്തതാണ്. അതിനെക്കുറിച്ചു പറഞ്ഞതും ശരിയല്ല.

പിന്നെ പി. ആർ. ഒ. യെക്കുറിച്ച് ഇവിടെ പറഞ്ഞു. അവിടെ പി. ആർ. ഒ. ഇല്ല. അദ്ദേഹം അങ്ങനെ യാതൊന്നും ചെയ്തിട്ടില്ല. കൃഷ്ണകുമാർ ചെയർമാനായിട്ടുള്ള ബോർഡ് പിരിച്ചുവിട്ടത്, മുസ്ലീം ലീഗും കോൺഗ്രസ്സും (ഐ) തമ്മിൽ വൈരാഗ്യമുള്ളതുകൊണ്ടാണെന്നു ചിത്രീകരിക്കാൻ ശ്രമിക്കുന്നതിനുവേണ്ടിയാണെങ്കിൽ ഈ പരിപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ഐക്യജനാധിപത്യമുന്നണിയിൽ വേവുകയില്ലെന്ന് മനസ്സിലാക്കണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മന്ത്രിസഭയിലെ ഒരംഗം ഒരു തീരുമാനമെടുത്താൽ അതു ഗവൺമെന്റ് തീരുമാനമാണ്. അതുകൊണ്ട് ഇത്തരം കുറ്റാരോപണങ്ങളൊന്നും പാടില്ല.

ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി ഇവിടെ പറയുകയുണ്ടായി പുതിയ ഫാക്ടറികൾക്ക് ലൈസൻസ് കൊടുത്തുവെന്ന്. പുതിയ ഫാക്ടറികൾക്ക് ഒന്നുംതന്നെ ഗവൺമെന്റ് ലൈസൻസ് കൊടുത്തിട്ടില്ല. നിലവിലുള്ള ഫാക്ടറികളുടെ ലൈസൻസ് റിന്യൂ ചെയ്യണം. റിന്യൂ ചെയ്യേണ്ടത് നിർബന്ധവുമാണ് അത് ചട്ടപ്രകാരം ചെയ്തെന്ന് മാത്രമേയുള്ളൂ. ഗവൺമെന്റിലെ മന്ത്രിമാർക്കെതിരായി ഗവൺമെന്റ് നിയന്ത്രണത്തിലുള്ള കാപ്പെക്സിലെ ചെയർമാനെതിരായി ഇവിടെ ദുരുദ്ദേശപരമായി ആരോപിച്ചിട്ടുള്ള എല്ലാ ആരോപണങ്ങളും പിൻവലിക്കണമെന്നും ഈ ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1984-ലെ, കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതിബിൽ വ്യവസായവും ധാതുക്കളും എന്ന 4-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1985 സെപ്റ്റംബർ 11-ാം തീയതി ബുധനാഴ്ച രാവിലെ 8-30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കു ശേഷം 1-30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly